● വാർഷിക വരിസംഖ്യ: ₹ 60

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2024 ● സെപ്റ്റംബർ - ഒക്ടോബർ ● പുസ്തകം: 07 ● ലക്കം: 05 ● RNI Regn No: KERMAL/2017/73545

## പ്രതീക്ഷിക്കാൻ ഒന്നുമില്ലാത്തപ്പോഴും

# പ്രത്യാശ പകരുന്നവൾ

**പ്രത്യാശ നഷ്ടപ്പെടുത്തുന്ന സംഭവങ്ങളും, സാഹചര്യങ്ങളും പെരുകുന്ന ആധുനിക കാലഘട്ടത്തിൽ ക്രിസ്തീയ പ്രത്യാശയുടെ മാതൃകയും മാർഗവുമായി തിരുസഭ പരിശുദ്ധ മറിയത്തെ അവതരിപ്പിക്കുന്നു**





### കവർ സ്റ്റോറി

ഷെവ. ബെന്നി പുന്നത്തറ

2020 ജൂൺ 20-ന് ഫ്രാൻസിസ് പാപ്പാ മാതാവിന്റെ ലുത്തിനിയായിൽ മൂന്നു പ്രാർത്ഥനകൾ കൂടി കൂട്ടിച്ചേർക്കുകയുണ്ടായി. അവയിലൊന്നാണ് 'പ്രത്യാശയുടെ മാതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ' എന്നത്. ബെനഡിക്റ്റ് പതിനാറാമൻ പാപ്പാ എഴുതിയ 'പ്രത്യാശയിൽ രക്ഷ' (SPE SALVI) എന്ന ചാക്രിക ലേഖനത്തിൽ പരിശുദ്ധ മറിയത്തെ 'പ്രത്യാശാ താരകം' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നതും. പ്രത്യാശ നഷ്ടപ്പെടുത്തുന്ന സംഭവങ്ങളും, സാഹചര്യങ്ങളും പെരുകുന്ന ആധുനിക കാലഘട്ടത്തിൽ ക്രിസ്തീയ പ്രത്യാശയുടെ മാതൃകയും മാർഗവുമായി തിരുസഭ പരിശുദ്ധ മറിയത്തെ അവതരിപ്പിച്ചിരിക്കുകയാണ്.

ഇരുൾമൂടിയ ജീവിതത്തിൽ, പ്രതീക്ഷിക്കുവാനൊന്നുമില്ലാത്തപ്പോഴും പ്രത്യാശയുടെ കിരണങ്ങളുമായി പരിശുദ്ധ മറിയം കടന്നുവന്ന നിരവധി സംഭവങ്ങൾ സഭയുടെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവയിലൊന്നാണ് എഡി 40-ൽ സ്പെയിനിൽ സംഭവിച്ചത്. യാക്കോബ് ശ്ലീഹായുടെ സ്പെയിനിലെ സുവിശേഷ പ്രവർത്തനം ഫലരഹിതമായിതീർന്നപ്പോൾ അദ്ദേഹം മനസ് മടുത്തു നിരാശനായി. ഒരു ദിവസം സരഗോസായിൽ ഏബ്രോ നദിയുടെ തീരത്ത് ഇനിയും എന്ത് ചെയ്യണമെന്നറിയാതെ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ പരിശുദ്ധ അമ്മ ഒരു സ്തൂപത്തിന്റെ മുകളിലായി പ്രത്യക്ഷയായി. യേശുവിനെ കൈകളിൽ എടുത്തിരിക്കുന്ന തന്റെ ഒരു ചെറിയ രൂപം യാക്കോബ് ശ്ലീഹായ്ക്കു സമ്മാനിച്ച് പരിശുദ്ധ അമ്മ മറയുകയും ചെയ്തു. ആ ദർശനം യാക്കോബ് ശ്ലീഹായുടെ തളർച്ച നീക്കി ആത്മധൈര്യം പകർന്നു. പുതിയ പ്രതീക്ഷകൾ നാമ്പെടുത്തു. തുടർന്നുള്ള യാക്കോബ് ശ്ലീഹായുടെ പ്രവർത്തനം പൂർണമായ വിജയത്തിലെത്തുകയും സ്പെയിനെ കർത്താവിനായി നേടുകയും ചെയ്തു. കാറ്റും കോളും നിറഞ്ഞ സമുദ്രത്തിൽ വഴി അറിയാൻ കഴിയാതെ ഉഴലുമ്പോഴും തിരമാലകളുടെ മുൻപിൽ പതറുമ്പോഴും വഴികാട്ടുന്ന, രക്ഷയുടെ തീരത്തേക്കു നയിക്കുന്ന 'സാഗര താരക'മായി മാതാവ് പ്രകീർത്തിക്കപ്പെടുന്നതിന്റെ പിന്നിലും നിരവധി സംഭവങ്ങളുണ്ട്. എന്നാൽ പരിശുദ്ധ മറിയം നമുക്ക് പ്രത്യാശയുടെ മാതാവായിത്തീരുന്നത് അവളുടെ ഭൂമിയിലെ ജീവിതം കൊണ്ടാണ്.

പേജ് 3-ൽ തുടരുന്നു ▸

### തിരിച്ചു പിടിക്കണം വിലങ്ങാടിനെ...



മലവെള്ളപ്പാച്ചിലിന്റെ കലിതുള്ളലിൽ പകച്ചു നിൽക്കുകയാണ് ഒരു നാട്. വിലങ്ങാട്, മഞ്ഞക്കുന്ന്, പാലൂർ പ്രദേശങ്ങളിൽ നാശം വിതച്ച് മലവെള്ളം ഒഴുകിയിറങ്ങിയപ്പോൾ 100 ഹെക്ടറോളം കൃഷിഭൂമി നാമാവശേഷമായി. വീടുകളും പാലങ്ങളും റോഡുകളും തകർന്നു. ഈ പ്രദേശത്തിന്റെ വീണ്ടെടുപ്പിനായി ഒറ്റക്കെട്ടായ് നമുക്ക് പരിശ്രമിക്കാം

വിശദമായി വായിക്കാം: പേജ് 8-9

JEREMIAH
Mentoring The Future
International Academy

JEREMIAH INTERNATIONAL ACADEMY

OET IELTS

GERMAN | MOH | HAAD | CBT | PROMETRIC | NCLEX-RN | STUDY ABROAD | PLACEMENT ASSISTANCE

8943 318 152
6235 318 152

KOCHI | KOZHIKODE | KOTTAYAM | WAYANAD
MYSORE & BANGALORE

## എഡിറ്റോറിയൽ

● പുസ്തകം: 7 ● ലക്കം: 5

# നാട്ടൊരുമയുടെ അതീജീവനമന്ത്രം

മലയാളിയുടെ മനസിന്റെ നന്മ തൊട്ടറിയുന്ന ദിവസങ്ങളിലൂടെയാണ് നാം കടന്നുപോകുന്നത്. ഉരുൾ ദുരന്തത്തിന് ഇരയായ വിലങ്ങാട്ടിലെയും വയനാട്ടിലെയും സഹജരുടെ സങ്കടങ്ങളോടു ചേർന്ന് നൊമ്പരപ്പെടുക മാത്രമല്ല, ആ നാടുകളെ പണിതുയർത്താൻ ഏവരും കൈകോർക്കുകയും ചെയ്യുന്നു.

ദുരന്തഭൂമിയിൽ സമർപ്പിത ദൗത്യം നടത്തുന്നവരുടെ മുമ്പിൽ ഈ ദേശം മുഴുവൻ തൊഴുകൈകളോടു കൂടിയാണ് നിൽക്കുന്നത്. ദുരന്തബാധിതപ്രദേശങ്ങളിൽ ജീവിതവും മരണവും ആഴ്ചകളോളമായി കണ്ടെടുക്കുന്നവർ, കഠിനവ്യഥ അനുഭവിക്കേണ്ടി വന്നവരെ ചേർത്തുനിർത്തി നിങ്ങൾ ഒറ്റയ്ക്കല്ല ഞങ്ങൾ കൂടെയുണ്ടെന്ന് ഹൃദയസ്വരത്തിൽ പറയുന്നവർ, സഹോദരസ്നേഹം നിറഞ്ഞ് നിസ്വാർത്ഥതയോടെ കരങ്ങൾ കോർക്കുന്നവർ, ഇവരെയൊക്കെയും സ്നേഹം കൊണ്ടു മാത്രമേ ആദരിക്കാൻ സാധിക്കൂ. ഈ മണ്ണിൽ നിന്നു സ്നേഹവും കരുണയും ഒരു കാലത്തും വറ്റിപ്പോകുന്നില്ലയെന്ന് ഈ ജീവിതചിത്രങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു.

സഹജീവിസ്നേഹത്തിന്റെയും മനുഷ്യത്വത്തിന്റെയും വില തിരിച്ചറിയുന്നവർ ഈ സമൂഹത്തിന്റെ സൗഭാഗ്യമാണ്. ഒരുമയുടെ അതിജീവന മനോഹാരിത എന്നും നമ്മോടു കൂടെയുണ്ടായിരിക്കട്ടെ.

ഉരുളിനെ അതിജീവിക്കുന്ന കാരുണ്യ പ്രവാഹമാണ് ഈ ദിവസങ്ങളിൽ നാം കാണുന്നത്. ഇത് ദാനമായി നൽകപ്പെടുന്നതല്ല. ആ ജനതക്ക് അർഹതപ്പെട്ടതാണ്. അത് ഒരുക്കി നൽകുവാൻ നാമെല്ലാം ബാധ്യസ്ഥരാണ്. ഒരു പ്രദേശത്തിനും ദേശവാസികൾക്കും ആവശ്യമായിവരുന്ന അടിസ്ഥാന സൗകര്യമേഖലകളുണ്ട്. അതിനെ അവഗണിക്കാതെ ഗുണപരമായ രീതിയിൽ പുനരധിവാസം സമയബന്ധിതമായി പൂർത്തീകരിക്കണം.

മാധ്യമശ്രദ്ധയും ഈ ആവേശവും പോയിക്കഴിഞ്ഞാലും ദുരന്തബാധിതരുടെ അവകാശങ്ങൾ നഷ്ടപ്പെടാതെ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. കേരളക്കരയിലെ മുൻകാല പ്രകൃതി ദുരന്ത പുനരധിവാസ പ്രവർത്തനങ്ങൾ വളരെ ശോചനീയമാണ്. 'സർക്കാർ കാര്യം മുറപോലെ' എന്ന പേരുദോഷം ദുരന്തയിടങ്ങളിൽ നിന്ന് ഇനിയെങ്കിലും ഒഴിവാക്കണം.

ദുരന്തപ്രദേശങ്ങളിലേക്കൊഴുകുന്ന കാരുണ്യം തടസ്സമില്ലാതെ അർഹിക്കുന്നവരിലേക്ക് ഒഴുകാൻ ചാലുകൾ ഒരുക്കപ്പെട്ടട്ടെ.

# ദുരന്തങ്ങളെ തോൽപിക്കുന്ന സാഹോദര്യം

## ഇടയശബ്ദം



മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

രാജ്യം കണ്ട ഏറ്റവും വലിയ ദുരന്തങ്ങളിലൊന്നിന്റെ ആഘാതത്തിലാണ് കേരളം. വാക്കുകൾക്കതീതമായ സങ്കടക്കടലിലാണ് നാടുമുഴുവൻ. ഒരു രാത്രി ഇരുട്ടി വെളുത്തപ്പോൾ വിലങ്ങാടിലെയും മഞ്ഞക്കുന്നിലെയും ചൂരൽമലയിലെയും മുണ്ടക്കൈയിലെയും മലഞ്ചെരിവുകൾ കണ്ണീരിന്റെ താഴ്വരയായി മാറി. ഇതുവരെ ശരിയായ ദുരന്ത വ്യാപ്തി നിശ്ചയ്ക്കാൻ കഴിയാത്ത ഈ ഇടങ്ങളിൽ സഹോദര്യത്തിന്റെ രക്ഷാകരങ്ങളാണ് ഈ ദിവസങ്ങളിൽ നാം കാണുന്നത്.

ദുരന്ത ഭൂമിയിൽ ജീവൻ കയ്യിൽ പിടിച്ച് പ്രതികൂല സാഹചര്യങ്ങളെ തൃണവൽഗണിച്ച് പ്രതീക്ഷയോടെ ദുരന്ത ഭൂമിയിലേക്കിറങ്ങാൻ രക്ഷാപ്രവർത്തകരും നാട്ടുകാരും രാവും പകലും കാണിച്ച സന്മനസ്സ് ഈ നാടിന് മാതൃകയാണ്.

പരിസ്ഥിതിലോല മേഖലകളെ കരുതലോടെ കാക്കുന്ന കർഷകരുടെ സന്മമനസ്സിനെ പഴി പറയാതെ പശ്ചിമഘട്ടത്തെ സംരക്ഷിക്കുവാൻ നടപടികളെടുക്കാം. ഓരോ ദുരന്തവും അതിനെ നേരിടാനുള്ള ശേഷി അളക്കുന്ന പരീക്ഷ കൂടിയാണ്. ഏതു സാഹചര്യത്തെയും എത്രയും വേഗം നേരിടാനുള്ള ദുരന്ത നിവാരണ സംവിധാനങ്ങൾ ഒരുക്കണം.

വയനാട്ടിലും വിലങ്ങാട്ടും രക്ഷാപ്രവർത്തനത്തിലുണ്ടായ ആദരണീയമായ നാട്ടൊരുമ എന്നും കാത്തുസൂക്ഷിക്കണം. ദുരന്തത്തിൽ ജീവൻ വെടിഞ്ഞവരുടെ ഉറ്റവരെയും ഉരുൾപൊട്ടലിൽ നാശനഷ്ടങ്ങളുണ്ടായവരെയും സ്നേഹസഹോദര്യത്തോടെ ചേർത്ത് പിടിക്കുകയാണ് നാം ചെയ്യേണ്ടത്. അവർ ഒറ്റയ്ക്കല്ലെന്നും നാം ഒപ്പമുണ്ടെന്നും ഹൃദയപൂർവ്വം പറയാം.

കൊച്ചുകൊച്ചു കാര്യങ്ങളുടെ പേരിൽ മലയാളിമനസിൽ ചിലപ്പോഴൊക്കെ വിവേചനത്തിന്റെ മറ വന്നുവീഴാറുണ്ട്. സ്ത്രീ-പുരുഷഭേദം, മതഭേദം, രാഷ്ട്രീയഭേദം- അങ്ങനെ മലയാളിയുടെ മനസ്സ് വിഭജിതമാകുന്ന പതിവുകാഴ്ചകൾ ഇവിടെ അപ്രത്യക്ഷമായി. പിന്നെ നാം കാണുന്നത് പോരാട്ടവീര്യമുള്ള, സാഹചര്യസമ്മർദ്ദങ്ങളെ ചെറുത്തു തോൽപ്പിക്കാൻ കെൽപ്പുള്ള ഒരു ജനതയെയാണ്. കയ്യും മെയ്യും മറന്ന് സർക്കാർ സംവിധാനങ്ങളോടും ഇതര സാമൂഹിക സംവിധാനങ്ങളോടും ചേർന്ന് അനേകം പേർ ദുരന്തഭൂമിയിൽ കർമ്മനിരതരായി. കരുതലിന്റെയും കരുണയുടെയും പക്വതയാർന്ന പാഠങ്ങൾ ലോകം നമ്മളിൽ നിന്ന് പഠിച്ചു.

പ്രകൃതിദുരന്തങ്ങൾ പഠിപ്പിക്കുന്ന നിരവധി പാഠങ്ങൾ നമ്മുടെ കൺമുമ്പിലുണ്ട്. വേർതിരിവിന്റെ മതിലുകൾ കെട്ടി മനുഷ്യന് അധികനാൾ മുന്നോട്ടു പോകാൻ ആവില്ല. ജീവൻ തിരിച്ചുകിട്ടുമോ എന്നുള്ള ഭയപ്പാടിൽ നിൽക്കുമ്പോൾ നാളിതുവരെ സ്വന്തമെന്നും സുരക്ഷിതമെന്നും വിചാരിച്ചതൊക്കെ ഉറപ്പില്ലാത്തതും രക്ഷിക്കാൻ കഴിയാത്തതുമാണെന്ന് നാം തിരിച്ചറിഞ്ഞു.

പ്രളയകാലത്ത് ദൈവസന്നിധിയിൽ ഉയർത്തപ്പെട്ട അനേകരുടെ പ്രാർത്ഥനകൾക്ക് ഉത്തരം കിട്ടിയോ? പ്രളയത്തേക്കാൾ വേഗത്തിൽ കേരളത്തിലും മലയാളിമനസ്സുകളിലും കേരളവുമായി ഇതുവരെ ബന്ധമില്ലാതിരുന്ന മനസ്സുകളിലും ഉയർന്ന കാരുണ്യം ദൈവസന്നിധിയിൽ നിന്നുള്ള മറുപടിയല്ലാതെ മറ്റെന്താണ്. നമ്മുടെ ജനങ്ങൾക്ക് ഒരേമനസ്സോടെ, ജാതി, മത രാഷ്ട്രീയ ചിന്തകൾക്കപ്പുറത്തേക്ക് ഒരേ ദിശയിൽ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും സാധിക്കണം. മനസ്സുകൾ ഒന്നിച്ചാൽ ഏതൊരു ദുരന്തത്തെയും അതിജീവിക്കുവാൻ നമുക്ക് കഴിയും. അതിജീവനത്തിന്റെ നാളുകളിൽ ഈയൊരു പാഠം ലോകത്തിന് തന്നെ പ്രചോദനമാകട്ടെ.

# ബന്ധങ്ങളിലെ കൂടും കൂട്ടും

## അകം പുറം



കെ.എഫ്. ജോർജ്

എഴുത്തുകാരനാകുന്നതിന് മുമ്പ് വൈക്കം മുഹമ്മദ് ബഷീർ വിപ്ലവാഭിമുഖ്യമുള്ള സ്വാതന്ത്ര്യസമര ഭടനായിരുന്നു. ചെറുപ്പകാലത്ത് പല തവണ ജയിലിൽ അടയ്ക്കപ്പെട്ടു. പലപ്പോഴും അദ്ദേഹം ഒളിവിലായിരുന്നു.

ഒളിവുകാലത്ത് ഒരു പാതിരാത്രിയിൽ നല്ലവിശപ്പോടെ വീട്ടിലെത്തിയപ്പോൾ ഉമ്മ കുഞ്ഞാത്തുമ്മ കതകുതുറന്ന് അകത്തു കയറ്റി. അടുക്കളയിൽ ചോറും കറികളും വിളമ്പി മൂടിവച്ചിരിക്കുന്നു. 'ഞാൻ ഇന്നുവരുമെന്ന് ഉമ്മ എങ്ങനെ അറിഞ്ഞു' എന്ന ബഷീറിന്റെ ചോദ്യത്തിന് 'ചോറും കൂട്ടാനും വച്ച് എല്ലാ രാത്രിയിലും നിന്നെ ഞാൻ കാത്തിരുന്നു' എന്നായിരുന്നു ഉമ്മയുടെ മറുപടി.

ബന്ധങ്ങൾ അങ്ങനെയാണ് അസാധ്യമെന്ന് പലരും എഴുതിത്തള്ളുന്ന ഇടങ്ങളിലും സ്നേഹവും കരുതലുമായി ഉറക്കമൊഴിച്ച് കാത്തിരിക്കുന്നവരുണ്ട്. വർഷങ്ങൾ കഴിഞ്ഞുപോകുമ്പോഴും അവർക്ക് മടുക്കുന്നില്ല. ഈ സ്നേഹാശ്ലേഷത്തിൽ നെഞ്ചിൽ മുഖം അമർത്താൻ കഴിയുന്നവരാണ് ഭാഗ്യവാന്മാർ.

കുഞ്ഞായിരിക്കുമ്പോൾ നൽകിയ വാത്സല്യം അവർ ചിറകുവച്ച് പറന്നുപോയാലും മാതാപിതാക്കൾ തുടരും. എന്നാൽ ഈ കരുതലിന്റെ യഥാർത്ഥമൂല്യം പലപ്പോഴും അവരുടെ ഉള്ളിൽ തട്ടുന്നത് തണലായിരുന്നവർ ലോകം വിട്ടുപോയതിന് ശേഷമായിരിക്കും. ഉപാധികളില്ലാതെ ചുരത്തിയിരുന്ന ഈ സ്നേഹധാരയെ പിടികിട്ടിയിരുന്നില്ലല്ലോ എന്ന കുറ്റബോധം ഉള്ളിൽ നീറ്റലായി അവശേഷിക്കും.

തന്നിഷ്ടം പോലെ ജീവിച്ച്, പൊളിഞ്ഞ് പാളീസായി വരുന്ന ധൂർത്തപുത്രനെ കാണുന്ന പിതാവ് മൂത്തമകനിൽ അസൂയ ഉണ്ടാക്കുംവിധം ഗംഭീര വിരുന്നൊരുക്കുകയാണ്. നഷ്ടപ്പെട്ടവരേയും പാർശ്വവൽക്കരിക്കപ്പെട്ടവരേയും തേടിപ്പോകുന്ന സ്രഷ്ടാവിനൊപ്പം നടക്കുന്ന ഇത്തരം ന്യൂനപക്ഷമാണ് ലോകത്തെ സ്നേഹധാരയിൽ നനച്ചു പുഷ്ടിപ്പെടുത്തുന്നത്.

മനുഷ്യൻ ഏകനായിരിക്കുന്നത് ശരിയല്ലെന്ന് കണ്ടാണല്ലോ അവനൊരു തുണയെ നൽകുന്നത്. ബന്ധത്തിലൂടെയുള്ള കൂട്ടിന് അങ്ങനെ ഉൽപത്തിയിൽ തന്നെ തുടക്കമായി. നല്ല കൂട്ടുണ്ടാകുവാനും അത് നിലനിർത്താനും കഴിയുന്നവരുടെ ജീവിതം സൗന്ദര്യപൂർണവും ഫലദായകവുമായിത്തീരുന്നു.

വിടപറഞ്ഞ ഇണയുടെ ചേതനയറ്റ, അടഞ്ഞ കണ്ണുകളിൽ നിർനിമേഷരായി ഏറെ നേരം നോക്കിനിൽക്കുന്ന ജീവിത പങ്കാളിയെ മരണവീടുകളിൽ കാണാം. മക്കളും ബന്ധുക്കളും സംസ്ക്കാരച്ചടങ്ങുകളുടെ നടത്തിപ്പുമായി തിരക്കിടുമ്പോൾ ഇണങ്ങിയും പിണങ്ങിയും കഴിഞ്ഞ ദശാബ്ദങ്ങളുടെ ഫ്ളാഷ് ബാക്ക് ചിത്രങ്ങളാണ് അവരുടെ മനസിൽ ഇരമ്പി കടന്നുപോകുന്നത്. ഈ നഷ്ടത്തിന്റെ ഏറ്റവും വലിയ ആഘാതം പേറേണ്ടിവരുന്ന ഇവർ നികത്തപ്പെടാനാവാത്ത ശുന്യത സൃഷ്ടിച്ച മരവിപ്പിലായിരിക്കും അപ്പോൾ.

രക്തബന്ധം വഴിയുള്ള കൂട്ടുകൾ പോലെ പ്രധാനമാണ് മനസിന് ഇണങ്ങുന്നവരുമായുള്ള സൗഹൃദങ്ങൾ. ദുരന്തങ്ങളിലും ക്ലേശങ്ങളിലുംപെട്ടു വിങ്ങുമ്പോൾ സ്നേഹിക്കുന്നവരുടെ സാരമില്ലെന്നു പറഞ്ഞുള്ള സ്പർശമോ ആശ്ലേഷമോ ഈ കടുംകെട്ട് അഴിക്കാൻ പര്യാപ്തമാകും. ഒറ്റപ്പെടൽ, ഉൽകണ്ഠ, വിരസത, വിഷാദം തുടങ്ങി ദിനങ്ങൾ ദുസ്സഹമാക്കുന്ന സമ്മർദ്ദങ്ങളെ മറികടക്കാനും നല്ല കൂട്ടുകൾ സഹായിക്കും. വൈകാരിക കയറ്റിറക്കങ്ങളിൽ ജീവിതനൗക ആടി ഉലയുമ്പോൾ വാക്കുകൾ കൊണ്ടും പ്രവൃത്തികൊണ്ടും അവർ രക്ഷാകവചമൊരുക്കുന്നു.

ജൈവസൗഹൃദങ്ങളുടെ ഇടം നിർമിത ബുദ്ധി കൈയടക്കിക്കൊണ്ടിരിക്കുന്ന കാലമാണിത്. ബന്ധുവിനേയും തൊട്ടഅയൽക്കാരെനെയുംകാൾ വിശ്വാസം ഫോണിലെ അജ്ഞാത സുഹൃത്തിനെയാണെന്നു വരുമ്പോൾ കബളിപ്പിക്കപ്പെടാനുള്ള ഹൈവേകളും തുറന്നുകിടക്കുന്നു.

ആരോഗ്യമുള്ള കാലത്തുതന്നെ മനസിന് ഇണങ്ങിയ മേഖലകളിൽ നിന്ന് കൂട്ടുകൾ ഉണ്ടാക്കിയെടുത്താൽ വാർധക്യത്തിന്റെ ഏകാന്ത തുരുത്തിൽ അവ തുണയായി കൂടെവരും. കൂട്ടുകൾ നിലനിൽക്കണമെങ്കിൽ മോശം അനുഭവങ്ങളുണ്ടാകുമ്പോൾ അവയെ സമയാസമയം 'ഡിലീറ്റ്' ചെയ്യേണ്ടിയിരിക്കുന്നു.

ഇതിന് ഉത്തമ മാതൃക സഹോദരന്മാർ കച്ചവടക്കാർക്കുവിറ്റ പഴയനിയമത്തിലെ ജോസഫാണ്. സഹോദരങ്ങളിൽ നിന്നു ജോസഫിനു ഏറെ ക്രൂരതകൾ സഹിക്കേണ്ടി വന്നു. എങ്കിലും കഷ്ടപ്പാടും പിതാവിന്റെ വീടും മറക്കാൻ ദൈവം ഇടയാക്കിയിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ജോസഫ് കടിഞ്ഞൂൽ പുത്രന് മറക്കുക എന്നർത്ഥം വരുന്ന മനാസ്സെ എന്നു പേരിടുകയാണ്.

# ദൈവീക പ്രത്യാശയുടെ ഉദാത്ത മാതൃക

**യേശുവും അവിടുത്തെ ദൗത്യവും ഒരു പരാജയമായിത്തീർന്നെന്ന് തോന്നുന്ന കുരിശുമരണത്തിന്റെ മണിക്കൂറിലും ഉയിർപ്പിന്റെ പ്രത്യാശയിൽ നിലനിന്ന മാതാവ് ദൈവീക പ്രത്യാശയുടെ ഉദാത്ത മാതൃകയാണ്.**

പേജ് ഒന്നിൽ നിന്ന് തുടർച്ച

ഗബ്രിയേൽ ദൂതനിലൂടെ പറയപ്പെട്ട ദൈവവചനത്തെ പരിശുദ്ധ മറിയം വിശ്വാസത്തോടെ സ്വീകരിച്ചു. എന്നാൽ ആ വചനങ്ങൾക്ക് വിരുദ്ധമെന്ന് തോന്നാവുന്ന കാര്യങ്ങൾ മാത്രമാണ് യഥാർത്ഥ ജീവിതത്തിൽ സംഭവിച്ചത്.

'അവൻ വലിയവൻ ആയിരിക്കും. അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവനു നൽകും. യാക്കോബിന്റെ ഭവനത്തിന്മേൽ അവൻ എന്നേയ്ക്കും ഭരണം നടത്തും. അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാവുകയില്ല' (ലൂക്ക 1: 32–33). ഇതായിരുന്നു വാഗ്ദാനങ്ങൾ. എന്നാൽ അത്യുന്നതന്റെ പുത്രന് ഒട്ടും അനുയോജ്യമല്ലാത്തവിധം, ബെത്ലഹേമിൽ, സത്രത്തിൽ ഇടം കിട്ടാതെ കാലിത്തൊഴുത്തിൽ തന്റെ പുത്രന് ജന്മം നൽകിയപ്പോഴും പരാതിയും നിരാശയും ഇല്ലാതെ സന്തോഷവതിയായിരിക്കാൻ കഴിഞ്ഞത് ദൈവത്തിന്റ വാഗ്ദാനങ്ങളിൽ ഉറച്ചു വിശ്വസിക്കാനും പ്രത്യാശ നഷ്ട്ടപ്പെടുത്താതിരിക്കാനും കഴിഞ്ഞതുകൊണ്ടു മാത്രമാണ്.'അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും' എന്ന വചനത്തിനു വിപരീതമായി ജാരസന്തതി, പിശാച് ബാധിതൻ, സമരിയാക്കാരൻ, ദൈവദൂഷകൻ തുടങ്ങിയ പേരുകൾ (യോഹ 8: 39–59) യേശുവിന്റെമേൽ ചുമത്തിയപ്പോഴും പരിശുദ്ധ മറിയത്തിന്റെ പ്രതീക്ഷകൾ തകർന്നു പോകേണ്ടതായിരുന്നു.

'യാക്കോബിന്റെ ഭവനത്തിൽ അവൻ എന്നേയ്ക്കും ഭരണം നടത്തും' എന്ന പ്രവചനത്തിനുപകരം ഭരണം നടത്തുന്നവരെല്ലാം കൂടി തന്റെ പ്രിയപുത്രനെ അതിക്രൂരമായി പീഡിപ്പിച്ചു, കുരിശിൽ തറച്ചു കൊല്ലുന്നതിനു സാക്ഷിയാകേണ്ടിവന്ന ഒരമ്മയ്ക്ക് പ്രത്യാശിക്കാൻ എന്താണുള്ളത്. സാഹചര്യങ്ങളും അനുഭവങ്ങളും സകല പ്രതീക്ഷകളെയും തല്ലിക്കെടുത്തുന്നതായിരുന്നു. എന്നിട്ടും പരിശുദ്ധ മറിയം നിരാശയിലേക്കു വീണുപോയില്ല. ഒന്നും മനസിലാക്കാൻ കഴിയാത്തപ്പോഴും അവൾ ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ പൂർണമായി വിശ്വസിച്ചു. ദൈവത്തിന്റെ വാഗ്ദാനങ്ങളിലുള്ള ഉറച്ച വിശ്വാസവും ദൈവശരണവും ഉണ്ടെങ്കിലേ പ്രത്യാശയിൽ നിലനില്ക്കാൻ കഴിയൂ.

കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം 1817–ൽ പ്രത്യാശയ്ക്കു നൽകുന്ന നിർവചനം ഇപ്രകാരമാണ്.

ക്രിസ്തുവിന്റെ വാഗ്ദാനങ്ങളിൽ വിശ്വാസം അർപ്പിച്ചും നമ്മുടെ ശക്തിയിൽ ആശ്രയിക്കാതെ പരിശുദ്ധാത്മാവിന്റെ കൃപാവരത്തിന്റെ സഹായത്തിൽ ആശ്രയിച്ചും നമ്മുടെ സൗഭാഗ്യമെന്ന നിലയിൽ സ്വർഗ്ഗരാജ്യത്തെയും നിത്യജീവിതത്തെയും നാം ആഗ്രഹിക്കുന്നത് ഏതു സുകൃതത്താൽ ആണോ അതാണ് 'പ്രത്യാശ' എന്ന ദൈവീക സുകൃതം. 'നമ്മോട് വാഗ്ദാനം ചെയ്തവൻ വിശ്വസ്തനാകയാൽ പ്രത്യാശയുടെ ഏറ്റുപറച്ചിൽ അചഞ്ചലമായി നമുക്ക് സൂക്ഷിക്കാം' (ഹെബ്രാ.10:23).



എല്ലാം തകർന്നുവെന്നു തോന്നുമ്പോഴും പ്രത്യാശയുള്ളവരാകാൻ പരിശുദ്ധ മറിയം നമ്മെ പഠിപ്പിക്കുന്നു. യേശുവും അവിടുത്തെ ദൗത്യവും പരാജയമായിത്തീർന്നെന്നു തോന്നുന്ന കുരിശുമരണത്തിന്റെ മണിക്കൂറിലും ഉയിർപ്പിന്റെ പ്രത്യാശയിൽ നിലനിന്ന മാതാവ് ദൈവീക പ്രത്യാശയുടെ ഉദാത്ത മാതൃകയാണ്.

ലോകം മുഴുവനും കലങ്ങി മറിഞ്ഞ അവസ്ഥയാണിന്ന്. തിന്മ പ്രബലപ്പെടുന്നു. സഭ പീഡിപ്പിക്കപ്പെടുന്നു. ക്രിസ്തീയ വിശ്വാസം പരിഹസിക്കപ്പെടുന്നു. യുദ്ധങ്ങൾ, കലഹങ്ങൾ, വർഗീയത, രോഗം, സാമ്പത്തിക ഞെരുക്കം– വ്യക്തി എന്ന നിലയിലും കുടുംബം എന്ന നിലയിലും സമൂഹം എന്ന നിലയിലും നാമിന്ന് പ്രതിസന്ധികളുടെ നടുവിലാണ്. ഇവിടെ പ്രത്യാശ നഷ്ട്ടപ്പെട്ടാൽ അദ്ധ്വാനിക്കാൻ ആവേശം നഷ്ട്ടപ്പെടും. പിന്തിരിഞ്ഞു ഒതുങ്ങിക്കൂടും. എന്നാൽ മറിയം നമ്മെ പഠിപ്പിക്കുന്നു. ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ്. അവനിനിയും നമ്മുടെ ജീവിതത്തെയും ലോകത്തെയും രൂപാന്തരപ്പെടുത്താൻ കഴിയും– അവിടുന്ന് സർവ്വശക്തനാണ്.

പ്രത്യാശിക്കാൻ ഒന്നുമില്ലാതിരുന്നിട്ടും ദൈവത്തിൽ പ്രത്യാശ അർപ്പിച്ചതിനാൽ– എല്ലാ തലമുറകളും ഇന്ന് പരിശുദ്ധ മറിയത്തെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കുന്നു. നിരാശാജനകമായ അനുഭവങ്ങളിൽ നിന്നും സാഹചര്യങ്ങളിൽ നിന്നും നമുക്കും മുഖമുയർത്തി ദൈവത്തിലേക്ക് നോക്കാം. അവന്റെ വാഗ്ദാനങ്ങളിൽ ഉറച്ചു വിശ്വസിക്കാം. അതിനുള്ള കൃപ കിട്ടാൻ മാതാവ് നമ്മെ സഹായിക്കട്ടെ.

പ്രത്യാശയുടെ മാതാവേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

***(ശാലോം മിനിസ്ട്രികളുടെ സ്ഥാപകനാണ് ലേഖകൻ)***






# ആ നിർണായക സമയത്ത് അമ്മ ഇറങ്ങിവന്നു



ജെയ്മോൻ കുമരകം
(എഡിറ്റർ,
സൺഡേ ശാലോം ന്യൂസ്)

പരിശുദ്ധ അമ്മയുടെ സ്നേഹം എത്ര വലുതാണ്. അത് അനുഭവിച്ചവർക്ക് മാത്രമേ അതിന്റെ ആഴമെത്രയെന്ന് മനസിലാകൂ. ആത്മീയവും ഭൗതികവുമായ ഏത് അനുഗ്രഹങ്ങളും നേടാനുള്ള എളുപ്പവഴി പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം തേടുക എന്നത് മാത്രമാണ്. അമ്മയോട് നമ്മൾ ചോദിക്കുന്നത് അവൾ ഈശോയോട് പറയുകയും നമുക്കത് വളരെ വേഗത്തിൽ സാധ്യമാക്കി തരുകയും ചെയ്യും. എന്റെയൊരു അനുഭവം കുറിക്കാം.

ഏതാനും വർഷം മുമ്പ് സഭയിലൊരു വൈദികനെതിരെ വേദനാജനകമായ ആരോപണങ്ങളുണ്ടായി. ആ വ്യക്തി സമൂഹത്തിൽ എറെ അറിയപ്പെട്ടതിനാലാകണം മീഡിയ മുഴുവൻ ഈ സംഭവത്തിലേക്ക് തിരിഞ്ഞു. എന്നാൽ അതിനേക്കാൾ ദൂഷ്യമായത് സോഷ്യൽ മീഡിയയാണ്. ക്രൈസ്തവനാമധാരികൾ കത്തോലിക്കാ പൗരോഹിത്യത്തെയും സന്യാസത്തെയും പരിഹസിച്ചുകൊണ്ടുള്ള ട്രോളുകളും പോസ്റ്റുകളും പ്രചരിപ്പിച്ചു തുടങ്ങി. വളരെ പെട്ടെന്ന് ഇത് സമൂഹമാകമാനം വ്യാപിച്ചു. ഒട്ടേറെ വൈദികരും സന്യസ്തരും ഇതുമൂലം ഏറെ വിഷമിച്ചു. പൊതുസമൂഹത്തിൽ വൈദികർ അപമാനിക്കപ്പെടുന്ന സംഭവങ്ങളും ആ നാളുകളിൽ ധാരാളമുണ്ടായി. ഒരു മീഡിയയുടെ ഉത്തരവാദിത്തം പേറുന്നതുകൊണ്ടാകണം പല വൈദികരും എന്നെ വിളിച്ചു അവരുടെ സങ്കടം പറഞ്ഞു, പ്രശ്നം ഏറെ സങ്കീർണ്ണമാണ്. എന്തെങ്കിലും ചെയ്യണം.

തെറ്റുചെയ്തവർ ആരാണെങ്കിലും അവർ ശിക്ഷക്ക് അർഹരാണെന്നും എന്നാൽ അതിന്റെ പേരിൽ വൈദികരെയും സന്യസ്തരെയും അടച്ചാക്ഷേപിക്കരുതെന്നും വ്യക്തമാക്കിക്കൊണ്ട് പെട്ടെന്ന് ഒരു ലേഖനം തയ്യാറാക്കി. വൈദികരിലൂടെ സഭക്ക് ലഭിച്ച നന്മകളെക്കുറിച്ച് ആ നാളുകളിൽ വന്ന ചിലരുടെ പോസ്റ്റുകളായിരുന്നു ഉള്ളടക്കം. പെട്ടെന്ന് തന്നെ ആ പോസ്റ്റ് വൈറലായി. വൈദികർ കുറ്റവാളികളായി മാറുന്ന ചില ഒറ്റപ്പെട്ട സംഭവങ്ങൾ മാത്രമേ ഉള്ളൂവെന്നും ഞങ്ങളെന്നും സഭയ്ക്കൊപ്പമെന്നുമായിരുന്നു ആദ്യം വന്ന കമന്റുകൾ. എന്നാൽ ഒന്നോ രണ്ടോ മണിക്കൂറുകൾ കഴിഞ്ഞപ്പോൾ കമന്റുകളുടെ നിറം മാറിത്തുടങ്ങി. തെറ്റുകാരനായ വൈദികന്റെ പക്ഷം ചേർന്ന് ഇരയെ എന്തിന് നിങ്ങൾ കുറ്റപ്പെടുത്തി എന്ന നിലയിലായി കമന്റുകൾ. ഇത്ര പെട്ടെന്ന് വായനക്കാർക്ക് എന്ത് സംഭവിച്ചുവെന്ന് എത്ര ആലോചിച്ചിട്ടും മനസിലായില്ല. അപ്പോഴാണ് ഒരു സ്നേഹിതൻ പ്രമുഖമായൊരു ഓൺലൈൻ മീഡിയയിൽ ഞാനെഴുതിയ ആശയങ്ങളെ തെറ്റിധരിപ്പിച്ച് വന്ന ലേഖനം ചൂണ്ടിക്കാട്ടിയത്. സായാഹ്ന വാർത്തയിൽ പ്രമുഖമായൊരു ടെലിവിഷൻ ന്യൂസ് ചാനൽ കൂടി ഈ സംഭവം ഏറ്റെടുത്തതോടെ ഞങ്ങളിട്ട പോസ്റ്റിനു താഴേക്ക് മോശമായ കമന്റുകൾ പ്രവഹിച്ചുതുടങ്ങി.

തെറ്റിധരിക്കപ്പെടുക എന്നതിനേക്കാൾ വലിയ ദുരന്തം എന്താണ്? എത്ര പേരോട് വ്യക്തിപരമായി തെറ്റിധാരണ തിരുത്താനാവും. പലരും അതുൾക്കൊള്ളണമെന്നില്ല. ഇതുമൂലമുണ്ടാകുന്ന ദൂഷ്യങ്ങളാകട്ടെ ചില്ലറയല്ല. ചിലപ്പോൾ സഭയിലും ഞങ്ങളൊറ്റപ്പെടാം. ആളുകൾ നിസഹകരിക്കാം. എല്ലാ സഹായവും പിൻവലിക്കപ്പെടാം.

ആ രാത്രിയിൽ പരിശുദ്ധ അമ്മയോട് സഹായം അപേക്ഷിച്ചു പ്രാർഥിച്ചു. ജപമണികൾ ചൊല്ലിത്തീർത്തതിന് കണക്കില്ല. ഏതായാലും ആ നിലവിളി പരിശുദ്ധ അമ്മ ഏറ്റെടുത്തു, കത്തോലിക്കാ സഭയിലെ ഏറ്റവും വലിയ മാധ്യമപുരസ്കാരമമായ മെത്രാൻ സമിതി മീഡിയ കമ്മീഷന്റെ മാധ്യമ പുരസ്കാരവും സിറാക്ക് മാധ്യമ പുരസ്കാരവും പിന്നാലെയെത്തിയതോടെ വിദ്വേഷം പ്രചരിപ്പിച്ചവരുടെ വാക്കുകളറ്റുപോയി. ഇന്നും പരിശുദ്ധ അമ്മ വാങ്ങിത്തന്ന ആ വലിയ സഹായമോർക്കുമ്പോൾ ഹൃദയം വിതുമ്പിപ്പോകുന്നു, നന്ദികൊണ്ടെന്റെ വാക്കുകൾ നിറയുന്നു. ആവശ്യഘട്ടങ്ങളിൽ അമ്മയുടെ കരം പിടിക്കുക, അവൾ ഉറപ്പായും നമ്മെ സഹായിക്കുവാൻ ഓടിവരുക തന്നെ ചെയ്യും.

# ഈശോയുടെ അമ്മ എന്റേയും



ഡോ. ഷാന്റി ജോസ്
(പ്രിൻസിപ്പൽ, പ്രൊവിഡൻസ്
ബിഎഡ് കോളജ്)

പരിശുദ്ധ അമ്മയ്ക്ക് പ്രതിഷ്ഠിച്ചതാണ് എന്റെ കുടുംബം. വിശുദ്ധ കുർബാനയും ജപമാലയുമാണ് ഞങ്ങളുടെ ഏറ്റവും വലിയ ശക്തി. രാവിലെ ഉണർന്നാലുടനെ 'എത്രയും ദയയുള്ള മാതാവേ' എന്ന പ്രാർത്ഥന ചെല്ലിയിട്ടേ ദിവസം തുടങ്ങാറുള്ളൂ. വിശുദ്ധിയിൽ ജീവിക്കുവാനായി മൂന്ന് 'നന്മനിറഞ്ഞ മറിയം' ചൊല്ലുന്ന ശീലം ഞങ്ങൾക്കുണ്ട്. എന്നും വിശുദ്ധ കുർബാനയിൽ സംബന്ധിച്ച് ആ ദിവസത്തിന്റെ നിയോഗങ്ങളെല്ലാം അമ്മ വഴി ഈശോയ്ക്ക് സമർപ്പിക്കുമ്പോൾ ഞാനായിരിക്കുന്ന ഇടങ്ങളിലെല്ലാം അമ്മ അത്ഭുതകരമായി ഇടപെടുന്ന വലിയ വിശ്വാസം എന്നും അനുഭവമാകുന്നു.

പരിശുദ്ധ ജപമാല കുടുംബപ്രാർഥനയിൽ മാത്രമല്ല യാത്രയിലും ജോലിസ്ഥലത്തും സമയം കിട്ടുമ്പോഴൊക്കെ നിയോഗം വച്ചു പ്രാർത്ഥിക്കുമ്പോൾ അത്ഭുതകരമായി അമ്മ ഇടപ്പെട്ട അനേകം സംഭവങ്ങൾ ജീവിതത്തിലുണ്ടായിട്ടുണ്ട്. ജപമാല കൈയ്യിൽ പിടിക്കുമ്പോൾ അമ്മ കൂടെയുണ്ട് എന്ന വലിയ ഉറപ്പാണ് അതുകൊണ്ടുതന്നെ ക്ലാസെടുക്കുമ്പോൾ ജപമാല എന്റെ കൈകളിലുണ്ടാകും. ജപമാലയോ ഉത്തരീയമോ എപ്പോഴും ഞങ്ങൾ ധരിക്കാറുണ്ട്. അത് തിന്മയിൽ നിന്നും നമ്മെ സംരക്ഷിക്കും. മക്കളുടെ പഠനം, ജോലി, വിവാഹം തുടങ്ങി ജീവിതത്തിലെ വലിയ തീരുമാനങ്ങൾ എടുക്കുമ്പോഴൊക്കെ ദിവ്യകാരുണ്യത്തിന് മുമ്പിലിരുന്ന് ജപമാല ചൊല്ലി പ്രാർത്ഥിച്ച് വിശുദ്ധ കുർബാനയിൽ പങ്കുകൊള്ളുന്ന പതിവുണ്ട്. വചനത്തിലൂടെ ഈശോ വ്യക്തമായി മറുപടി തരാറുമുണ്ട്.

മൂത്തമകനു രണ്ടര വയസുള്ളപ്പോൾ ഒരു ജന്മദിന ആഘോഷത്തിൽ പങ്കെടുക്കുവാനായി ഞങ്ങൾ എന്റെ വീട്ടിലേക്ക് പോയി. അവിടെ വലിയ ഒരു പൂന്തോട്ടമുണ്ട്. അതിനോടു ചേർന്ന് ഒരു താമരക്കുളവും. ഞാനും ബന്ധുക്കളും അവിടെ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. മോൻ പതുക്കെ ഇറങ്ങി നടന്ന് ആ കുളത്തിൽ വീണത് ആരും കണ്ടില്ല. കുട്ടിയെ കാണാനില്ലെന്ന് തിരിച്ചറിഞ്ഞത് കുറച്ച് കഴിഞ്ഞാണ്. താമരക്കുളത്തിലെ അനക്കം കണ്ട് നോക്കിയപ്പോൾ കുളത്തിൽ മുങ്ങിപ്പോകാതെ അവൻ ചിരിച്ചുകൊണ്ടിരിക്കുന്നു. വേഗം കോരിയെടുത്തു, തുള്ളിവെള്ളം പോലും കുടിച്ചിട്ടില്ല. ഏറെ നാൾ കഴിഞ്ഞ് അവൻ ബി.ടെക്കിന് ചേരുന്നതിന് മുന്നോടിയായി കുളത്തുവയൽ എൻആർസിയിൽ ധ്യാനത്തിന് പോയി. അവിടെ സ്പിരിച്ചൽ ഷെയറിങിനിടെ കൗൺസിലർ അവനോടു ചോദിച്ചു: 'ചെറിയ കുട്ടിയായിരുന്നപ്പോൾ നീയൊരു കുളത്തിൽ വീണിട്ടുണ്ടോ? അന്ന് പച്ച ബനിയനാണ് നീ ഇട്ടിരുന്നത്. കുളത്തിൽ വീണപ്പോൾ പരിശുദ്ധ അമ്മ നിന്നെ താങ്ങി നിർത്തിയിരിക്കുന്നതായി കാണുന്നു." അന്ന് അമ്മയുടെ ഇടപ്പെടൽ എന്റെ മോന്റെ മേൽ ഉണ്ടായിരുന്നു എന്നുള്ള ബോധ്യം ഉറപ്പിച്ച സംഭവമായിരുന്നു അത്.

ഇളയ മകനെ ഗർഭിണിയായിരിക്കുന്ന സമയത്ത് ഏഴാം മാസത്തിലെ ഒരു രാത്രിയിൽ എനിക്ക് വയറിന് കഠിനമായ വേദന വന്നു. വേഗം തന്നെ സുഹൃത്തായ ഡോക്ടറുടെ വീട്ടിലേക്ക് പോയി. ഡോക്ടർ നോക്കിയിട്ടു പറഞ്ഞു, 'ടു ഫിംഗർ ഡയലേഷനായിട്ടുണ്ട് ഇപ്പോൾ തന്നെ ഡെലിവറി നടക്കും. പക്ഷേ, കുഞ്ഞിനെ നഷ്ടപ്പെട്ടേക്കാം.' ഹോസ്പിറ്റലിലേക്ക് പോകുന്ന സമയത്ത് എന്റെ ഭർത്താവ് പറഞ്ഞു, 'വിഷമിക്കേണ്ട അത് മാതാവ് നോക്കിക്കൊള്ളും.' കുഞ്ഞിനെ ഞങ്ങൾ മാതാവിനു സമർപ്പിച്ചു. ഹോസ്പിറ്റലിൽ അഡ്മിറ്റായി. പിറ്റേദിവസം പരിശോധനയ്ക്ക് ശേഷം ഡോക്ടർ പറഞ്ഞത് എല്ലാം നോർമലാണ് അത്ഭുതകരമായിരിക്കുന്നു എന്നാണ്. പിന്നീട് നോർമൽ ഡെലിവറിയിലൂടെ ദൈവം അവനെ ഞങ്ങൾക്കു തന്നു. മാതാവിന്റെ വലിയ ഇടപെടലും അനുഗ്രഹവും അതിലുമുണ്ടായിരുന്നു. അന്നു മുതൽ ഇന്നുവരെ മോന്റെ കാര്യത്തിൽ എന്തു പ്രശ്നങ്ങൾ വന്നാലും മാതാവിന്റെ ഇടപെടലും അനുഗ്രഹവും എപ്പോഴും അവനു ലഭിക്കുന്നുണ്ട്.

കുറവുകൾ ഇല്ലാത്തവിധം ആത്മീയ വളർച്ചയിൽ നമ്മെ സഹായിക്കുന്നത് പരിശുദ്ധ അമ്മയാണ്. അമ്മ തന്റെ തിരുക്കുമാരന്റെ ഹൃദയത്തിന് നമ്മെ അനുരൂപരാക്കുന്നു. നമുക്ക് അമ്മയിൽ ശരണപ്പെടാം. അമ്മയെ നമ്മുടെ ഭവനത്തിലേക്ക് സ്വീകരിക്കാം. അമ്മയുടെ നീലക്കാപ്പയ്ക്കുള്ളിൽ നമുക്ക് അഭയം പ്രാപിക്കാം.

# എപ്പോഴും കൂടെയുള്ള പരിശുദ്ധ അമ്മ



റ്റെൽമ ഷാജി
(മൂന്നാം വർഷ ബിഎസ്സി
ബോട്ടണി വിദ്യാർത്ഥിനി,
ദേവഗിരി കോളജ്)

ആദ്യകുർബാന സ്വീകരണ ഒരുക്ക സമയം മുതൽ ജപമാല ചൊല്ലി പള്ളിയിലേക്ക് നടക്കുകയെന്നത് എന്റെ പതിവായിരുന്നു. ജപമാല ചൊല്ലിത്തീർക്കുന്നതിനപ്പുറം പരിശുദ്ധ അമ്മയോട് വ്യക്തിപരമായ ഒരു ബന്ധമൊന്നും ഉണ്ടായിരുന്നില്ല.

ഒരിക്കൽ ഒരു ധ്യാനത്തിൽ പങ്കെടുക്കുമ്പോൾ സ്പിരിച്ചൽ ഷെയറിങ്ങിൽ എന്നോടു പറഞ്ഞു, 'പരിശുദ്ധ അമ്മയോട് എപ്പോഴും പ്രാർത്ഥിക്കാറുണ്ടോ? അമ്മ എപ്പോഴും കൂടെയുണ്ട്.' അദ്ദേഹത്തിന്റെ വാക്കുകൾ എന്നെ വല്ലാതെ ചിന്തിപ്പിച്ചു. പിന്നീട് ഓരോ തവണയും 'നന്മനിറഞ്ഞ മറിയമേ...' എന്ന ജപം ചൊല്ലുമ്പോൾ അമ്മ എന്റെ കൂടെയുണ്ടെന്നും അമ്മയുടെ പ്രത്യേകമായ സംരക്ഷണം എനിക്കു ലഭിക്കുന്നുണ്ടെന്നും എനിക്ക് തോന്നാറുണ്ട്. അമ്മയുടെ വിമലഹൃദയത്തിന് സമർപ്പിച്ച ഓരോ ആഗ്രഹങ്ങളും ഏറ്റവും മനോഹരമായി അമ്മ കൈകാര്യം ചെയ്യുന്നത് പിന്നീട് അനുഭവിച്ചറിയാൻ സാധിച്ചു.

മരിയേ ഞാൻ പൂർണ്ണമായും നിന്റേതാകുന്നു (Totus tuus Marie) എന്ന ജോൺ പോൾ രണ്ടാമൻ പാപ്പയുടെ വാക്കുകൾ എന്റെ മരിയഭക്തിയെ ബലപ്പെടുത്തുവാൻ ഏറെ സഹായിച്ചിട്ടുണ്ട്.

കഴിഞ്ഞ ഒക്ടോബറിൽ ബാംഗ്ലൂരിൽ നടന്ന ജാഗോ ജീസസ് യൂത്ത് നാഷണൽ കോൺഫറൻസിന്റെ ഔട്ട്ഡോർ പ്രോഗ്രാം ടീം അംഗമാകാൻ അവസരം ലഭിച്ചു. എന്റെ ചുമതല ജപമാല നിർമ്മിക്കുകയെന്നതായിരുന്നു. അന്ന് അത് എനിക്ക് അറിയില്ല. പക്ഷെ, ദൈവനിയോഗമെന്നപോലെ എംഎസ്എംഐ കോഴിക്കോട് പ്രൊവിൻസ് അംഗമായ സിസ്റ്റർ അനീഷ ജപമാല നിർമിക്കാൻ എന്നെ പഠിപ്പിച്ചു. ജപമാല സ്വന്തമായി ഉണ്ടാക്കണം, അമ്മയോട് പ്രാർത്ഥിച്ചുകൊണ്ട് ജപമാല കെട്ടണം എന്ന ഒത്തിരി നാളത്തെ ആഗ്രഹം അങ്ങനെ അമ്മ എനിക്കു സാധിച്ചുതന്നു. പിന്നീട് ജാഗോ കോൺഫറൻസിന്റെ ഭാഗമായി നിരവധി പേരെ ജപമാല നിർമാണം പഠിപ്പിക്കാൻ സാധിച്ചു.

പല തവണ പരാജയപ്പെട്ടുവെങ്കിലും ഈ കഴിഞ്ഞ സ്വർഗ്ഗരോപണ തിരുനാൾ ദിവസത്തിൽ 33 ദിവസം കൃപയാൽ പ്രാർത്ഥിച്ചൊരുങ്ങി പരിശുദ്ധ അമ്മയോടുള്ള വിമലഹൃദയപ്രതിഷ്ഠ പൂർത്തീകരികുവാൻ സാധിച്ചു.

പരിശുദ്ധ അമ്മയോട് കൂടെയുള്ള യാത്ര എപ്പോഴും ഒത്തിരി മാധുര്യമുള്ളതാണ്. അമ്മ ഈശോയെ സ്നേഹിച്ചതുപോലെ സ്നേഹിക്കാനും, അമ്മ ഈശോയെ കേട്ടിരുന്നതുപോലെ അവനെ കേട്ടിരിക്കുവാനും, അമ്മ ഈശോയോടൊപ്പം സമയം ചില വഴിച്ചതുപോലെ അവനോടൊപ്പമായിരിക്കാനും, അമ്മ ദൈവഹിതത്തോട് ആമ്മേൻ പറഞ്ഞതുപോലെ ദൈവഹിതാനുസരണം നമ്മുടെ ജീവിതത്തെ ക്രമീകരിക്കുവാനുമുള്ള കൃപ അമ്മ നമുക്ക് അവിടുത്തെ പ്രിയപുത്രനിൽ നിന്ന് വാങ്ങിത്തരും.

# ദേശീയ പുരസ്കാര തിളക്കത്തിൽ ജോഷി ബെനഡിക്ട്

**മികച്ച അനിമേഷൻ ചിത്രത്തിനുള്ള ദേശീയ പുരസ്കാരം നേടിയ പുല്ലൂരാംപാറ ആക്കാട്ടുമുണ്ടയ്ക്കൽ ജോഷി ബെനഡിക്ട് തന്റെ ജീവിതയാത്ര മലബാർ വിഷനുമായി പങ്കുവയ്ക്കുന്നു**

● ആൽബർട്ട് ജോസ്

തെങ്ങിന്റെ കഥ പറഞ്ഞ് ദേശീയ ചലച്ചിത്ര പുരസ്കാരം പുല്ലൂരാംപാറയെന്ന കുടിയേറ്റ ഗ്രാമത്തിലേക്ക് എത്തിച്ച് നാടിന്റെ അഭിമാനതാരമായിരിക്കുകയാണ് ആക്കാട്ടുമുണ്ടയ്ക്കൽ ജോഷി ബെനഡിക്ട്. ദേശീയ ചലച്ചിത്ര പുരസ്കാരങ്ങളിൽ മികച്ച അനിമേഷൻ ചിത്രത്തിനുള്ള ദേശീയ അവാർഡാണ് ജോഷി ബെനഡിക്ട് സംവിധാനം ചെയ്ത 'എ കോക്കനട്ട് ട്രീ' എന്ന ചിത്രത്തിന് ലഭിച്ചത്. നോൺ ഫീച്ചർ വിഭാഗത്തിലായിരുന്നു ചിത്രം മത്സരിച്ചത്. ദേശീയ പുരസ്ക്കാര നേട്ടത്തെക്കുറിച്ചും പിന്നിട്ട വഴികളെക്കുറിച്ചും ജോഷി ബെനഡിക്ട് മനസു തുറക്കുന്നു:

## കുടിയേറ്റ കാലം

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളിയിലെ കപ്പാടു നിന്നു വല്യപ്പച്ചന്റെ നേതൃത്വത്തിലാണു എൺപതിലേറെ വർഷങ്ങൾക്കു മുമ്പ് കുടുംബം തിരുവമ്പാടിയിലെ കറ്റിയാട്ടേക്കു കുടിയേറിയത്. പിന്നീട് പുല്ലൂരാംപാറയിലെ ഇലന്തുകടവിലേക്കു മാറി. ചാച്ചൻ ബെനഡിക്ട് വരയ്ക്കുമായിരുന്നു. അമ്മ മേരിയും ചെറുപ്പം മുതലേ പ്രോത്സാഹനം നൽകി. എനിക്കു 3 സഹോദരങ്ങൾ കൂടിയുണ്ട് – ഷാലി, ജസ്റ്റിൻ, ജിഷ.

## പഠനകാലം

പുല്ലൂരാംപാറ സെന്റ് ജോസഫ്സ് എൽപി, യുപി, ഹൈസ്കൂളുകളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. നന്നായി ചിത്രം വരച്ചിരുന്ന ചാച്ചനായിരുന്നു ചെറുപ്പം മുതൽ ചിത്രകലയിലെ എന്റെ ഹീറോ. ചിത്രം വരച്ചുകൊടുക്കുമ്പോൾ സഹോദരങ്ങൾ അഭിനന്ദിച്ചതൊക്കെ മധുരമുള്ള ഓർമകളാണ്. സ്കൂൾ തലത്തിൽ പഠിക്കുമ്പോൾ ചിത്രരചനാ മത്സരങ്ങൾക്കു സമ്മാനങ്ങൾ ലഭിച്ചിരുന്നു.



ജോഷി ബെനഡിക്ട് പണിപ്പുരയിൽ

മരിച്ചുപോയ ഫാ. എബ്രഹാം പൊരുന്നോലിൽ എന്നെ സ്വാധീനിച്ച വൈദികനാണ്. അദ്ദേഹം പുല്ലൂരാംപാറ പള്ളിയിൽ ഉണ്ടായിരുന്ന കാലത്ത് ഞാൻ സ്കൂളിൽ പഠിക്കുകയാണ്. അന്ന് ഞാൻ വരച്ച ചിത്രങ്ങൾ കണ്ട് അച്ചൻ എന്നെ പ്രോത്സാഹിപ്പിച്ചത് ഇപ്പോഴും ഓർമയിലുണ്ട്.



ജോഷി ബെനഡിക്ട്

കോളജ് വിദ്യാഭ്യാസത്തിന്റെ തുടക്കം കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ്സ് കോളജിലായിരുന്നു. അക്കാലത്ത് വാൾട്ട് ഡിസ്നി പ്രൊഡക്ഷൻസ് നിർമിച്ച 'സ്നോവൈറ്റ് ആൻഡ് ദ് സെവൻ ഡ്വാർഫ്സ്' എന്ന അനിമേഷൻ ചിത്രം കോഴിക്കോട് ക്രൗൺ തിയറ്ററിൽ കണ്ട് അമ്പരന്നു പോയി.

## ചിത്രപഠന കാലം

പ്രീഡിഗ്രി പഠനത്തിനു ശേഷം തൃശൂരിൽ ഗവ. കോളജ് ഓഫ് ഫൈൻ ആർട്സിൽ ചേർന്നു. അതിനു പ്രോത്സാഹനം നൽകിയതു ചാച്ചനായിരുന്നു. അവിടെ ആദ്യ രണ്ടു വർഷം പൊതുവായ കോഴ്സാണ്. ശിൽപകല, ചിത്രകല, പരസ്യകല എല്ലാം പഠിക്കണം അതിനു ശേഷം താൽപര്യം അനുസരിച്ചുള്ള കോഴ്സ് ചെയ്യാം. ഞാൻ തിരഞ്ഞെടുത്തത് പരസ്യകലയായിരുന്നു. അന്നത്തെ കാലത്ത് ജീവിതമാർഗം കിട്ടാനുള്ള സാഹചര്യം കൂടുതലുണ്ട് എന്നതും അതു തിരഞ്ഞെടുക്കാൻ കാരണമായി.

## ഫൈൻ ആർട്സ് പഠനശേഷം

എറണാകുളത്തും മറ്റുമായി അഡ്വർടൈസിങ് ഏജൻസികളിൽ ജോലി ചെയ്തു. അക്കാലത്താണു ഒരു പത്രപ്പരസ്യം കാണുന്നത്. തിരുവനന്തപുരത്തു ടെക്നോപാർക്കിൽ ടൂൺസ് അനിമേഷൻ കമ്പനിയിലേക്ക് ആൾക്കാരെ ക്ഷണിച്ചുള്ള പരസ്യമായിരുന്നു അത്. ഞാൻ ഉൾപ്പെടെ 40 പേരെ തിരഞ്ഞെടുത്തു. ആ കമ്പനി തുടങ്ങുന്നതിന് ആറു മാസം മുമ്പു പരിശീലനം തുടങ്ങി. ഓരോ രണ്ടു മാസം കഴിയുമ്പോഴും പരീക്ഷയുണ്ടായിരുന്നു. തോറ്റവരെ ഒഴിവാക്കിയാണു പരിശീലനം തുടർന്നത്. അവസാനം ഞങ്ങൾ 29 പേരെ സിലക്ട് ചെയ്തു. ടൂൺസിൽ അഞ്ചു വർഷം ഉണ്ടായിരുന്നു.

അക്കാലത്താണ് പ്രമുഖ വിഷ്വൽ ഡിസൈനറായ അനൂപ് രാമകൃഷ്ണനെ പരിചയപ്പെട്ടത്. അത് വഴിത്തിരിവായി. ഇന്റ്റാക്ടീവ് സിഡികളുടെ കാലമായിരുന്നു അത്. അദ്ദേഹം മുൻകൈയ്യെടുത്തു തയാറാക്കിയ, മലയാള ഭാഷാ പ്രചാരണത്തിന്റെ ഭാഗമായ 'എന്റെ മലയാളം' സിഡി റോമുമായി സഹകരിച്ചു. പിന്നീട് അനൂപ് രാമകൃഷ്ണൻ അടുത്ത സുഹൃത്തായി.

## ടൂൺസിന് ശേഷം

വീട്ടിൽ നിൽക്കേണ്ട സാഹചര്യമുണ്ടായതോടെ വീണ്ടും കോഴിക്കോട്ടേക്ക്. അക്കാലത്ത് എം. ടി. വാസുദേവൻ നായരുടെ സമഗ്ര സംഭാവനകളെ അടിസ്ഥാനമാക്കിയുള്ള 'എംടിയുടെ ലോകം' എന്നൊരു സിഡി റോമിന്റെ പണിപ്പുരയിലായിരുന്നു അനൂപ് രാമകൃഷ്ണൻ. ഈ സിഡി സമാഹാരത്തോടൊപ്പം എംടിയുടെ കൃതികളെ അടിസ്ഥാനപ്പെടുത്തി 5 ഡോക്യുമെന്ററികളും ഉണ്ടായിരുന്നു. അതിൽ ക്രിയേറ്റീവ് ഡയറക്ടറായി വർക്ക് ചെയ്തു. അതിൽ ഓരോ സിഡിക്കും ഇൻട്രോ അനിമേഷൻ ചെയ്തു. സിഡി തുടങ്ങുന്നത് ഈ അനിമേഷനോടു കൂടിയാണ്. ഒട്ടേറെ വർക്ക് ഇതിന്റെ ഭാഗമായി ചെയ്തു.

2006–07 കാലത്ത് കുഞ്ഞുണ്ണി മാഷിന്റെ കവിതകളുടെ ഡിജിറ്റൽ സമാഹാരം 'കൽക്കണ്ടം' ഇറക്കിയപ്പോൾ അതിൽ ഓരോ കവിതകൾക്കും ഞാൻ അനിമേഷൻ ചെയ്തു.

## ഗ്രാഫിക് നോവൽ

തൃശൂരിൽ ഫൈൻ ആർട്സ് കോളജിൽ പഠിക്കുന്ന കാലത്തു കുട്ടികൾക്കു വേണ്ടി ചിത്രകഥകൾ ഒരുക്കിയിരുന്നു. പഠനകാലത്തു ചിത്രകഥകളുടെ സീരീസ് ചെയ്തിരുന്നു. പിന്നീട്, ടൂൺസിൽ എത്തുമ്പോഴാണ് ഇന്ത്യയ്ക്കു പുറത്തുള്ള ഗ്രാഫിക് നോവലുകൾ കാണാനിടയായത്. വരകളിലൂടെ കഥ പറയുന്നവയാണു ഗ്രാഫിക് നോവലുകൾ. ചിത്രകഥകളിൽ നിന്നു വ്യത്യസ്തമായി, ചെറിയ കഥാതന്തുവിനെ സിനിമയിലെന്ന പോലെ വരയിലൂടെ വികസിപ്പിക്കുകയാണു ഗ്രാഫിക് നോവലിൽ ചെയ്യുന്നത്. അവ പലതും ശൈലി കൊണ്ടും അവതരണം കൊണ്ടും വ്യത്യസ്തവും ഗംഭീരവുമായിരുന്നു.

അങ്ങനെയിരിക്കെയാണു മനസ്സിൽ തോന്നിയ ഒരാശയം പന്നിമലത്ത് എന്ന പേരിൽ 2015–ൽ ഗ്രാഫിക് നോവലാക്കിയത്. അത് പിന്നീട് ഇംഗ്ലീഷിലേക്കു 'ദ് പിഗ് ഫ്ലിപ്' എന്ന പേരിൽ മൊഴിമാറ്റി. ഹാർപർ കോളിൻസ് ആയിരുന്നു പ്രസാധകർ. അതിനു ശേഷം രണ്ട് വർഷം കഴിഞ്ഞാണു കൊപ്രച്ചേവ് എന്ന ഗ്രാഫിക് നോവൽ രൂപപ്പെടുന്നത്. പന്നിമലത്ത്, കൊപ്രച്ചേവ് എന്നീ ഗ്രാഫിക് നോവലുകൾ ഉടൻ പ്രിന്റ് ചെയ്തു വിപണിയിൽ ഇറക്കാനുള്ള ശ്രമത്തിലാണ്.




## എ കോക്കനട്ട് ട്രീ

മലയോര മേഖലയിലെ വീട്ടമ്മ വീണുകിട്ടിയ ഒരു തെങ്ങിൻ തൈ പുരയിടത്തിൽ നട്ടു വളർത്തുന്നതും ആ അമ്മയ്ക്കു പ്രായമാകുമ്പോൾ ആ കുടുംബം നേരിടുന്ന പ്രതിസന്ധിക്കിടെ ആ തെങ്ങ് കുടുംബത്തിനു മുതൽക്കൂട്ടാകുന്നതുമാണ് എട്ടു മിനിറ്റ് ദൈർഘ്യമുള്ള ഈ അനിമേഷൻ ചിത്രത്തിന്റെ കഥാതന്തു. ഇതിന്റെ ആശയവും ആവിഷ്കാരവും ഉൾപ്പെടെ ഭൂരിഭാഗം സാങ്കേതിക ജോലികളും സ്വന്തമായാണു ചെയ്തത്. പ്രശസ്ത സംഗീത സംവിധായകൻ ബിജിബാലാണു പശ്ചാത്തല സംഗീതം നിർവഹിച്ചത്. ചിത്രം ഒട്ടേറെ ഫിലിം ഫെസ്റ്റിവലുകളിൽ മികച്ച അഭിപ്രായം നേടിയിരുന്നു.

കഴിഞ്ഞ ജനുവരിയിലാണ് ദേശീയ അവാർഡിന് അപേക്ഷ ക്ഷണിച്ചത്. അപേക്ഷ സമർപ്പിക്കുമ്പോൾ അവാർഡ് കിട്ടുമെന്ന ചെറിയ പ്രതീക്ഷ ഉണ്ടായിരുന്നു. 'എ കോക്കനട്ട് ട്രീ' ഉടനെ പ്രേക്ഷകരിലേക്ക് എത്തിക്കാനാകുമെന്നാണു പ്രതീക്ഷ. വിവിധ ഒടിടി പ്ലാറ്റ്ഫോമുകളുമായി ചർച്ച നടക്കുന്നുണ്ട്.

## കുടുംബം

ഭാര്യ: ആൻസി തോമസ്. നെല്ലിപ്പൊയിൽ വിമല യുപി സ്കൂളിലെ പ്രധാനാധ്യാപികയാണ്. മകൻ ബെനറ്റ്.






# സമർപ്പിതർ കാലത്തിന്റെ കാവൽ വിളക്കുകൾ

**ദൈവവിളി പരിപോഷണ മാസമായി ആചരിക്കുന്ന ഒക്ടോബറിൽ സമർപ്പിത ജീവിതവിളിയുടെ സമകാലിക പ്രസക്തിയും വെല്ലുവിളികളും വിശകലനം ചെയ്യുന്നു**



ഫാ. ഷെനീഷ് താന്നിക്കൽ
(റെക്ടർ, സെന്റ് അൽഫോൻസ മൈനർ സെമിനാരി, താമരശ്ശേരി)

രക്ഷാകര ചരിത്രത്തിന്റെ ആദ്യനാൾ മുതൽ ദൈവജനത്തിന് ദിശാബോധം നൽകാൻ ദൈവം ഉയർത്തുന്ന ദീപസ്തംഭങ്ങളാണ് അവിടുന്ന് പ്രത്യേകം തിരഞ്ഞെടുത്ത സമർപ്പിതർ. അവർ ഒരേസമയം വിവിധ ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നു. പുരോഹിതനും പ്രവാചകനും ന്യായാധിപനും രാജാവും സേനാനായകനുമായി അവർ ദൈവത്തിന്റെ വിളിയോട് പ്രത്യുത്തരം നൽകി തങ്ങളെത്തന്നെ ദൈവജനത്തിന് സമർപ്പിക്കുന്നു. ബൈബിളിലെ ആദ്യ ഗ്രന്ഥം മുതൽ ഈ തിരഞ്ഞെടുപ്പ് കാണാൻ കഴിയും വിവിധ കാലങ്ങളിൽ വിവിധ ദേശങ്ങളിൽ രക്ഷയ്ക്കുവേണ്ടി നിലവിളിച്ച ദൈവജനത്തിന്റെ തകർന്ന ഹൃദയത്തിൽ നിന്നുയർന്ന പ്രാർത്ഥനയ്ക്ക് ദൈവം നൽകിയ മറുപടിയാണ് അവരുടെ ദൈവവിളി

രക്ഷാകര ചരിത്രത്തിൽ ഓരോ സമയത്തും തിരഞ്ഞെടുക്കപ്പെട്ടവർ പ്രാധാന്യമുള്ളവരായിത്തീരുന്നു. നൊമ്പരങ്ങളുടെയും ദൈവാനുഗ്രഹങ്ങളുടെയും കനലും വെളിച്ചവും കുളിരും ചൂടും തിളങ്ങുന്നത് ഇവരിൽ നമുക്ക് കാണാൻ കഴിയും. ദൗത്യജീവിതത്തിന്റെ നാളുകളിൽ ദൈവവചനത്തിനനുസരിച്ച് നീങ്ങിയപ്പോൾ ഏറ്റെടുക്കേണ്ടി വന്ന പ്രതിസന്ധികളിൽ തളരാതെ തകരാതെ ദൈവകൃപയിൽ ആനന്ദം കണ്ടെത്തിയ തിരഞ്ഞെടുക്കപ്പെട്ടവരെ ബൈബിൾ പരിചയപ്പെടുത്തുന്നുണ്ട്. ഹബക്കുക്ക് പ്രവാചകന്റെ വാക്കുകൾ ശ്രദ്ധിക്കുക, 'അത്തിവൃക്ഷം പൂക്കുന്നില്ലെങ്കിലും മുന്തിരിയിൽ ഫലങ്ങൾ ഇല്ലെങ്കിലും ഒലിവുമരത്തിൽ കായ്കൾ ഇല്ലാതായാലും വയലുകളിൽ ധാന്യം വിളയുന്നില്ലെങ്കിലും ആട്ടിൻകൂട്ടം ആലയിൽ അറ്റുപോയാലും കന്നുകാലികൾ തൊഴുത്തിൽ ഇല്ലാതായാലും ഞാൻ കർത്താവിൽ ആനന്ദിക്കും' (ഹബ. 3:17)

ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഓരോ വ്യക്തിയും തന്നെ ഭരമേൽപ്പിച്ച ജനത്തിനു വേണ്ടി തമ്പുരാന് മുമ്പിൽ കരങ്ങൾ വിരിച്ചുപിടിച്ച് പ്രാർത്ഥനാ നിരതനാകുന്ന കാഴ്ച അവന്റെ സമർപ്പണത്തിന്റെ തെളിമയാണ്. ദൈവവിളി ഒരു വലിയ വെല്ലുവിളിയാണെന്ന ഓർമ്മപ്പെടുത്തലോടുകൂടിയാണ് പുതിയ നിയമത്തിൽ ഈശോ തന്റെ ശിഷ്യന്മാരെ തെരഞ്ഞെടുക്കുന്നത്. മർക്കോസ് 3,13 ൽ ശിഷ്യഗണത്തിൽ നിന്ന് 12 പേരെ പേര് ചൊല്ലി വിളിക്കുന്നതിന് മുമ്പായി ഈശോ അവരെ മലമുകളിലേക്ക് വിളിച്ചു. ഇത് അവൻ ചെയ്തത് അവർക്കു ലഭിച്ച നിയോഗം ഒരു വെല്ലുവിളിയാണെന്ന് പഠിപ്പിക്കാനായിരുന്നു.കർത്താവിന് വേണ്ടി പ്രവർത്തിക്കാൻ തയ്യാറാക്കുന്നവൻ മലകയറണം. അതായത് അത് ഒത്തിരിയേറെ കഷ്ടപ്പാടുകളും അപകട സാധ്യതകളും ഉള്ള നിയോഗമാണെന്നുള്ള മുന്നറിയിപ്പാണ്. എന്നാൽ ഈ മലകയറുന്നവന് കരുതലായി തണലായി താങ്ങായി കർത്താവ് കൂട്ടിനുണ്ട്, കൂടെയുണ്ട് എന്നത് തെരഞ്ഞെടുക്കപ്പെട്ടവന്റെ കരുത്താണ്. ശിഷ്യരുടെ പ്രതിസന്ധി നിറഞ്ഞ ജീവിതത്തിന്റെ കടലിൽ തീരം ചേർന്ന് നടക്കുന്ന, കടലിനു മുകളിലൂടെ നടന്നുവരുന്ന, കൂടെ നിന്ന് പ്രക്ഷുബ്ധതയെ ശാന്തമാക്കുന്ന, തീരത്ത് ഭക്ഷണമൊരുക്കി കാത്തിരിക്കുന്ന, എതിർക്കുന്നവന്റെ മുമ്പിൽ സംരക്ഷണമായി നിൽക്കുന്ന ഗുരു അവന്റെ അഭയകേന്ദ്രമാണ്. അങ്ങനെ മലകയറുക എന്നു പറഞ്ഞാൽ വിളിച്ചവനോട് ചേർന്ന് പ്രാർത്ഥനാനിരതനാവുക എന്നാണ്. പ്രാർത്ഥനയുടെ മനുഷ്യനായി മാറുക.

ശിഷ്യൻ ദൂരക്കാഴ്ചയുള്ളവനാകണം. ദൂരക്കാഴ്ച ലഭിക്കുവാൻ താഴ്‌വാരത്തു നിന്നു മലമുകളിലേക്ക് കയറണം. ഈ ഓർമ്മപ്പെടുത്തൽ ശിഷ്യർക്ക് നൽകാൻ അവരെ അവൻ മലമുകളിലേക്ക് വിളിച്ചു. താഴ്‌വാരത്ത് നിൽക്കുമ്പോൾ, ആൾക്കൂട്ടത്തിൽ നിൽക്കുമ്പോൾ, തൊട്ടടുത്തുള്ളവരെ മാത്രമേ കാണാൻ കഴിയൂ. എന്നാൽ മലമുകളിൽ കയറുമ്പോൾ എല്ലാവരെയും പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ടവരെയും മാറ്റിനിർത്തപ്പെട്ടവരെയും അവഗണിക്കപ്പെട്ടവനെയും ഒറ്റപ്പെട്ടവനെയും കാണുവാനുള്ള കാഴ്ച തെളിയും. അതുകൊണ്ട് ദൂരക്കാഴ്ച ലഭിക്കുന്ന മലമുകളിലേക്ക് കയറാനുള്ള വെല്ലുവിളി അവൻ ഏറ്റെടുക്കണം. ഉയർന്നുനിൽക്കുന്ന അൾത്താരയിൽ ബലിയർപ്പിക്കുന്ന പുരോഹിതൻ അതിന്റെ പ്രതീകമാണ്.

വീണ്ടും ഈശോ ശിഷ്യരെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നത് അവന്റെ ചിന്തകളും സ്വപ്നങ്ങളും ഉന്നതമാക്കി മാറ്റുക എന്നതാണ്. പലപ്പോഴും ശുഷ്കമായ ചിന്തകളിൽ ഒതുങ്ങിക്കിടക്കുന്നവരായി തിരഞ്ഞെടുക്കപ്പെട്ടവർ മാറുന്നുണ്ട്. എന്നാൽ ഉന്നതമായ ചിന്തകളിലേക്കുള്ള മലകയറാനുള്ള വെല്ലുവിളിയാണ് സമർപ്പിത ജീവിതം എന്ന തിരിച്ചറിവ് എന്നുമുണ്ടാകണം. എങ്കിൽ മാത്രമേ ഭരമേൽപിക്കപ്പെട്ട ദൈവജനത്തെ ഉന്നതനായ ദൈവം വസിക്കുന്ന ഇടത്തേക്ക് നയിക്കാൻ കഴിയുകയുള്ളൂ. ദൈവവിളി ലഭിച്ചവന്റെ കാഴ്ചപ്പാടുകൾ, ചിന്തകൾ ഉന്നതമാകുമ്പോൾ ദൈവജനത്തിന്റെ കാഴ്ചപ്പാടുകളും ഉന്നതമാകും. ഈ ഉറപ്പ് ഈശോയ്ക്ക് ഉള്ളതുകൊണ്ടാണ് അവൻ അപ്പസ്തോലന്മാരെ മലമുകളിലേക്ക് വിളിച്ച് ദൗത്യം ഭരമേല്പിച്ചത്.

ഇപ്രകാരം അവിടുത്തെ ശിഷ്യരാകാൻ ദൈവവിളി സ്വീകരിച്ചിറങ്ങുന്നവർക്ക് കരുത്താകേണ്ടത് അവരുടെ കുടുംബവും ബന്ധുക്കളും സുഹൃത്തുക്കളും ചേർന്ന സമൂഹമാണ്. ദൈവവിളിയുടെ ഉറവിടം കുടുംബമാണ്. ആഴമായി വിശ്വാസത്തിൽ ജീവിക്കുന്ന പ്രാർത്ഥനാചൈതന്യമുള്ള കുടുംബങ്ങളിൽ നിന്ന് ദൈവിക കാര്യങ്ങൾക്ക് വേണ്ടി തിരഞ്ഞെടുക്കപ്പെടുന്നവർ വളർന്നുവരും. ഇതില്ലെങ്കിൽ കുടുംബങ്ങളിൽ നിന്ന് ദൈവത്തിനു വേണ്ടി മാറ്റിനിർത്തപ്പെടുന്നവർ ഉണ്ടാകില്ല. അങ്ങനെ നോക്കിയാൽ കുഞ്ഞുങ്ങളുടെ ദൈവവിളിയെ വളർത്തുന്നതിലും തളർത്തുന്നതിലും നശിപ്പിക്കുന്നതിലും കുടുംബങ്ങൾക്ക് വലിയ പങ്കുണ്ട്.

# ദൈവകേന്ദ്രീകൃത കുടുംബങ്ങൾ

**ചെറുപുഷ്പ മിഷൻ ലീഗിന്റെ ഈ വർഷത്തെ പ്രവർത്തന വിഷയമായ ദൈവകേന്ദ്രീകൃത കുടുംബം ദൈവവിളിയുടെ ഉറവിടവും ശക്തിയും എന്ന വിഷയത്തെ അപഗ്രഥനം ചെയ്യുന്നു**



മോളി ജെയിംസ്
(റിട്ട. ഹെഡ്മിസ്ട്രസ്)

ആധുനിക കാലഘട്ടം മാറ്റത്തിന്റെ കുതിച്ചുചാട്ടത്തിലൂടെയാണ് കടന്നു പോകുന്നത്. ഇതുവരെ വച്ചുപുലർത്തിയിരുന്ന പല കാഴ്ചപ്പാടുകളും മാറി. ഇതിന്റെ പ്രതിഫലനം കുടുംബങ്ങളിലും സംഭവിക്കുന്നു. ഇന്നത്തെ കുട്ടികൾ അണുകുടുംബങ്ങളിലാണ് വളരുന്നത്. ആവശ്യപ്പെടുന്നത് എന്തും കിട്ടുന്നു, അധ്വാനത്തിന്റെയും പണത്തിന്റെയും വില അറിയാതെ അവർ വളരുന്നു. സോഷ്യൽ മീഡിയ, സിനിമകൾ, സീരിയലുകൾ, ഓൺലൈൻ ഗെയിമുകൾ ഇവയെല്ലാം അവരെ വേറൊരു മായിക ലോകത്തേക്ക് കൂട്ടിക്കൊണ്ടുപോകുന്നു.

## തകരുന്ന കുടുംബ ബന്ധങ്ങൾ

സിംഗിൾ പാരന്റിങ്ങിൽ വളരുന്ന കുട്ടികൾ, വല്യപ്പനും വല്യമ്മയും വളർത്തുന്ന കൊച്ചുമക്കൾ, വിവാഹമോചനം നേടിയവരുടെ മക്കൾ, മക്കൾ വിദേശത്ത് ആയിരിക്കുമ്പോൾ നിരാലംബരാകുന്ന വൃദ്ധ മാതാപിതാക്കൾ എന്നിങ്ങനെ ക്രിസ്തീയ കുടുംബങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ ഏറെയാണ്. അതോടൊപ്പം മാറിയ തൊഴിൽ മേഖല ജോലിസ്ഥലത്തെ മാനസിക സമ്മർദ്ദം, ഈഗോ, ടാർജറ്റ് അച്ചീവ്മെന്റ് ഇങ്ങനെ മാനസിക സമ്മർദ്ദവുമായി വീട്ടിലെത്തുമ്പോൾ ഒന്നിച്ചിരുന്ന് പ്രാർത്ഥിക്കാനോ സംസാരിക്കാനോ അവസരമില്ലാതെ ശ്വാസംമുട്ടുന്ന മനുഷ്യർ. ഇത് ലഹരി അടക്കമുള്ള ദുശീലങ്ങളിലേക്ക് അവരെ നയിക്കുന്നു.

## കാർഷിക മേഖലയുടെ തകർച്ച

കാർഷിക ഉൽപന്നങ്ങളുടെ വിലയിടിവ് അതോടൊപ്പം കാട്ടുമൃഗങ്ങളുടെ ആക്രമണം ഇവ മലയോര മേഖലയിലെ കുടിയേറ്റക്കാരായ ക്രിസ്ത്യൻ കുടുംബങ്ങളെ തകർത്തുകളഞ്ഞു. മണ്ണിനോട് മല്ലടിച്ച് മണ്ണറിഞ്ഞ് കൃഷി ചെയ്ത സ്ഥലങ്ങൾ ഇന്ന് കാടുപിടിച്ച് വെറുതെ കിടക്കുന്നു. കൃഷികൊണ്ട് പ്രയോജനമില്ല എന്നുറപ്പിച്ച മാതാപിതാക്കൾ യുവതലമുറയെ യുകെ, കാനഡ എന്നീ രാജ്യങ്ങളിലേക്ക് കടക്കാൻ പ്രോത്സാഹിപ്പിച്ചു. അതിന്റെ ഫലമോ, പോയവരെല്ലാം അവിടെ സ്ഥിരതാമസമാക്കി. ഇപ്പോൾ പല വീടുകളിലും വൃദ്ധരായ മാതാപിതാക്കൾ തനിച്ചായി.

## ജനസംഖ്യാ നിയന്ത്രണം

ഏതാണ്ട് 50 കൊല്ലം മുമ്പ് സർക്കാർ കൊണ്ടുവന്ന ജനസംഖ്യാ നിയന്ത്രണം പൂർണമായി ഏറ്റെടുത്ത് ക്രിസ്ത്യൻ കുടുംബങ്ങളാണ്. ഒന്നോ രണ്ടോ മക്കളെ നന്നായി വളർത്താനാണ് ഉദ്ദേശിച്ചെങ്കിലും കാലം പോകെ കുട്ടികൾക്ക് കൊടുത്ത അമിത ലാളനയും കരുതലും വിപരീത ഫലം ചെയ്തു. വഴക്ക് പറയാതെ അടിക്കാതെ ഇഷ്ടങ്ങൾ സാധിച്ചുകൊടുത്ത് ജോലിയൊന്നും ചെയ്യാതെ വളർത്തിയ ബാല്യ കൗമാരങ്ങൾ എപ്പോഴും ജയിക്കാൻ മാത്രം ഇഷ്ടപ്പെട്ടു. ജീവിതത്തിലെ പ്രതിസന്ധികൾ ഒന്നും നേരിടാൻ കെൽപ്പില്ലാതെ നിസ്സാര കാര്യങ്ങൾക്ക് മുമ്പിൽ അവർ ആത്മഹത്യ ചെയ്യുകയോ ദുശീലങ്ങൾക്ക് അടിമപ്പെടുകയോ ചെയ്യുന്നു. വിവാഹമോചനങ്ങൾക്കും ഒരു പരിധിവരെ ഇത് കാരണമാകുന്നു.

*മിഷൻ മാസമായി ആചരിക്കുന്ന ഒക്ടോബർ മാസത്തിൽ ഇന്നത്തെ കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ എങ്ങനെ നേരിടാമെന്നു വിചിന്തനം ചെയ്യാം:*

## കുടുംബാന്തരീക്ഷം സൗഹൃദമാക്കുക

ദുഃഖവും പരാജയവും പ്രശ്നങ്ങളും മനുഷ്യ ജീവിതത്തിൽ ഉണ്ടായേക്കാം. എന്നാൽ സൗഹൃദപരമായ കുടുംബ അന്തരീക്ഷത്തിൽ എല്ലാം തരണം ചെയ്യാൻ കുടുംബങ്ങൾക്ക് കഴിയും.

## പ്രാർത്ഥനയിൽ വളരുന്ന ബാല്യം

മാതാപിതാക്കൾ പ്രാർത്ഥിക്കുന്നത് കണ്ടാണ് മക്കൾ വളരുന്നത്. ദൈവവുമായി ഒരു തുറന്നുപറച്ചിൽ ആയിരിക്കണം പ്രാർത്ഥന. ആപത്തിൽ ആയിരിക്കുമ്പോൾ കൂടെയുണ്ടാവണേ എന്ന് പറയാനും, സന്തോഷം വരുമ്പോൾ നന്ദി പറയാനും ആയിരിക്കണം പ്രാർത്ഥന.

## മാതാപിതാക്കൾ മാതൃക

മാതാപിതാക്കളെ കണ്ടാണ് മക്കൾ വളരുന്നത്. നമ്മൾ അറിയാതെ തന്നെ അവർ നമ്മെ നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യും. ആഡംബരം ഒഴിവാക്കി ലളിത ജീവിതം നയിക്കാൻ രക്ഷിതാക്കൾ ശ്രദ്ധിക്കണം. മാതാപിതാക്കൾ എപ്പോഴും ഇക്കാര്യത്തിൽ ബോധവാന്മാരായിരിക്കണം.

## സമൂഹമാധ്യമങ്ങളുടെ ഉപയോഗം

ആധുനിക സമൂഹമാധ്യമങ്ങൾ ഒഴിവാക്കി നമുക്ക് ജീവിക്കാൻ ആവില്ല. അത് വേണ്ടതുപോലെ ഉപയോഗിക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കണം. നല്ല വശങ്ങളും ചീത്ത വശങ്ങളും തുറന്നു സംസാരിക്കുക.

## മതബോധനം

ഈശോ ശിഷ്യന്മാരെ പഠിപ്പിച്ചത് കഥകളിലൂടെയാണ് ഈ കഥകളുടെ പ്രമേയം നിത്യജീവിതത്തിൽ പകർത്താനുതകുന്നതായിരുന്നുതാനും. ആ രീതിയിലാവണം കുട്ടികൾക്കുള്ള പാഠങ്ങളും. ജീവിതഗന്ധി ആയിരിക്കണം മതബോധന പാഠങ്ങൾ.

## പുരോഹിതർക്കും സന്യസ്തർക്കുമുള്ള പങ്ക്

മറ്റുള്ളവരുടെ വാക്കിനേക്കാൾ പുരോഹിതരുടെയോ സന്യസ്തരുടെയോ സന്ദർശനം, ഒരന്വേഷണം ഒരു വാക്ക് ഒരു ശാസന ഇവയ്ക്കൊക്കെ ശക്തി കൂടുതലാണ്. ശ്രദ്ധിക്കാൻ ആളുണ്ട് എന്ന ഒരു തോന്നൽ മുതിർന്നവരെ പോലും ജാഗ്രതയുള്ളവർ ആയിരിക്കാൻ പ്രേരിപ്പിക്കും.

# കൈത്താങ്ങാകാൻ ക്ഷേമ പദ്ധതികൾ

**ക്ഷേമനിധികളിൽ അംഗത്വം എടുക്കാൻ സഹായിക്കുകയും മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന സംഘടനയാണ് കെസിബിസിയുടെ നിയന്ത്രണത്തിലും വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കീഴിലും പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റ്**



ഫാ. ജെയ്സൺ കാരക്കുന്നേൽ
(ഡയറക്ടർ, കെഎൽഎം, താമരശ്ശേരി രൂപത)

ഇന്ത്യയുടെ സാമ്പത്തിക വളർച്ചയുടെ പിന്നിലെ ചാലക ശക്തിയാണ് അസംഘടിത മേഖലകളിൽ ജോലിചെയ്യുന്ന തൊഴിലാളികൾ. 2021–22 വർഷത്തെ ഇക്കണോമിക് സർവേ പ്രകാരം ഇന്ത്യയിലെ 44 കോടി ജനങ്ങൾ അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്നവരാണ്. അതിൽ തന്നെ 67% ആളുകളും കാർഷിക അനുബന്ധ മേഖലയിൽ പ്രവർത്തിക്കുന്നു. ഉൽപ്പന്നങ്ങളുടെ വിലയിടിയവും വിലക്കയറ്റവും സുരക്ഷിതത്വമില്ലാത്ത ജോലി മേഖലകളും അസംഘടിത മേഖലയിലെ തൊഴിലാളികൾക്കിടയിൽ ഉണ്ടാക്കുന്ന അരക്ഷിതാവസ്ഥ ആശങ്കാജനകമാണ്. ഇതിന് പരിഹാരമായാണ് കേന്ദ്ര–സംസ്ഥാന സർക്കാരുകൾ ഈ മേഖലകളിലുള്ളവർക്കായി ക്ഷേമ, പെൻഷൻ പദ്ധതികൾ ആരംഭിച്ചത്. അവയെക്കുറിച്ച് വിശദമായി അറിയാം:

## അടൽ പെൻഷൻ യോജന

60 വയസ്സിനു മുകളിൽ പ്രായമുള്ള അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന ഏതൊരു ഇന്ത്യൻ പൗരനും പെൻഷൻ ലഭ്യമാക്കുന്ന പദ്ധതി. പെൻഷൻ ലഭ്യമാകേണ്ട വ്യക്തി ഈ പദ്ധതിയിൽ ചേരേണ്ടത് 18–നും 40–നും ഇടയിൽ പ്രായമുള്ളപ്പോഴാണ്. പ്രതിമാസം 1000 രൂപ മുതൽ 5000 രൂപ വരെ പെൻഷനായി ലഭിക്കുന്നതിന് അതനുസരിച്ചുള്ള പ്രീമിയം മാസത്തവണകളായി അടയ്ക്കണം. സേവിങ്സ് ബാങ്ക് അക്കൗണ്ട് വഴി നേരിട്ട് പ്രീമിയം അടച്ച് ഈ പദ്ധതിയിൽ ചേരാവുന്നതാണ്.

## പ്രധാൻമന്ത്രി ജീവൻ ജ്യോതി ഭീമ യോജന

ഈ പദ്ധതിയിൽ അംഗമായ വ്യക്തി ഏതെങ്കിലും വിധത്തിൽ മരണമടഞ്ഞാൽ രണ്ടു ലക്ഷം രൂപയുടെ പരിരക്ഷ നോമിനിക്ക് ലഭിക്കും. സേവിങ് ബാങ്ക് അക്കൗണ്ട് ഉള്ള ബാങ്ക് വഴി വാർഷിക പ്രീമിയം തുകയായ 436 രൂപ അടച്ച് ഈ പദ്ധതിയിൽ അംഗത്വം എടുക്കാം. ഈ പദ്ധതിയുടെ കാലാവധി ഒരു വർഷം ആണ്. 18 വയസ്സ് മുതൽ 50 വയസ്സുവരെ പ്രായമുള്ളവർക്കാണ് ഈ പദ്ധതിയിൽ അംഗത്വം എടുക്കാൻ സാധിക്കുന്നത്.

## പ്രധാൻമന്ത്രി സുരക്ഷാ ഭീമ യോജന

അപകട ഇൻഷുറൻസ് പദ്ധതിയാണിത്. പദ്ധതി കാലയളവിൽ അപകടങ്ങൾ സംഭവിച്ച് മരണമടയുകയോ, പൂർണ്ണമായോ ഭാഗികമായോ അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ 2 ലക്ഷം രൂപ വരെ ലഭിക്കുന്നു. 18 വയസ്സ് മുതൽ 70 വയസ്സ് പ്രായമുള്ളവർക്കാണ് ഈ പദ്ധതിയിൽ അംഗത്വം എടുക്കാവുന്നത്. അക്കൗണ്ട് ഉള്ള ബാങ്ക് വഴി വാർഷിക പ്രീമിയമായ 20 രൂപ അടച്ച് പദ്ധതിയിൽ അംഗത്വം എടുക്കാവുന്നതാണ്.

**60 വയസ്സ് പൂർത്തി ആയതിനുശേഷം വാർദ്ധക്യ പെൻഷന് അപേക്ഷിക്കാൻ സാധിക്കുമല്ലോ. അപ്പോൾ പിന്നെ ഈ ക്ഷേമനിധികളിൽ അംഗത്വം എടുക്കേണ്ടതിന്റെ ആവശ്യം എന്താണ്?**

● വാർദ്ധക്യ പെൻഷൻ നൽകുന്നതിന് സർക്കാർ ഇപ്പോൾ നിരവധി മാനദണ്ഡങ്ങൾ ചേർത്തിട്ടുണ്ട്. രണ്ട് ഏക്കറിൽ കൂടുതൽ ഭൂമിയുള്ളവർ, 1200 സ്ക്വയർ ഫീറ്റിൽ കൂടിയ വീട് ഉള്ളവർ, 1000 സിസിക്ക് മുകളിലുള്ള വാഹനങ്ങൾ ഉള്ളവർ തുടങ്ങിയവർക്ക് വാർദ്ധക്യ പെൻഷൻ ഇനി ലഭിക്കുന്നതല്ല. അതിനാൽ ഭാവി സുരക്ഷിതമാക്കാൻ ഏറ്റവും നല്ല മാർഗ്ഗം തങ്ങൾ ചെയ്യുന്ന ജോലിക്ക് അനുസരിച്ച് ഉള്ള ക്ഷേമ പെൻഷൻ പദ്ധതിയിൽ ചേരുക എന്നുള്ളത് തന്നെയാണ്.

## കേരള സർക്കാരിന്റെ ക്ഷേമനിധികൾ

60 വയസ്സ് പൂർത്തിയായതിനുശേഷം യാതൊരുവിധ സർക്കാർ പെൻഷനും ലഭിക്കാത്ത ആളുകൾക്ക് തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ജോലിയുടെ മാനദണ്ഡത്തിൽ മാസം 1600 രൂപ വീതം ക്ഷേമനിധികളിൽ നിന്നും പെൻഷൻ ലഭിക്കും. അതിനായി 55 വയസ്സിന് മുൻപ് തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ജോലിയുടെ അടിസ്ഥാനത്തിൽ പെൻഷൻ പദ്ധതിയിൽ അംഗത്വം എടുക്കണം. ഓരോരുത്തർക്കും അനുയോജ്യമായ വിവിധ ക്ഷേമനിധികൾ താഴെക്കൊടുത്തിരിക്കുന്നവയിൽ നിന്നും തിരഞ്ഞെടുക്കാവുന്നതാണ്.

## ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി

റബർ, കാപ്പി, കൊക്കോ, കശുമാവ് തുടങ്ങിയ ഏതെങ്കിലും തോട്ടവിളകൾ രണ്ടര ഏക്കറിൽ കുറഞ്ഞ ഭൂമിയിൽ കൃഷി ചെയ്യുന്ന ഏതൊരാൾക്കും ചെറുകിട തോട്ടത്തിലെ സ്വയം തൊഴിലാളി എന്ന രൂപത്തിൽ ക്ഷേമനിധിയിൽ അംഗത്വം എടുക്കാവുന്നതാണ്. മറ്റൊരാളുടെ തോട്ടത്തിൽ തൊഴിൽ എടുക്കുന്നയാൾക്കും ഇതിൽ അംഗത്വം എടുക്കാവുന്നതാണ്. പ്രായപരിധി 18–55 വയസ്സ്. ഒരു വർഷത്തെ പ്രീമിയം 720 രൂപ ആണ്.

## മത്സ്യത്തൊഴിലാളി ക്ഷേമനിധി

മത്സ്യം പിടിക്കുന്നവർ, മത്സ്യം വളർത്തുന്നവർ, മത്സ്യ കച്ചവടം നടത്തുന്നവർ തുടങ്ങിയവർക്ക് അംഗങ്ങളാകാം.

## ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്

കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെയും, സ്വയംതൊഴിൽ ചെയ്യുന്നവരുടെയും ക്ഷേമത്തിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്. പ്രായപരിധി 18–55 വയസ്സ്. വാർഷിക പ്രീമിയം 1800 രൂപ ആണ്.

## തയ്യൽ തൊഴിലാളി ക്ഷേമനിധി

കടകളിലോ, വീട്ടിലോ തുന്നൽ പണിയോ എംബ്രോയ്ഡറിയോ നടത്തുന്നവർക്ക് ഈ പദ്ധതിയിൽ ചേരാം. വാർഷിക പ്രീമിയം 600 രൂപ. പ്രായപരിധി 18–55 വയസ്സ്. ജില്ലാ ക്ഷേമനിധി ഓഫീസിലാണ് രജിസ്ട്രേഷൻ നടത്തേണ്ടത്.

## അസംഘടിത തൊഴിലാളി ക്ഷേമനിധി

ഗാർഹിക തൊഴിലാളികളും, കരകൗശല തൊഴിലാളികളും, ഹാൻഡ് എംബ്രോയിഡറി ചെയ്യുന്നവരും, ചിത്രം വരയ്ക്കുന്നവരും, പരസ്യ രംഗത്ത് പെയിന്റ് ചെയ്തു ജീവിക്കുന്നവരും തുടങ്ങി നൂറോളം മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് ചേരാവുന്ന ക്ഷേമനിധിയാണിത്. ഒരുവർഷം അടയ്ക്കേണ്ട തുക 1200 രൂപ. പ്രായപരിധി 18–55 വയസ്.

## കർഷക തൊഴിലാളി ക്ഷേമനിധി

കൃഷിയിടങ്ങളിൽ കൂലിവേല ചെയ്യുന്നവർക്ക് അംഗങ്ങളാകാം. മിക്കവാറും എല്ലാ പഞ്ചായത്തിലും അംഗങ്ങളെ ചേർക്കുന്നതിനായുള്ള സിറ്റിങ്ങിൽ ബന്ധപ്പെട്ട രേഖകളുമായി എത്തുകയാണെങ്കിൽ അംഗത്വം ലഭിക്കും. വാർഷിക പ്രീമിയം 240 രൂപ ആണ്.

## മോട്ടോർ തൊഴിലാളി ക്ഷേമനിധി

ബസ് ജീവനക്കാർ, ഓട്ടോറിക്ഷ ഡ്രൈവർ, ടാക്സി വാഹനങ്ങൾ പണിയെടുക്കുന്നവർ തുടങ്ങിയവർക്ക് അംഗങ്ങളാകാം. വാഹനത്തിനനുസരിച്ച് പ്രീമിയം തുകയിൽ വ്യത്യാസം വരുന്നതായിരിക്കും.

## നിർമ്മാണ തൊഴിലാളി ക്ഷേമനിധി

മണ്ണ് പണിയെടുക്കുന്നവർ, കരിങ്കല്ലിന്റെ പണി, ചെങ്കല്ല്, വാർപ്പ്, തേപ്പ്, വയറിങ്, പ്ലംബിങ്, പെയിന്റിങ്, വെൽഡിങ് തുടങ്ങി കെട്ടിട നിർമ്മാണത്തിന്റെ ഏതു മേഖലയിലുള്ളവർക്കും അംഗത്വം എടുക്കാം. അതിനായി ക്ഷേമനിധി ഓഫീസിൽ തൊഴിലാളി ഒരു ദിവസം നേരിട്ട് ഹാജരാകേണ്ടതാണ്. വാർഷിക പ്രീമിയം 600 രൂപ ആണ്.

മേൽപ്പറഞ്ഞ ക്ഷേമനിധികളിൽ അംഗത്വം എടുത്ത് മുടങ്ങാതെ അംശദായമടക്കുന്നവർക്ക് നിരവധി ആനുകൂല്യങ്ങളും കൂടെ ലഭിക്കുന്നുണ്ട്.

- 60 വയസ്സ് പൂർത്തിയാകുമ്പോൾ ഇപ്പോഴത്തെ പെൻഷൻ തുകയായ 1600 രൂപ പ്രതിമാസം ലഭിക്കും.
- അംശദായം അടച്ചു കൊണ്ടിരിക്കുമ്പോൾ ശാരീരിക അവശത മൂലം തൊഴിലെടുക്കാൻ പറ്റാതെ വന്നാൽ അവശത പെൻഷൻ, മരണമടഞ്ഞാൽ കുടുംബ പെൻഷൻ.
- അംഗം വിവാഹം കഴിക്കുമ്പോഴും അംഗത്തിന്റെ പെൺമക്കളുടെ വിവാഹത്തിനും ധനസഹായം.
- അംശദായം അടച്ചു കൊണ്ടിരിക്കുന്ന അംഗത്തിന്റെ മക്കൾക്ക് ഹയർ സെക്കൻഡറി തലം മുതൽ മെറിറ്റ് അനുസരിച്ച് സ്കോളർഷിപ്പും മികച്ച വിജയത്തിന് ധനസഹായവും ലഭിക്കും.
- സർക്കാർ ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് അംഗത്തിനും കുടുംബത്തിനും സഹായം.
- മരണാനന്തര ചിലവുകൾക്ക് അടിയന്തര സഹായം.
- അംഗത്തിന്റെ പ്രസവത്തിന് ധനസഹായം.

മേൽ വിവരിച്ച വിവിധ ക്ഷേമനിധികളിൽ അംഗത്വം എടുക്കാൻ താൽപര്യമുള്ളവർക്ക് താമരശ്ശേരി രൂപതയുടെ കേരള ലേബർ മൂവ്മെന്റ് വഴി എല്ലാ പിന്തുണയും നൽകി വരുന്നുണ്ട്. അംഗത്വം എടുക്കുവാൻ താല്പര്യമുള്ളവർക്ക് കേരള ലേബർമെന്റ് ഓഫീസിൽ ബന്ധപ്പെടാവുന്നതാണ്
ബന്ധപ്പെടേണ്ട നമ്പർ: **97443 42000.**

## ആദരാഞ്ജലികൾ



**ഏലിയാമ്മ അരിമന**
ചാത്തങ്കോട്ടുനട
പ്രാർത്ഥനയോടെ സന്തപ്ത കുടുംബാംഗങ്ങൾ

ഞാനാണ് പുനരുത്ഥാനവും ജീവനും എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും (യോഹ–11:25)

## 4–ാം ചരമ വാർഷികം
(23-09-2024)



**പൗളിൻ വർഗ്ഗീസ്**
ചിറ്റിലപ്പിള്ളി, പെരിന്തൽമണ്ണ
Birth: 22-03-1958 Death: 23- 09-2020
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

## ആദരാഞ്ജലികൾ



**ബൈജു ഡൊമിനിക് (52)**
കൊമ്മറ്റത്തിൽ, മുതുകാട്
Birth: 23-11-1972 Death: 11-08-2024
പ്രാർത്ഥനയോടെ, കുടുംബാംഗങ്ങൾ



വലിയ ദുരന്തമാണ് വയനാടും വിലങ്ങാടും സംഭവിച്ചത്. ദുരന്തത്തിന്റെ വേദന അനുഭവിക്കുന്നവരോടൊപ്പമാണ് നാം. അവരുടെ വേദന നമ്മുടെ വേദനയായി കാണണം. അവരുടെ സ്ഥാനത്ത് നമ്മൾ ആയിരുന്നെങ്കിലോ എന്ന് ചിന്തിക്കണം. നമ്മുടെ പ്രാർത്ഥനകളിൽ അവരെ നമുക്ക് ഓർക്കാം. അവർക്കായി പ്രാർത്ഥിക്കാം. പുനരധിവാസ പ്രവർത്തനങ്ങളിൽ ആവുംവിധം എല്ലാവരും സഹകരിക്കണം.

● **ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

# ഒറ്റയ്ക്കല്ല, ഒപ്പമുണ്ട്

- വിലങ്ങാട്ടെ ദുരന്തബാധിത മേഖലയിൽ സജീവ പ്രവർത്തനങ്ങളുമായി താമരശ്ശേരി രൂപത.
- പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ രൂപതാതല കോ-ഓഡിനേഷൻ കമ്മറ്റി.



**മോൺ. അബ്രാഹം വയലിൽ**
**(താമരശ്ശേരി രൂപതാ വികാരി ജനറൽ)**

സമാനതകളില്ലാത്ത അതിഭീകരമായ അവസ്ഥയിലൂടെയാണ് വിലങ്ങാട് ഫൊറോനയിലെ വിവിധ പ്രദേശങ്ങൾ കഴിഞ്ഞ ദിവസങ്ങളിൽ കടന്നു പോയത്. വീടും വസ്തുവകകളും കൃഷിയിടവുമെല്ലാം ഒറ്റരാത്രി ഇരുട്ടി വെളുത്തപ്പോൾ ഇല്ലാതായി. രക്ഷാപ്രവർത്തനത്തിനായി ഇറങ്ങിയ മഞ്ഞക്കുന്ന് ഇടവകയുടെ മുൻകൈക്കാരനും റിട്ട. അധ്യാപകനുമായ മാത്യു കുളത്തിങ്കലിന്റെ ജീവൻ പൊലിഞ്ഞു.

വിറങ്ങലിച്ച് നിൽക്കുന്ന വിലങ്ങാടിനൊപ്പമാണ് താമരശ്ശേരി രൂപത. ദുരന്ത നിമിഷം മുതൽ രക്ഷാപ്രവർത്തനങ്ങളിലും പുനരധിവാസ പ്രവർത്തനങ്ങളിലും താമരശ്ശേരി രൂപതയുടെ സംവിധാനങ്ങൾ വിവിധ വൈദികരുടെ നേതൃത്വത്തിൽ ശക്തമായി ഇടപെട്ടു. വിലങ്ങാട്, മഞ്ഞക്കുന്ന് പള്ളികളും അവയുടെ പരിസരങ്ങളും പള്ളിക്കൂടവുമൊക്കെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിട്ടു നൽകി.

മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്രമന്ത്രി ജോർജ് കുര്യൻ എന്നിവരെയും മറ്റ് മന്ത്രിമാരെയും സന്ദർശിച്ച് വിലങ്ങാടിന്റെ ദുരിതസ്ഥിതി ബിഷപ് അവതരിപ്പിച്ചു. ഉദ്യോഗസ്ഥരുടെയും മാധ്യമങ്ങളുടെയും കൂടുതൽ ശ്രദ്ധ ലഭിക്കുവാൻ ബിഷപ്പിന്റെ ഇടപെടലിലൂടെ സാധിച്ചു. ഭരണ പ്രതിപക്ഷ നേതാക്കൾ വിലങ്ങാട് സന്ദർശിച്ചു.

വിലങ്ങാട് ഫൊറോന വികാരി ഫാ. വിൽസൺ മുട്ടത്തുകുന്നേൽ, മഞ്ഞക്കുന്ന് വികാരി ഫാ. ടിൻസ് മറ്റപ്പള്ളിൽ എന്നിവരുടെ നേതൃത്വത്തിൽ ഫൊറോനയിലെ മറ്റ് വികാരിയച്ചന്മാരുടെ സഹകരണത്തോടെ പുനരധിവാസ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

പുനരധിവാസ പ്രവർത്തങ്ങൾ രൂപതാതലത്തിൽ ഏകോപിപ്പിക്കുന്നതിന് വികാരി ജനറലിന്റെ നേതൃത്വത്തിൽ അൽമായ പ്രതിനിധികളും വൈദിക പ്രതിനിധികളും അടങ്ങിയ രൂപതാതല കോ-ഓഡിനേഷൻ കമ്മറ്റി രൂപീകരിച്ചു. കമ്മറ്റിയുടെ നിർദേശ പ്രകാരം, ആദ്യ ഘട്ടത്തിൽ ദുരിത ബാധിത പ്രദേശത്തിന്റെ സ്ഥിതി വിവര കണക്കുകൾ ശേഖരിച്ചു. എയ്ഡർ ഫൗണ്ടേഷൻ അതിനായി വിശദമായ ഒരു ചോദ്യാവലി തയ്യാറാക്കി, തെരഞ്ഞെടുക്കപ്പെട്ട യുവജനങ്ങൾക്ക് പരിശീലനം നൽകി സർവ്വേ നടത്തി. കെസിവൈഎം ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിലിന്റെ നേതൃത്വത്തിൽ സർവേ പൂർത്തിയാക്കി.

ഈ സർവേയുടെ അടിസ്ഥാനത്തിൽ എത്ര വീടുകൾ പുനർനിർമ്മിക്കണം, ഭാഗികമായി അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കണം, ആരെയെല്ലാം പുനരധിവസിപ്പിക്കണം, ഇവരുടെ താത്കാലിക താമസം സംബന്ധിച്ച കാര്യങ്ങൾ, താത്കാലിക വരുമാനം എങ്ങനെ ലഭ്യമാക്കാം, കുട്ടികളുടെ തുടർ വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിൽ തീരുമാനമെടുക്കും. ഉരുൾ പൊട്ടിയ മേഖലകൾ വാസയോഗ്യമല്ലാത്തതിനാൽ സമീപ പ്രദേശങ്ങളിൽ വാസയോഗ്യമായ സ്ഥലങ്ങൾ കണ്ടെത്താൻ ശ്രമം ആരംഭിച്ചു. കുടുംബങ്ങൾക്ക് ഉപജീവന മാർഗ്ഗമായി പശു, ആട് മുതലായ വളർത്തുമൃഗങ്ങളെ നൽകാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തു വരുന്നു.

സർക്കാർ തലത്തിൽ എന്തെല്ലാം സഹായങ്ങൾ ദുരിത ബാധിതർക്ക് ലഭ്യമാക്കാൻ സാധിക്കുമോ അതെല്ലാം എത്തിക്കാൻ പരിശ്രമിക്കുന്നു. ഇതിന്റെ ഭാഗമായി ഫാ. ജിയോ പുതുശേരിപുത്തൻപുരയിലിനെ വിവിധ ഏജൻസികളെ ഏകോപിപിക്കുന്നതിനായി നിയോഗിച്ചു. ദുരിത ബാധിതർക്ക് നഷ്ടപ്പെട്ട ഗവൺമെന്റ് രേഖകളുടെ ഡ്യൂപ്ലിക്കേറ്റ് ലഭ്യമാക്കുന്നതിന് സഹായങ്ങൾ നൽകി. പ്രദേശത്തെ കുടിവെള്ള ക്ഷാമത്തിന് മുൻഗണനാ ക്രമത്തിൽ പരിഹാരം കണ്ടെത്തും.

തിരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് പ്രതിമാസം നിശ്ചിതതുക സഹായധനമായി ലഭിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തു. ദുരിത മേഖലയിലെ ആളുകൾക്ക് തൊഴിൽ കണ്ടെത്താനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

# ഹൃദയ





"ഉരുൾപൊട്ടലിൽ വീടു നഷ്ടപ്പെട്ടവർ ബന്ധുവീടുകളിലും വാടക വീടുകളിലുമൊക്കെയാണ് താമസിക്കുന്നത്. അവർക്ക് എത്രയും വേഗം വീട് നിർമിക്കണം.

കൃഷിയാണ് മിക്കവരുടെയും പ്രധാന വരുമാന മാർഗം. കൃഷിയിടങ്ങൾ താറുമാറായതോടെ ഇനി എന്ത് എന്ന ആശങ്കയിലാണ് ഇവർ. ചെറുകിട കാർഷിക വ്യവസായങ്ങൾക്ക് ഊന്നൽ നൽകി പദ്ധതികൾ സർക്കാർ തലത്തിൽ രൂപീകരിക്കണം.

ഇനി ഈ മേഖല അഭിമുഖീകരിക്കാൻ പോകുന്ന വലിയ പ്രശ്നം കുടിവെള്ള ക്ഷാമമാണ്. അതിന് ശാശ്വതമായൊരു പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു.

തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനഃസ്ഥാപനം കാലതാമസമില്ലാതെ നടത്തേണ്ടതുണ്ട്."

● **ഫാ. വിൽസൺ മുട്ടത്തുകുന്നേൽ**
**(വിലങ്ങാട് സെന്റ് ജോർജ് ഫൊറോന വികാരി)**



"ആദ്യമുണ്ടായ ഉരുൾപൊട്ടലിൽ തന്നെ ആളുകൾ ജാഗരൂകരായി. ഫോൺ വഴിയും വാട്സാപ്പ് ഗ്രൂപ്പുകൾ വഴിയും വിവരങ്ങളറിഞ്ഞ് വീട്ടിൽ നിന്ന് ഇറങ്ങി സുരക്ഷിത സ്ഥാനങ്ങളിലേക്ക് എത്തിയതുകൊണ്ടാണ് ഇവിടെ ജീവഹാനി കുറഞ്ഞത്. ദൈവത്തിന്റെ പ്രത്യേക ഇടപെടലായി അതിനെ കാണുന്നു. ആളുകളെല്ലാം വളരെ സജീവമായി രക്ഷാപ്രവർത്തനത്തിന് എത്തിയിരുന്നു. എല്ലാവരുടെയും പ്രാർത്ഥനയും സഹായവും വേണ്ട സമയങ്ങളിലൂടെയാണ് ഈ നാട് കടന്നു പോകുന്നത്. വീടു നഷ്ടപ്പെട്ടവർ, കൃഷിയിടങ്ങൾ നഷ്ടപ്പെട്ടവർ, ജോലി നഷ്ടപ്പെട്ടവർ എന്നിങ്ങനെ എല്ലാവരെയും ചേർത്ത് പിടിച്ച് അവർക്ക് നഷ്ടപ്പെട്ടതെല്ലാം വീണ്ടെടുക്കുവാൻ നമുക്ക് കൈകോർക്കാം."

● **ഫാ. ടിൻസ് മറ്റപ്പള്ളി**
**(മഞ്ഞക്കുന്ന് സെന്റ് അൽഫോൻസ പള്ളി വികാരി)**

# പൊട്ടി



# ഒരു കോടി ആളുകൾ കണ്ട 'റീൽ'

വിലങ്ങാട് ഉരുൾപൊട്ടൽ മാധ്യമ ശ്രദ്ധ നേടിയത് വളരെ പതുക്കെയായിരുന്നു. അതു മനസിലാക്കിയാണ് വ്ളോഗറായ വാളൂക്ക് ഇടവകാംഗം ആൽബിൻ ജോസ് തറപ്പേൽ ഇതുസംബന്ധിച്ചൊരു റീൽ ചെയ്യുന്നത്. പൊതുജന ശ്രദ്ധയിൽ വിലങ്ങാടിനെയും എത്തിക്കാൻ ആൽബിന്റെ റീൽസും വലിയ പങ്കുവഹിച്ചു. ആ റീൽസ് ചെയ്യാൻ ഇടായായ സാഹചര്യത്തെക്കുറിച്ച് ആൽബിൻ വിവരിക്കുന്നു:

തിരുവനന്തപുരത്താണ് ഞാൻ ജോലി ചെയ്യുന്നത്. അന്ന് രാവിലെ എണീറ്റ് ഫോൺ നോക്കിയപ്പോൾ രണ്ടു മിസ്ഡ് കോൾ. ഒന്ന് അനിയനായിരുന്നു. രണ്ടാമത്തേത് വീടിന് അടുത്തുള്ള ഒരാൾ. രണ്ടു പേരും യുകെയിലാണ്. ഒരു അപകട സൂചന പോലെ എനിക്ക് തോന്നിയിരുന്നു. അവരെ തിരിച്ച് വിളിച്ച് നോക്കിയപ്പോൾ കിട്ടിയില്ല. പിന്നെ വീട്ടിലേക്ക് വിളിച്ചപ്പോൾ ആരെയും കിട്ടുന്നില്ല. നാട്ടിലുള്ള പലരെയും വിളിച്ചു കിട്ടിയില്ല. കറന്റ് പോയാൽ വാളൂക്കിൽ ഫോണിന് റേഞ്ച് കിട്ടില്ല.

പിന്നീട് വിലങ്ങാടുകാരനായ ഒരു അധ്യാപകനെ വിളിച്ചപ്പോഴാണ് ഉരുൾപൊട്ടലിനെക്കുറിച്ച് അറിയുന്നത്. ടിവിയിലും യൂട്യൂബിലും പരതി. പക്ഷെ, വാർത്തകളിലൊന്നും വിലങ്ങാടിനെക്കുറിച്ച് പറയുന്നുണ്ടായിരുന്നില്ല. വയനാട്ടിലെ ഉരുൾപൊട്ടൽ വാർത്തകൾ മാത്രമായിരുന്നു മാധ്യമങ്ങളിൽ അപ്പോൾ. ഇടയ്ക്ക് വിലങ്ങാട് ഉരുൾപൊട്ടിയതായി വാർത്ത സ്ക്രോൾ ചെയ്തു പോകുന്നുണ്ടായിരുന്നു.



**ആൽബിൻ ജോസ്**

നാട്ടിൽ നടന്നൊരു വലിയ ദുരന്തം മാധ്യമ ശ്രദ്ധ കിട്ടാതെ പോകരുതെന്നുണ്ടായിരുന്നു. കൂടാതെ അവിടേയ്ക്ക് അടിയന്തര സഹായങ്ങൾ എത്തണമെങ്കിൽ കൂടുതൽ ആളുകൾ അറിയണമെന്നു തോന്നി. അങ്ങനെയാണ് വിലങ്ങാട് ഉരുൾപൊട്ടലിനെക്കുറിച്ചുള്ള റീൽ ചെയ്തത്.

ഒരു കോടിയോളം ആളുകൾ എന്റെ പ്രൊഫൈലിൽ നിന്നു തന്നെ ആ റീൽ കണ്ടു. ഒന്നേ മുക്കാൽ ലക്ഷത്തോളം ആളുകൾ എന്റെ പ്രൊഫൈലിൽ നിന്നു മാത്രം അത് ഷെയർ ചെയ്തു.

സിനിമാ താരങ്ങളായ പേളി മാണി, ദുർഗാ കൃഷ്ണ തുടങ്ങിയവരൊക്കെ അത് ഷെയർ ചെയ്തു. ദുർഗാ കൃഷ്ണ വിലങ്ങാടെത്തി സംഭവ സ്ഥലം സന്ദർശിച്ചിരുന്നു. സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

വാളൂക്ക് തറപ്പേൽ ജോസ്–ആൻസി ദമ്പതികളുടെ മകനാണ് ആൽബിൻ. സഹോദരങ്ങൾ: ഐവിൻ, ജാസ്മിൻ. വാക് വിത്ത് ആൽബി എന്ന പേരിലാണ് യൂട്യൂബ്, ഇൻസ്റ്റാഗ്രാം പേജുകൾ.

# മുന്നിട്ടിറങ്ങി യുവജനങ്ങൾ



**ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ**
**(കെസിവൈഎം, താമരശ്ശേരി രൂപതാ ഡയറക്ടർ)**

നാടിനെ നടുക്കിയ ദുരന്തത്തിൽ രക്ഷാപ്രവർത്തനത്തിനായി ആദ്യമെത്തിയത് നാട്ടുകാരോടൊപ്പം യുവജനങ്ങളായിരുന്നു. ഉരുൾപൊട്ടൽ നടന്ന അന്ന് പുലർച്ചെ തന്നെ കെസിവൈഎം യുവജനങ്ങളുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം ആരംഭിച്ചു. ആളുകളെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റുന്നതിലും മറ്റു പ്രവർത്തനങ്ങളിലും കയ്യും മെയ്യും മറന്ന് അവർ പ്രവർത്തിച്ചു. രാവിലെ പത്തുമണിയോടെ വിവിധ മേഖലകളിലെ കെസിവൈഎം ടാസ്ക് ഫോഴ്സ് വിലങ്ങാട്ട് എത്തിച്ചേർന്നു. ക്യാമ്പുകളിൽ കഴിയുന്നവർക്ക് സാധനങ്ങൾ എത്തിച്ചു കൊടുക്കുന്നതിനും കടകളും വീടുകളും വൃത്തിയാക്കുന്നതിനും മറ്റുമൊക്കെയായി നിരവധിപേർ ഇവിടെ എത്തിച്ചേർന്നു.

അവശ്യ സാധനങ്ങൾ എത്തിച്ചു നൽകുന്നതിൽ കോൺടാക്ട് പേഴ്സണായി പ്രവർത്തിച്ചതു യുവജനങ്ങളാണ്. പുനരുത്ഥാരണ പ്രവർത്തനങ്ങൾക്കായ് കെസിവൈഎം കോമൺ കളക്ഷൻ ഫണ്ട് ആരംഭിച്ചു. മാധ്യമങ്ങളുടെ ശ്രദ്ധ വിലങ്ങാട്ടേക്ക് ആകർഷിക്കുന്നതിനായി വിവിധ സ്റ്റാറ്റസ് വീഡിയോകൾ കെസിവൈഎമ്മിന്റെ നേതൃത്വത്തിൽ യുവജനങ്ങൾ പുറത്തിറക്കി. രൂപതയുടെ നിർദ്ദേശ പ്രകാരം 275 വീടുകൾ സന്ദർശിച്ച് സർവേ നടത്തി വിദഗ്ധ റിപ്പോർട്ട് സമർപ്പിച്ചു. വിലങ്ങാട് സ്കൂളിലെ കുട്ടികൾക്കായി ഏകദിന പരിപാടി സംഘടിപ്പിച്ചു.

ഉരുൾപൊട്ടലിനെത്തുടർന്ന് വിലങ്ങാട്, മഞ്ഞക്കുന്ന് പ്രദേശങ്ങളിൽ കഷ്ടതയനുഭവിക്കുന്നവർക്കായി താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ നടത്തുന്ന പുനരധിവാസ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളിയാകാം. ഇതോടൊപ്പം നൽകിയിരിക്കുന്ന ക്യുആർ കോഡ് സ്കാൻ ചെയ്ത് (Gpay, PhonePe, Etc) സംഭാവനകൾ അയയ്ക്കാം. സംശയ നിവാരണത്തിനും മറ്റു വിവരങ്ങൾക്കും വിളിക്കേണ്ട നമ്പർ: 9446197752

# അതിജീവനത്തിന്റെ സ്നേഹഗാഥ



**ഫാ. ബെന്നി കാരക്കാട്ട്**
**(തോട്ടുമുക്കം സെന്റ് തോമസ് ഫൊറോന വികാരി)**

2019 ആഗസ്റ്റ് എട്ടിനായിരുന്നു നാലു പേരുടെ ജീവൻ കവർന്ന് വിലങ്ങാട് ആലിമൂലയിൽ ഉരുൾപൊട്ടിയത്. നിരവധി പേർക്ക് പരിക്കേൽക്കുകയും 10 വീടുകൾ പൂർണ്ണമായും ഒഴുകി പോവുകയും മൂന്നു വീടുകൾ താമസ യോഗ്യമല്ലാതാവുകയും ചെയ്തു.

അന്ന് വികാരിയായിരുന്ന ഫാ. മാത്യു തകിടിയേലിന്റെ നേതൃത്വത്തിൽ പുനരധിവാസ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2019 സെപ്റ്റംബറിൽ ഭവനം നഷ്ടപ്പെട്ടവർക്കായി പ്രത്യേക കമ്മറ്റി രൂപീകരിക്കുകയും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഫണ്ട് കളക്ഷൻ ആരംഭിക്കുകയും ചെയ്തു. കേരള സർക്കാരിൽ നിന്നുള്ള 41 ലക്ഷം രൂപയും താമരശ്ശേരി രൂപതയിൽ നിന്നുള്ള 64,48,150 രൂപയും, വിൻസെന്റ് ഡി പോൾ മരുതോങ്കര മേഖല, വിവിധ സംഘടനകൾ, വ്യക്തികൾ, വിലങ്ങാട് ഇടവകാംഗങ്ങൾ എന്നിവരിൽ നിന്ന് 14,50,280 രൂപയും സമാഹരിച്ചു.

അൽഫോൻസാ നഗർ എന്ന പേരിൽ വിലങ്ങാട് പെട്രോൾ പമ്പിന് അടുത്തായി ഒരേക്കർ 16 സെന്റ് സ്ഥലം കണ്ടെത്തി 11 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകി. രണ്ടു കുടുംബങ്ങൾക്ക് വീട് നിർമിക്കാൻ 16 സെന്റ് സ്ഥലം നൽകുകയും, അഞ്ചു കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

അന്നത്തെ കൈക്കാരന്മാരായ ഒ. എം. ആൻറണി ഒറ്റപ്ലാക്കൽ, തോമാച്ചൻ കാരിക്കുന്നിൽ, കെ. എം. ജോഷി കൂനാനിക്കൽ, പി. എ. ജോൺ പുതിയാമഠത്തിൽ എന്നിവരുടെ സഹകരണത്തോടെ ഫാ. മാത്യു തകിടിയേലായിരുന്നു നിർമാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

*(2020 മുതൽ 2023 വരെ വിലങ്ങാട് ഫൊറോന വികാരിയായിരുന്നു ലേഖകൻ)*



**താമരശ്ശേരി രൂപത വിലങ്ങാട് നിർമ്മിച്ചു നൽകിയ കാരുണ്യ ഭവൻ വീടുകൾ**

# അഖണ്ഡ ജപമാല സമാപനം ഒക്ടോബർ 29ന്

- ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ജപമാല ചൊല്ലി അഖണ്ഡ ജപമാല സമർപ്പണത്തിന് ആരംഭം കുറിച്ചു
- ലോകസമാധാനം, കുടുംബ വിശുദ്ധീകരണം എന്നിവയാണ് ഈ വർഷത്തെ പ്രധാന നിയോഗങ്ങൾ

**പുല്ലൂരാംപാറ:** താമരശേരി രൂപതയുടെ ആത്മീയ നവീകരണ കേന്ദ്രമായ ബഥാനിയ റിന്യൂവൽ സെന്ററിൽ നടന്നുവരുന്ന അഖണ്ഡ ജപമാല സമർപ്പണം ഒക്ടോബർ 26-ന് സമാപിക്കും.

ലോകസമാധാനം, കുടുംബ വിശുദ്ധീകരണം എന്നിവയാണ് ഈ വർഷത്തെ അഖണ്ഡ ജപമാല സമർപ്പണത്തിന്റെ പ്രധാന നിയോഗങ്ങൾ. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന ദിവ്യബലിയോടെ അഖണ്ഡ ജപമാല സമർപ്പണം ആരംഭിച്ചു. വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ സഹകാർമികനായി.

24 മണിക്കൂറും ആരാധനയും ഞായറൊഴികെ എല്ലാ ദിവസവും രാവിലെ ആറിനും ഉച്ചയ്ക്ക് 12-നും വൈകിട്ട് ഏഴിനും ദിവ്യബലിയുമുണ്ടായിരിക്കും. ഉച്ചയ്ക്ക് 12-ന് ഉള്ള ദിവ്യബലിയോടനുബന്ധിച്ച് വചനപ്രഘോഷണവും രോഗശാന്തി ശുശ്രൂഷയുമുണ്ടാകും. എല്ലാ ദിവസവും കുമ്പസാരത്തിനും കൗൺസലിങ്ങിനുമുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ ഉച്ച കഴിഞ്ഞ് മൂന്ന് മണിക്കും പുലർച്ചെ മൂന്ന് മണിക്കും കുരിശിന്റെ വഴിയും കരുണക്കൊന്തയും നടത്തും.

## നേട്ടം



● വെല്ലൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ (വിഐടി) നിന്ന് കെമിസ്ട്രിയിൽ (മെഡിസിനൽ കെമിസ്ട്രി) പിഎച്ച്ഡി നേടിയ ഡോ. അഞ്ജിത തെരേസ് ബെന്നി (അസിസ്റ്റന്റ് പ്രൊഫസർ ഗസ്റ്റ്, പ്രൊവിഡൻസ് വിമൻസ് കോളജ്, കോഴിക്കോട്). തോട്ടുമുക്കം, പുല്ലന്താനിക്കൽ ബെന്നിയുടെയും ലാലിയുടെയും മകളാണ്. ഭർത്താവ്: ജിൻസ് ജോസഫ് കാരക്കാട്ട്. മകൻ: ഓസ്റ്റിൻ ജോസഫ് ജിൻസ്.



● മംഗലാപുരം ശ്രീനിവാസ് സർവകലാശാലയിൽ നിന്ന് വിദ്യാഭ്യാസത്തിൽ ഡോക്ടറേറ്റ് നേടിയ ഈസ്റ്റ്ഹിൽ ഇടവകാംഗം എൻ. ജെ. രാജീവ്. കോഴിക്കോട് സെന്റ് മൈക്കിൾസ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ഗണിതശാസ്ത്ര അധ്യാപകനാണ്. സൂരത്കലിൽ നടന്ന ലോക സംസ്കൃത കോൺഫറൻസിൽ അവതരിപ്പിച്ച വേദഗണിതത്തെക്കുറിച്ചുള്ള ഗവേഷണ പ്രബന്ധത്തിന് അംഗീകാരം ലഭിച്ചിരുന്നു. എൻ. എഫ്. ജോസ്-അന്നക്കുട്ടി ദമ്പതികളുടെ മകൻ. ഭാര്യ: ജിൻസി ആലപ്പാട്ട്.



● ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ഐഐടി) ഹൈദരബാദിൽ നിന്ന് വയർലെസ്സ് കമ്യൂണിക്കേഷൻ ആന്റ് സിഗ്നൽ പ്രോസസ്സിങ് എഞ്ചിനീയറിങ്ങിൽ ഡോക്ടറേറ്റ് നേടിയ അമല സണ്ണി. തേക്കുംകുറ്റി പരേതനായ റിട്ട. ഹെഡ് മാസ്റ്റർ വെട്ടുവഴിയിൽ സണ്ണിയുടെയും റിട്ട. അധ്യാപിക മേഴ്സിയുടെയും മകളാണ്. ഭർത്താവ്: ലിബിൻ സ്കറിയ കുഴിമറ്റത്തിൽ.



● കോഴിക്കോട് എൻഐടിയിൽ നിന്ന് ഗണിതശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ ആൻട്രീസ ജോസി. പുല്ലൂരാംപാറ എടക്കളത്തൂർ ജോസി ഫ്രാൻസിസ് (റിട്ട. ഗവ. ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ) സെലീൻ മാത്യു (റിട്ട. ഗവ. ഹൈസ്കൂൾ ഹെഡ്മിസ്ട്രസ്) ദമ്പതികളുടെ മകളാണ്. ഭർത്താവ്: ജോസ് മാത്യു പുതിയാപറമ്പിൽ.



● കേരള ആരോഗ്യ സർവകലാശാലയുടെ ബിഎസ്സി നഴ്സിങ് പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ജോസ്ന ജോസ്. കൂടരഞ്ഞി ഇടവക വയലിൽ ജോസ്-ജയ ദമ്പതികളുടെ മകളാണ്.

കൂടുതൽ രൂപതാ വാർത്തകൾക്കും വിശേഷങ്ങൾക്കുമായി QR കോഡ് സ്കാൻ ചെയ്യൂ

## ഫീദെസ് ഫാമിലി ക്വിസ് 2024: ക്യൂആർ കോഡ് അടുത്തലക്കത്തിൽ

താമരശ്ശേരി രൂപതാ കലണ്ടർ 2024 നെയും വിശുദ്ധ കുർബാന പുസ്തകത്തെയും അടിസ്ഥാനമാക്കി താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ നടത്തുന്ന ഫീദെസ് ഫാമിലി ക്വിസ് 2024-ന്റെ ഒന്നാംഘട്ട ഇടവക തല മത്സരത്തിനു വേണ്ടിയുള്ള ചോദ്യങ്ങളുടെ ക്യൂആർ കോഡ് അടുത്ത ലക്കം മലബാർ വിഷനിൽ പ്രസിദ്ധീകരിക്കും.

● താമരശ്ശേരി രൂപതയിലെ എല്ലാ കുടുംബങ്ങൾക്കും പ്രായഭേദമന്യേ മത്സരത്തിൽ പങ്കെടുക്കാം. ഒരു കുടുംബത്തിൽ കുറഞ്ഞത് രണ്ടു പേർക്കോ പരമാവധി മൂന്നുപേർക്കോ പങ്കെടുക്കാം.

● ഇടവകാതലം, രൂപതാതലം എന്നിങ്ങനെ രണ്ട് ഘട്ടങ്ങളിലായാണ് മത്സരം.

● 2024-ലെ താമരശ്ശേരി രൂപതാ കലണ്ടർ (60%), വിശുദ്ധ കുർബാന പുസ്തകം- റാസക്രമം (30%), സഭാ സംബന്ധമായ പൊതു ചോദ്യങ്ങൾ (10%) എന്നിവയാണ് ഒന്നാംഘട്ടത്തിലെ പഠന വിഷയങ്ങൾ.

● ഒന്നാംഘട്ട മത്സരം ഓൺലൈനായാണ് നടത്തുന്നത്. നവംബർ ലക്കത്തിലെ മലബാർ വിഷനിൽ പ്രസിദ്ധീകരിക്കുന്ന ക്യൂആർ കോഡ് സ്കാൻ ചെയ്യുമ്പോൾ ലഭിക്കുന്ന ഫോം പൂരിപ്പിച്ച് ഉത്തരങ്ങൾ ഓൺലൈനായി അയക്കാം.

● ഉത്തരങ്ങൾ സമർപ്പിക്കേണ്ട അവസാന തീയതി 2024 ഡിസംബർ 23. സംശയങ്ങൾക്ക് 8921835701.

● ഒരു ഇടവകയിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന രണ്ട് ടീമുകളാണ് (രണ്ട് കുടുംബങ്ങൾ) രൂപതാതല മത്സരത്തിന് അർഹരാകുന്നത്.

● ഇടവകതല മത്സരങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വേണ്ടിയുള്ള രണ്ടാംഘട്ട മത്സരം 2025 ഫെബ്രുവരി 8-ന് രൂപതാ തലത്തിൽ നടക്കും. ഒന്നാം സമ്മാനം: 15,000 രൂപ (കെം ഫാർമ, മഞ്ചേരി), രണ്ടാം സമ്മാനം: 10,000 രൂപ (ഫാത്തിമ ഡ്രഗ്ലൈൻസ്, മഞ്ചേരി), മൂന്നാം സമ്മാനം: 5,000 രൂപ (മാരുതി ഓട്ടോ ഹൗസ്, മഞ്ചേരി). കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും ഒരുക്കിയിട്ടുണ്ട്.

## റൂബി ജൂബിലി സ്കോളർഷിപ്പ്

● താമരശ്ശേരി രൂപതയുടെ റൂബി ജൂബിലിയോട് അനുബന്ധിച്ച് ഏർപ്പെടുത്തിയ റൂബി ജൂബിലി സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. 2025-26 അധ്യയന വർഷത്തേക്കുള്ള അപേക്ഷ സെപ്റ്റംബർ 20-ന് മുമ്പ് സമർപ്പിക്കണം. 2024-25 അധ്യയന വർഷത്തിൽ പത്താം ക്ലാസ് പഠനം പൂർത്തിയാക്കുന്ന കുട്ടികളാണ് അപേക്ഷിക്കേണ്ടത്. മെഡിക്കൽ എൻജിനീയറിങ് വിഭാഗങ്ങളിൽ എൻട്രൻസ് കോച്ചിങ്ങോടുകൂടി താമരശ്ശേരി അൽഫോൻസാ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ഹോസ്റ്റലിൽ താമസിച്ച് പ്ലസ് വൺ, പ്ലസ്ടു പഠനം പൂർത്തിയാക്കാൻ നാലു ലക്ഷം രൂപയിൽ അധികമുള്ള സ്കോളർഷിപ്പാണ് നൽകുന്നത്. കൂടുതൽ വിവരങ്ങൾക്ക് അൽഫോൻസാ സ്കൂൾ ഓഫീസുമായി ബന്ധപ്പെടുക: **8848186993.**



**കൂരാച്ചുണ്ട് സെന്റ് തോമസ് ഫൊറോന പള്ളിയിൽ പുതുതായി നിർമിക്കുന്ന വൈദിക മന്ദിരത്തിന്റെ ശിലാസ്ഥാപനകർമ്മം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിക്കുന്നു. വികാരി ഫാ. വിൻസെന്റ് കണ്ടത്തിൽ, അസി. വികാരി ഫാ. ജോയൽ കുമ്പുക്കൽ എന്നിവർ സമീപം.**

**ഫാ. ടിനു പനച്ചിക്കൽ, ട്രസ്റ്റിമാരായ ബാബു ചിലമ്പിക്കുന്നേൽ, ജോസ് കിഴക്കുംപുറം, ബേബി മംഗലത്ത്, ആന്റോ മന്തക്കൊല്ലി, പാരിഷ് സെക്രട്ടറി ബോബൻ പുത്തൂർ എന്നിവർ നേതൃത്വം നൽകി.**



## മാർ പോൾ ചിറ്റിലപ്പിള്ളി അനുസ്മരണം

● താമരശ്ശേരി രൂപതയുടെ ദ്വിതീയ മെത്രാനായ മാർ പോൾ ചിറ്റിലപ്പിള്ളിയുടെ അനുസ്മരണ ദിനം സെപ്റ്റംബർ ആറിന് ആചരിക്കും. അനുസ്മരണ ശുശ്രൂഷയിലും വിശുദ്ധ ബലിയിലും മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ പങ്കെടുക്കും. സെപ്റ്റംബർ ആറിന് രാവിലെ 10-ന് താമരശ്ശേരി മേരിമാതാ കത്തീഡ്രലിലാണ് വിശുദ്ധ കുർബാനയും അനുസ്മരണ ശുശ്രൂഷകളും ക്രമീകരിച്ചിരിക്കുന്നത്.

## സെന്റ് അൽഫോൻസ ഡയാലിസിസ് സെന്റർ



● താമരശേരി രൂപത റൂബി ജൂബിലി സംരംഭമായ വേനപ്പാറ സെന്റ് അൽഫോൻസ ഡയാലിസിസ് സെന്ററിൽ നിർധനരായ വൃക്ക രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് നടത്താം. സുരക്ഷിതവും ശാന്തവുമായ അന്തരീക്ഷത്തിൽ അനുഭവസമ്പത്തുള്ള സ്റ്റാഫ് അംഗങ്ങളുടെ സേവനം സെന്റ് അൽഫോൻസ ഡയാലിസിസ് സെന്ററിൽ ലഭ്യമാക്കിയിട്ടുണ്ട്. നിർധന വൃക്കരോഗികൾക്ക് സൗജന്യ ഡയാലിസിസ് എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സെന്റ് അൽഫോൻസ ഡയാലിസിസ് സെന്റർ സാമൂഹ്യസേവനരംഗത്തെ താമരശ്ശേരി രൂപതയുടെ പുതിയ ചുവടുവെപ്പാണ്. കൂടുതൽ വിവരങ്ങൾക്ക്: **9048323021**

## തെശ്ബൊഹ്ത്താ: സുറിയാനി ഗീതങ്ങളുടെ സമാഹാരം പ്രസിദ്ധീകരിച്ചു

● താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ വിശുദ്ധ കുർബാനയുടെ അവസരത്തിലും മറ്റ് അവസരങ്ങളിലും ആലപിക്കാവുന്ന സുറിയാനി ഗീതങ്ങളുടെ സമാഹാരം പ്രസിദ്ധീകരിച്ചു. 'തെശ്ബൊഹ്ത്താ' എന്ന പേരിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ പുസ്തകം വിശുദ്ധ കുർബാനയിലും മറ്റ് അവസരങ്ങളിലും സുറിയാനി ഗീതങ്ങൾ ആലപിക്കാൻ സഹായകമാണ്. കോപ്പികൾ താമരശ്ശേരി ബിഷപ്സ് ഹൗസിൽ ലഭ്യമാണ്. ഒരു കോപ്പിക്ക് 20 രൂപയാണ് വില.

# ദൈവകരം പിടിച്ച് ജെറമിയയുടെ ജൈത്രയാത്ര

**"പല വൈദികരെയും കണ്ട് പ്രാർത്ഥിച്ച്, സന്ദേശമെടുത്താണ് ജെറമിയ ആരംഭിക്കുന്നത്. അതുകൊണ്ടുതന്നെ തുടക്കം മുതൽ എന്തു പ്രതിസന്ധിയുണ്ടാകുമ്പോഴും പതറാതെ അതിനെ നേരിടാൻ ദൈവം അനുഗ്രഹിക്കുന്നുണ്ട്. ഈ യാത്രയിൽ ഒരിക്കലും ആത്മവിശ്വാസക്കുറവ് അനുഭവപ്പെട്ടിട്ടില്ല"**



## വിജയപാഠം

**ജിൽസൺ ജോസ്**

നഴ്സിങ് പഠനം കഴിഞ്ഞ് 'നാട്ടുനടപ്പുപോലെ' വിദേശത്ത് ജോലി നേടുന്നതും സ്വപ്നം കണ്ടുനടന്ന ചെറുപ്പക്കാരൻ സംരംഭകനായപ്പോൾ പിറന്നത് ആയിരങ്ങളുടെ വിദേശ സ്വപ്നങ്ങൾക്ക് നിറം പകരുന്ന ജെറമിയ ഇന്റർ നാഷണൽ അക്കാദമി. ഭാഷാ പരിശീലനരംഗത്ത് ചുരുങ്ങിയകാലംകൊണ്ടു വിജയചരിത്രമെഴുതിയ ജെറമിയയുടെ ചെയർമാനും മാനേജിങ് ഡയറക്ടറുമായ കരോൾ കെ. ജോണായിരുന്നു ആ ചെറുപ്പക്കാരൻ.

നഴ്സിങ് മേഖലയിൽ നിന്ന് ബിസിനസ് രംഗത്തേക്ക് ദൈവം തന്നെ പറിച്ചു നടുകയായിരുന്നു എന്ന് കരോൾ പറയുന്നു. മൂന്നു വർഷംകൊണ്ട് ജെറമിയയെ ശ്രദ്ധേയമായ ബ്രാന്റാക്കി വളർത്തിയ കരോൾ കെ. ജോൺ വിജയമന്ത്രം പങ്കുവയ്ക്കുന്നു.



കരോൾ കെ. ജോൺ

### പ്രാർത്ഥിച്ച് തുടങ്ങി

നഴ്സിങ് പഠനം കഴിഞ്ഞ് ഡൽഹി, മുംബൈ, ബാംഗളൂർ എന്നിവിടങ്ങളിലെ പ്രമുഖ ആശുപത്രികളിൽ ജോലി ചെയ്തു. തുടർന്ന് IELTS, OET പരീക്ഷാ പരിശീലനത്തിനായി വിവിധ സ്ഥാപനങ്ങളിൽ ചേർന്നു. പക്ഷെ, വീട്ടിലെ ചില സാഹചര്യങ്ങളെത്തുടർന്ന് വിദേശത്തേക്കു പോകാൻ കഴിയാതെ വന്നു. നാട്ടിൽ തന്നെ ഒരു സംരംഭം തുടങ്ങണം എന്ന ചിന്ത വന്നത് അപ്പോഴാണ്.

അനിയൻ പവൽ ജോൺ, OET ഒഫീഷ്യലായ വർഗീസ് തോമസ്, വിദേശ സംരംഭകൻ സണ്ണി ജേക്കബ് എന്നിവരുടെ പങ്കാളിത്തത്തോടെ കോവിഡിന്റെ ആദ്യ തരംഗം അവസാനിച്ച ശേഷമാണ് ജെറമിയ ആരംഭിക്കുന്നത്. ആറായിരം സ്ക്വയർ ഫീറ്റിൽ എല്ലാ സജ്ജീകരണങ്ങളോടും കൂടിയാണ് തുടങ്ങിയത്. പെട്ടെന്ന് കോവിഡിന്റെ രണ്ടാം തരംഗം ആരംഭിച്ചു. പക്ഷെ, ദൈവപരിപാലന പോലെ ആ സമയത്ത് നിരവധി അഡ്മിഷനുകൾ ലഭിക്കുകയും ഓൺലൈൻ, ഓഫ്ലൈൻ ക്ലാസുകൾ നടത്തുവാൻ സാധിക്കുകയും ചെയ്തു.

പല വൈദികരെയും കണ്ടു പ്രാർത്ഥിച്ച്, സന്ദേശമെടുത്താണ് ജെറമിയ ആരംഭിക്കുന്നത്. അതുകൊണ്ടുതന്നെ തുടക്കം മുതൽ എന്തു പ്രതിസന്ധിയുണ്ടാകുമ്പോഴും പതറാതെ അതിനെ നേരിടാൻ ദൈവം അനുഗ്രഹിക്കുന്നുണ്ട്. ഈ യാത്രയിൽ ഒരിക്കലും ആത്മവിശ്വാസക്കുറവ് അനുഭവപ്പെട്ടിട്ടില്ല.

ബൈബിളിലെ ഒരു പേരിൽ തന്നെ സ്ഥാപനം തുടങ്ങണമെന്നത് വലിയ ആഗ്രഹമായിരുന്നു. ഒരു പേരിനായി പ്രാർത്ഥിച്ച് ബൈബിൾ എടുത്തപ്പോൾ ജെറമിയ പ്രവാചകന്റെ പുസ്തകമാണ് തുറന്നു വന്നത്. അങ്ങനെ സ്ഥാപനത്തിന് ജെറമിയ എന്ന പേരിട്ടു.

### മികച്ച റിസൾട്ട്

IELTS, OET, MOH, HAAD, DHA, NCLEX-RN തുടങ്ങിയ പരീക്ഷകളുടെ ഓൺലൈൻ, ഓഫ്ലൈൻ പരിശീലന കോഴ്സുകളാണ് ജെറമിയ നൽകുന്നത്.

പ്രഗൽഭരായ അധ്യാപകർ തന്നെയാണ് ജെറമിയയെ മറ്റു സ്ഥാപനങ്ങളിൽ നിന്നു വ്യത്യസ്തമാക്കുന്നത്. വിവിധ ഭാഷാ പരീക്ഷകളുടെ അപ്ഡേറ്റുകൾ കൃത്യമായി കുട്ടികൾക്ക് പറഞ്ഞുകൊടുക്കുവാനും ഏറ്റവും മികച്ച സ്റ്റഡി മെറ്റീരിയലുകൾ നൽകുവാനും ഞങ്ങൾ ശ്രദ്ധിക്കുന്നു. മറ്റു സ്ഥാപനങ്ങൾ 25 മുതൽ 30 ശതമാനം വരെ IELTS, OET റിസൾട്ട് നൽകുമ്പോൾ 90 ശതമാനത്തിലധികം റിസൾട്ട് നൽകുവാൻ ഞങ്ങൾക്ക് കഴിയുന്നുണ്ട്.

പരീക്ഷ എഴുതുന്ന ഓരോ വിദ്യാർത്ഥിയുടെയും പേര് എഴുതിയ പേപ്പർ ജെറമിയയിലെ ചാപ്പലിൽ വച്ച് പ്രാർത്ഥിക്കാറുണ്ട്. ഇവിടെ നിന്ന് പഠിച്ചു പോയവരുടെ പേരുകൾ ഇപ്പോഴും ചാപ്പലിലുണ്ട്.

ജെറമിയയുടെ പാർട്ണറും അക്കാദമിക മേധാവിയുമായ വർഗീസ് തോമസ് OET ഒഫീഷ്യലും TESOL, TOEFL സർട്ടിഫൈഡ് ട്രെയ്നറുമാണ്. അദ്ദേഹമാണ് ഇവിടുത്തെ അധ്യാപകർക്ക് പരിശീലനം നൽകുന്നത് ഇതുവരെ അയ്യായിരത്തോളം വിദ്യാർത്ഥികൾ ഇവിടെ നിന്ന് പഠിച്ചിറങ്ങി.

### 3 വർഷം, 8 ബ്രാഞ്ചുകൾ

കൊച്ചി, കോട്ടയം, കോഴിക്കോട്, മൈസൂർ, ബാംഗ്ലൂർ, വയനാട് എന്നിവിടങ്ങളിലായി എട്ടു ബ്രാഞ്ചുകൾ ഇപ്പോഴുണ്ട്. ഒരു വിദ്യാർത്ഥിക്ക് ഒരു അധ്യാപകൻ എന്ന രീതിയിൽ വിവിധ പരീക്ഷകൾക്ക് ഓൺലൈൻ ക്ലാസുകൾ നൽകുന്നു. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർക്ക് അവരുടെ സൗകര്യപ്രദമായ സമയത്താണ് ഓൺലൈൻ ക്ലാസുകൾ ഒരുക്കുന്നത്.

### വിദേശത്ത് ബ്രാഞ്ചുകൾ

ഗൾഫ് രാജ്യങ്ങളിൽ ഓഫ്ലൈൻ കോഴ്സുകൾ ആരംഭിക്കണമെന്ന ആവശ്യം ശക്തമാകുന്നുണ്ട്. പുതിയ ബ്രാഞ്ചുകൾ അവിടെ ആരംഭിക്കാൻ പദ്ധതിയുണ്ട്. വിദേശ രാജ്യങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റ് ഏജൻസി തുടങ്ങാനും ആലോചനയുണ്ട്.

വരും വർഷങ്ങളിൽ അമേരിക്കയിലേക്കും കാനഡയിലേക്കും നഴ്സുമാർക്ക് അവസരങ്ങൾ തുറന്നു കിട്ടുകയാണ്. അതു മുന്നിൽ കണ്ട് അമേരിക്കയിലേക്കും കാനഡയിലേക്കും നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്ന NCLEX-RN പ്രോഗ്രാം നിലവിൽ ജെറമിയ നൽകുന്നുണ്ട്. അതു വിപുലപ്പെടുത്താനുള്ള പദ്ധതികൾ രൂപീകരിച്ചു.

### ദൈവം നൽകിയ വിജയം

ക്രൈസ്തവപശ്ചാത്തലമുള്ള കുട്ടികളാണ് ഇവിടെ വരുന്നവരിൽ അധികവും. എല്ലാ ബ്രാഞ്ചുകളിലും ഒരു ചാപ്പൽ നിർമ്മിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പരീക്ഷയ്ക്ക് ഒരുങ്ങുന്ന വിദ്യാർത്ഥികൾക്ക് വൈദികരുടെ പ്രാർത്ഥനയും കുമ്പസാര സൗകര്യവും ഒരുക്കും. പരീക്ഷ കഴിഞ്ഞ് വിദ്യാർത്ഥികൾ പറയുന്നത് ചാപ്പലിൽ പ്രാർത്ഥിച്ചപ്പോഴുണ്ടായ അനുഭവങ്ങളെക്കുറിച്ചാണ്. മികച്ച വിജയം നൽകി ജെറമിയയെ മുന്നോട്ട് നയിക്കുന്നത് ദൈവം തന്നെയാണ്.

### സഭ നൽകിയ കരുത്ത്

സഭാ സംവിധാനങ്ങളിലൂടെയാണ് ഞാൻ വളർന്നു വന്നത്. അത് എന്റെ ജീവിതത്തിലെ വലിയൊരു മുതൽക്കൂട്ടാണ്. മിഷൻ ലീഗിലൂടെ സംഘടനാ പ്രവർത്തനങ്ങൾ ആരംഭിച്ചു. കെസിവൈഎമ്മിന്റെ രൂപതാ–സംസ്ഥാന തലങ്ങളിൽ പ്രധാന സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും പ്രവർത്തിക്കുകയും ചെയ്തു. അതിലൂടെ ലഭിച്ച അനുഭവ ജ്ഞാനം പല സന്ദർഭങ്ങളിലും എനിക്ക് ഗുണകരമായിട്ടുണ്ട്.

എകെസിസിയുടെ പ്രവർത്തനങ്ങളിൽ സജീവമാണ്. സെമിനാരി കൺസൾട്ടേഷൻ കൗൺസിൽ മെമ്പറാണ്.

### കുടുംബം ശക്തി

ജെറമിയയുടെ ഓരോ ചുവടിലും കുടുംബം ഒപ്പമുണ്ടായിരുന്നു. അനിയൻ പവലാണ് പാർട്ണർമാരിൽ ഒരാൾ. പവൽ OET ട്രെയ്നറാണ്. കൂടാതെ യുകെ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ പവലാണ് കൈകാര്യം ചെയ്യുന്നത്. അനിയന്റെ ഭാര്യ റോസ് PTE, IELTSട്രെയ്നറാണ്.

കരോളിന്റെ ഭാര്യ അനിത ജെറമിയയോടൊപ്പം പ്രവർത്തിക്കുന്നു. IELTS, OET ട്രെയ്നറും NMC, NMBI, CBT, NCLEX-RN പ്രോഗ്രാമുകളുടെ പ്രോസസിങ് കോ–ഓർഡിനേറ്ററുമാണ്.

സെറാഫിൻ, ഇവാഞ്ചലിൻ, ജെറമിയ എന്നിവരാണ് കരോൾ – അനിത ദമ്പതികളുടെ മക്കൾ.


പാറോപ്പടി ഇടവകാംഗമായ കഴുന്നടിയിൽ ജോൺ–ഷേർലി ദമ്പതികളുടെ മകനാണ് കരോൾ. ജ്യേഷ്ഠൻ കോളിൻസ് കെ. ജോണും ഭാര്യ ഗീതു ആന്റണിയും യുകെയിൽ ജോലി ചെയ്യുന്നു.

### വിജയമന്ത്രം

ഏതു രംഗമാണെങ്കിലും വിജയിക്കണം എന്നുണ്ടെങ്കിൽ തീവ്രമായ ആഗ്രഹമുണ്ടാകണം. ലക്ഷ്യം എത്തിപ്പിടിക്കാൻ കഠിനാദ്ധ്വാനം ചെയ്യണം. എല്ലാറ്റിനും ഉപരിയായി ദൈവത്തിൽ ആശ്രയിക്കാനുള്ള മനസുമുണ്ടാകണം. ഇത്രയുമുണ്ടെങ്കിൽ വിജയം നിങ്ങളുടേതായിരിക്കും. – കരോൾ പറയുന്നു.

### ജെറമിയ സൺറൈസ്

ജർമ്മൻ ഭാഷാ പരിശീലനത്തിനായി ആരംഭിച്ച സ്ഥാപനമാണ് ജെറമിയ സൺറൈസ്. 300 കുട്ടികൾക്ക് ഒരേ സമയം ഇരുന്ന് പഠിക്കാവുന്ന തരത്തിലാണ് സ്ഥാപനം രൂപകൽപ്പന ചെയ്തിരിക്കുന്നത്. കോട്ടയം ബ്രാഞ്ചിൽ ഫ്രഞ്ച് ഭാഷാ പരിശീലന കോഴ്സ് ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ, ഓഫ്ലൈൻ കോഴ്സുകൾ ലഭ്യമാണ്.



### വിദേശഭ്രമം നാടിന് നഷ്ടം

"കേരളത്തിന് ലഭിക്കേണ്ട യുവജനങ്ങൾ വിദേശത്തേക്ക് പറക്കുന്നത് നാടിന് നഷ്ടം തന്നെയാണ്. പക്ഷെ, നിലവിലെ സ്ഥിതിയിൽ യുവജനങ്ങൾക്ക് നാട്ടിൽ തുടരുക എന്നത് ഏറെ പ്രയാസകരമാണ്. അവരുടെ നിലനിൽപ്പിനെ ചോദ്യം ചെയ്യുന്ന പ്രതിസന്ധിയായതുകൊണ്ടുമാത്രമാണ് പലരും നാടുവിടാൻ താൽപ്പര്യപ്പെടുന്നത്. അവരെ ഇവിടെ തന്നെ പിടിച്ചു നിർത്താനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നതുവരെ ഈ ഒഴുക്കിനെ തടയാൻ കഴിയില്ലാ എന്നതാണ് യാഥാർത്ഥ്യം." കരോൾ കെ. ജോൺ പറയുന്നു.

# അധ്യാപനം മികച്ച കരിയർ

**പ്രീ–പ്രൈമറി മുതൽ കോളജ് തലം വരെയുള്ള അധ്യാപകരുടെ യോഗ്യതയും അധ്യാപന പരിശീലനവും വ്യത്യസ്തമാണ്. പ്ലസ് ടു, ഡിഗ്രി, പി.ജി എന്നിവയ്ക്കു ശേഷം സാധ്യമായിട്ടുള്ള അധ്യാപന പരിശീലന കോഴ്സുകളും, വിവിധ തലങ്ങളിൽ പഠിപ്പിക്കുവാനായി ആവശ്യമുള്ള യോഗ്യതകളും പരിചയപ്പെടാം.**

## വിദ്യാധനം



പ്രഫ. ചാർലി കട്ടക്കയം

### പ്രീ–പ്രൈമറി ടീച്ചർ

പ്രീ–സ്കൂൾ, എൽകെജി, യുകെജി (നഴ്സറി) ക്ലാസ്സുകളിൽ പഠിപ്പിക്കുന്നതിനുള്ള കുറഞ്ഞ യോഗ്യത പ്രീ–പ്രൈമറി ടീച്ചർ ട്രെയ്നിങ് കോഴ്സ് (പി.പി.റ്റി.റ്റി.സി) പാസായിരിക്കണം എന്നതാണ്. പത്താം ക്ലാസോ, പ്ലസ്ടുവോ ആണ് ഈ കോഴ്സ് ചെയ്യുന്നതിനുള്ള അടിസ്ഥാന യോഗ്യത. ഒരു വർഷമാണ് ഈ കോഴ്സിന്റെ ദൈർഘ്യം.

സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസേർച്ച് ആന്റ് ട്രെയ്നിങ് (SCERT) ആണ് പ്രീ–പ്രൈമറി എഡ്യൂക്കേഷൻ കോഴ്സിന്റെ കരിക്കുലം തയ്യാറാക്കുകയും കോഴ്സ് ഏകോപിപ്പിക്കുകയും ചെയ്യുന്നത്. ലോക പ്രശസ്തമായ മോണ്ടിസോറി രീതിയിൽ പ്രീ–പ്രൈമറി അധ്യാപക പരിശീലനം നടത്തുന്ന നിരവധി സ്ഥാപനങ്ങൾ കേരളത്തിനകത്തും പുറത്തുമുണ്ട്.

### പ്രൈമറി ടീച്ചർ

ഒന്നു മുതൽ ഏഴു വരെയുള്ള ക്ലാസുകളിൽ പഠിപ്പിക്കുവാനുള്ള യോഗ്യത ഡിപ്ലോമ ഇൻ എലമെന്ററി എഡ്യുക്കേഷൻ (D.L.Ed.) ആണ്. നേരത്തെ ഇത് TTC എന്നും പിന്നീട് D.Ed. എന്നുമാണ് അറിയപ്പെട്ടിരുന്നത്.

രണ്ട് വർഷം ദൈർഘ്യമുള്ള D.L.Ed.–ക്ക് പ്ലസ്ടുവാണ് മിനിമം യോഗ്യത. നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യുക്കേഷൻ (എൻ.സി.ടി.ഇ) എന്ന കേന്ദ്ര ഗവൺമെന്റ് ഏജൻസിയാണ് ദേശീയ തലത്തിലുള്ള നിയന്ത്രണവും ഏകോപനവും നടത്തുന്നത്. സംസ്ഥാന തലത്തിൽ എസ്.സി.ഇ.ആർ.ടി (SCERT) യ്ക്കാണ് കോഴ്സിന്റെ നിയന്ത്രണ ചുമതല. SCERT തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നാണ് കോഴ്സിന്റെ അഡ്മിഷൻ ലഭിക്കുക. സ്വകാര്യ മേഖലകളിലെ 50 ശതമാനം സീറ്റുകളും ഈ ലിസ്റ്റിൽ നിന്നാണ് നൽകുക. എസ്.സി ഇ. ആർ.ടി യുടെ കീഴിലുള്ള ഡയറ്റ് (DIET) ആണ് ജില്ലാതലത്തിൽ കോഴ്സുകൾ നടത്തുന്നത്. കൂടാതെ സ്വകാര്യ എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിലായി നൂറിലധികം D.L.Ed. സ്ഥാപനങ്ങൾ (TTI) കേരളത്തിലുണ്ട്. സ്ഥാപനങ്ങളുടെ വിശദവിവരങ്ങളും കോഴ്സിന്റെ വിശദാംശങ്ങളും www.scertkerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഒന്നു മുതൽ നാലുവരെ ക്ലാസുകളിൽ പഠിപ്പിക്കുവാൻ D.L.Ed. നിർബന്ധമാണ്. അഞ്ചു മുതൽ ഏഴുവരെ ക്ലാസുകളിൽ ബി.എഡ് യോഗ്യതയുള്ളവർക്കും പഠിപ്പിക്കാം. ലോവർ പ്രൈമറി, അപ്പർ പ്രൈമറി ക്ലാസുകളിൽ പഠിപ്പിക്കുവാൻ അതാത് വിഭാഗക്കാർക്കായുള്ള കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (K-TET) കൂടി പാസാകണം.

### സെക്കൻഡറി–സീനിയർ സെക്കൻഡറി ടീച്ചർ

സെക്കൻഡറി തലത്തിൽ പഠിപ്പിക്കുവാൻ 50 ശതമാനം മാർക്കോടെയുള്ള ബിരുദത്തോടൊപ്പം ബാച്ചിലർ ഓഫ് എഡ്യൂക്കേഷൻ (B.Ed) ഡിഗ്രിയും വേണം. കൂടാതെ സി.ബി.എസ്.സി സ്കൂളുകളാണെങ്കിൽ സി–ടെറ്റ് (C-TET) ടെസ്റ്റും, സ്റ്റേറ്റ് സ്കൂളിൽ പഠിപ്പിക്കാൻ സെക്കൻഡറി വിഭാഗക്കാർക്കായുള്ള കെ–ടെറ്റ് ടെസ്റ്റും പാസായിരിക്കണം. പതിനൊന്ന്, പന്ത്രണ്ട് ക്ലാസുകൾ ഉൾപ്പെടുന്ന സീനിയർ സെക്കൻഡറി പഠിപ്പിക്കാൻ 50 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദത്തോടൊപ്പം ബി.എഡും പാസാകണം. കൂടാതെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (SET) സെൻട്രൽ സ്കൂളുകൾക്ക് സി. ടെറ്റ് (C-TET) ടെസ്റ്റും പാസാകണം. കേന്ദ്ര സർക്കാരിനു കീഴിലുള്ള കേന്ദ്രീയ വിദ്യാലയം, നവോദയ സ്കൂൾ, ആറ്റമിക് എനർജി സ്കൂളുകൾ എന്നിവിടങ്ങളിലെ വിവിധ ക്ലാസുകളിൽ പഠിപ്പിക്കുവാനും യോഗ്യത മേൽ സൂചിപ്പിച്ചതു തന്നെയാണ്. (B.Ed + C-TET).

### ബി.എഡ് കോഴ്സ്

2015–2016 മുതൽ രാജ്യത്ത് ഒരു വർഷം ദൈർഘ്യമുണ്ടായിരുന്ന ബി.എഡ് കോഴ്സ് രണ്ട് വർഷമാക്കിയിരിക്കുകയാണ്. കേരളത്തിൽ വിവിധ യൂണിവേഴ്സിറ്റികളാണ് ബി.എഡ് കോഴ്സ് ഏകോപിപ്പിക്കുന്നത്. ഗവൺമെന്റ്, എയ്ഡഡ്, സ്വകാര്യ എയ്ഡഡ്, സ്വകാര്യ അൺ എയ്ഡഡ് തുടങ്ങി 250 ഓളം ടീച്ചർ എഡ്യുക്കേഷൻ കോളജുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ബാംഗ്ലൂർ ആസ്ഥാനമാക്കിയുള്ള എൻ.സി.ടി.ഇ സതേൺ റീജിയനാണ് കേരളത്തിലെ ബി.എഡ് സ്ഥാപനങ്ങൾ നിയന്ത്രിക്കുന്നത്. എൻ.സി. ടി.ഇ യുടെ വെബ് സൈറ്റ് പരിശോധിച്ച് അംഗീകൃത സ്ഥാപനങ്ങളിൽ മാത്രമേ ബി.എഡിന് ചേരാവൂ. അധ്യാപക പരിശീലന സ്ഥാപനങ്ങളിൽ അധ്യാപകരാകാൻ ബി.എഡിനു ശേഷം എം.എഡും, നെറ്റും കൂടി പാസാകേണ്ടതാണ്.

### കോളജ് അധ്യാപകരാകാൻ

സർവകലാശാലകളിലേയും കോളജുകളിലേയും അധ്യാപക നിയമനത്തിന് യു.ജി.സി നടത്തുന്ന നെറ്റ്/ ജെ.ആർ.എഫ് പരീക്ഷ പാസായിരിക്കണം. ഫെലോഷിപ്പോടുകൂടിയ ഗവേഷണത്തിന് യോഗ്യത നേടാനുള്ള അടിസ്ഥാന പരീക്ഷയാണ് ജെ.ആർ.എഫ്. നെറ്റ് പരീക്ഷ തനിച്ചോ നെറ്റ്/ ജെ.ആർ.എഫ് ഒന്നിച്ചോ എഴുതാം.

ഓരോ വിഷയത്തിലും യോഗ്യത നേടുന്നവരിൽ നിശ്ചിത ശതമാനം പേർക്കാണ് ആ വർഷം നെറ്റ് യോഗ്യത നൽകുക. ഇവരിൽ കൂടുതൽ മാർക്ക് നേടുന്ന നിശ്ചിത ശതമാനം പേർക്ക് ജെ.ആർ.എഫ് ലഭിക്കും. സയൻസ്, ഭാഷ, മാനവിക വിഷയങ്ങൾ എന്നിവയടക്കം 80–ഓളം വിഷയങ്ങളിലാണ് ഈ പരീക്ഷ നടത്തുന്നത്. എല്ലാ വർഷവും ജൂൺ, ഡിസംബർ മാസങ്ങളിലായി രണ്ട് തവണ പരീക്ഷ ഉണ്ടാകും. എം.എ, എം.ബി.ബി.എസ്, എം.എസ്.സി, ബി–ടെക്ക് ഇവയിൽ ഏതിലെങ്കിലും 55 ശതമാനം മാർക്ക് നേടിയവർക്ക് പരീക്ഷ എഴുതാം. അവസാന വർഷ ബിരുദാനന്തര–ബിരുദ വിദ്യാർത്ഥികൾക്കും പരീക്ഷയ്ക്ക് അപേക്ഷിക്കാം. ജെ.ആർ.എഫിന് ഉയർന്ന പ്രായപരിധി 28 വയസാണ്. നെറ്റിന് പ്രായപരിധിയില്ല. കൂടുതൽ വിവരങ്ങളും പരീക്ഷ വിഷയങ്ങളും, സിലബസും മറ്റും www.ugc.ac.in. net or www. csirhrdg.res.in എന്ന വെബ്സൈറ്റുകളിൽ ലഭ്യമാണ്.

### കോളജ് അധ്യാപകർക്ക് തുടർന്നും പഠിക്കാം

പി.ജി കോഴ്സ് കഴിയുന്നതോടെ നെറ്റ് പരീക്ഷ പാസാകുവാൻ സാധിക്കുന്നവർക്ക് അപ്പോൾ തന്നെ ഒഴിവുള്ള സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മറ്റ് തടസമൊന്നുമില്ല. ഗവ. കോളജുകളിൽ പിഎസ്സിയും, സ്വകാര്യ എയ്ഡഡ് കോളജുകളിൽ സർക്കാർ–യൂണിവേഴ്സിറ്റി–മാനേജ്മെന്റ് പ്രതിനിധികൾ അടങ്ങിയ കമ്മിറ്റിയുമാണ് നിയമനം നടത്തുന്നത്.

മൂന്ന് വർഷത്തെ അധ്യാപനം പൂർത്തിയാക്കി കഴിഞ്ഞാൽ ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (എഫ്. ഐ.പി) വഴി ഒരു വർഷത്തെ എം.ഫിൽ പ്രോഗ്രാമിനോ, മൂന്ന് വർഷം ദൈർഘ്യമുള്ള പി.എച്ച്.ഡി പ്രോഗ്രാമിനോ ചേരാം. ശമ്പളവും മറ്റ് എല്ലാവിധ ആനുകൂല്യങ്ങളും അടങ്ങിയ അവധി ഇതിന് ലഭിക്കും. എം.ഫിൽ/ പിഎച്ച്ഡി കിട്ടുമ്പോൾ ശമ്പളത്തിൽ പ്രത്യേക ഇൻക്രിമെന്റും ലഭിക്കും. ജോലി ചെയ്യുന്ന ഡിപ്പാർട്ട്മെന്റ് റിസേർച്ച് സെന്ററാണെങ്കിൽ പിഎച്ച്ഡിയുള്ള അധ്യാപകർക്ക് അധ്യാപനത്തോടൊപ്പം റിസേർച്ച് ഗൈഡുമാരായി സേവനമനുഷ്ഠിക്കാനുള്ള അവസരവും ഉണ്ട്. നാലോ–അഞ്ചോ ഗവേഷകരെ ഒരേ സമയം ഗൈഡ് ചെയ്യാം.

### സാമ്പത്തിക സഹായങ്ങൾ

യുജിസി (യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ), ഡിഎസ്ടി (ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആന്റ് ടെക്നോളജി), ഐ.എൻ.എസ്.എ (ഇന്ത്യൻ നാഷണൽ സയൻസ് അക്കാഡമി), ഡിബിടി (ഡിപ്പാർട്ട് ഓഫ് ബയോ ടെക്നോളജി) തുടങ്ങിയ ഗവേഷണ രംഗത്തെ പുതിയ നേട്ടങ്ങൾ കൈവരിക്കുവാൻ സാമ്പത്തിക സഹായം നൽകുന്ന കേന്ദ്ര സർക്കാർ സ്ഥാപനങ്ങളാണ്. ഈ ഏജൻസികൾ വഴി മൈനർ, മേജർ റിസേർച്ച് പ്രൊജക്റ്റുകൾ അധ്യാപകർക്ക് ലഭ്യമാണ്. പ്രൊജക്റ്റുകൾക്ക് ആവശ്യമായ സാമ്പത്തിക സഹായം അനുവദിച്ച് തരും. അക്കാഡമിക്ക് രംഗത്ത് കൂടുതൽ സംഭാവന നൽകുന്നതിനും തങ്ങളുടെ വിഷയങ്ങളിൽ കൂടുതൽ അറിവ് നേടാനും ഇത് അധ്യാപകരെ സഹായിക്കുന്നു. ഇത്തരത്തിൽ സാമ്പത്തിക സഹായം നൽകുന്ന കേരള സർക്കാർ സ്ഥാപനമാണ് കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ആന്റ് ടെക്നോളജി (കെ.എസ്.സി.എസ്.ടി.ഇ). സയൻസ് പോപ്പുലറൈസേഷനുള്ള പ്രൊജക്റ്റുകൾക്കും പ്രോഗ്രാമുകൾക്കും ഈ ഏജൻസി വഴി സാമ്പത്തിക സഹായം ലഭിക്കും. സ്കൂൾ തലത്തിലെ അധ്യാപകർക്കും ഈ ഏജൻസിയുടെ സഹായം ലഭ്യമാണ്. ഡി.എസ്.ടിയുടെ ഫണ്ട് ഫോർ ഇംപ്രൂവ്മെന്റ് ഓഫ് സയൻസ് ആന്റ് ടെക്നോളജി (ഫിസ്റ്റ്) സ്കീം വഴി കോളജുകളിലെ ഡിപ്പാർട്ട്മെന്റുകൾക്ക് ഗവേഷണ ഫണ്ട് അനുവദിച്ച് കിട്ടും.

**6–ാം ചരമവാർഷികം**



**ഫാ. ചാണ്ടി കുരിശുംമൂട്ടിൽ**
(കെസിബിസി മദ്യ വിരുദ്ധ സമിതി
താമരശ്ശേരി രൂപത പ്രഥമ ഡയറക്ടർ,
രൂപതാ വ്യക്തിത്വ വികസന ക്ലബ് സ്ഥാപകൻ)
**പ്രാർത്ഥനയോടെ കെസിബിസി മദ്യവിരുദ്ധ സമിതി
താമരശ്ശേരി രൂപത**

**മലബാർ വിഷൻ മാട്രിമോണിയൽ**



താമരശ്ശേരി രൂപത RC യുവാവ്, 27 വയസ്സ്, വെളുത്ത നിറം, 170cm ഉയരം. PG Diploma. കാനഡയിൽ ട്രക്ക് ഡ്രൈവർ. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. നഴ്സുമാർക്ക് മുൻഗണന. കാനഡയിൽ ജോലിയുള്ളവരുമാകാം. ഫോൺ: 9745790248, 9745337780

ജീവിതപങ്കാളിയെ തേടിയുള്ള നിങ്ങളുടെ യാത്രയിൽ ഞങ്ങൾ നിങ്ങളെ സഹായിക്കാം. മാട്രിമോണിയൽ പരസ്യങ്ങൾ വരൻ/വധുവിന്റെ ഫോട്ടോയോടുകൂടി പ്രസിദ്ധീകരിക്കും. ഒരു ലക്കത്തിലേക്ക് പരസ്യം നൽകുന്നതിന് 1000 രൂപയും 2 ലക്കങ്ങളിലേക്ക് 1500 രൂപയുമാണ് നിരക്ക്. വ്യക്തി വിവരങ്ങളും ഫോട്ടോയും 97 44 99 555 3 എന്ന നമ്പറിലേക്ക് വാട്സാപ്പ് ചെയ്യൂ.



# ക്വിസ് കോർണർ 2024

## 2024 സെപ്റ്റംബർ – ഒക്ടോബർ ചോദ്യങ്ങൾ

*2024 ജൂലൈ – ആഗസ്റ്റ് ലക്കം വിജയികളായവർ:*

● ഒന്നാം സമ്മാനം, 1000 രൂപ
**അൽഫോൻസാ**
അമ്പാട്ട്, വിലങ്ങാട്

● രണ്ടാം സമ്മാനം, 500 രൂപ
**ആൻമരിയ**
കൊച്ചീത്ര, മാലാപറമ്പ്

● മൂന്നാം സമ്മാനം, 250 രൂപ
**ആന്റണി**
നേര്യത്ര, ചീരട്ടാമല

ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ്പ് നമ്പർ
**9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. മികച്ച അനിമേഷൻ ചിത്രത്തിനുള്ള ഇത്തവണത്തെ ദേശീയ പുരസ്കാരം നേടിയ വ്യക്തി?
2. ദൈവവിളി പരിപോഷണ മാസമായി ആചരിക്കുന്ന മാസം ഏത്?
3. ചെറുപുഷ്പ മിഷൻ ലീഗിന്റെ ഈ വർഷത്തെ പ്രവർത്തന വിഷയം ഏത്?
4. കെസിബിസിയുടെ നിയന്ത്രണത്തിലുള്ള വർക്കേസ് ഇന്ത്യ ഫെഡറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സംഘടന ഏത്?
5. അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന 60 വയസിന് മുകളിൽ പ്രായമുള്ള ഇന്ത്യൻ പൗരന് ലഭ്യമാകുന്ന പെൻഷൻ പദ്ധതി ഏത്?
6. SCERT–യുടെ കീഴിൽ ജില്ലാതലത്തിൽ D.L.Ed. കോസുകൾ നടത്തുന്ന ഏജൻസി ഏത്
7. താമരശ്ശേരി രൂപത മുൻമെത്രാനായിരുന്ന മാർ പോൾ ചിറ്റിലപ്പിള്ളിയുടെ അനുസ്മരണ ദിനം എന്ന്?
8. മായാത്ത മഷിത്തുള്ളികൾ, ചിന്താരത്നങ്ങൾ എന്നീ ഗ്രന്ഥങ്ങളുടെ രചയിതാവ് ആര്?
9. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്കായി കേന്ദ്രസർക്കാർ ആരംഭിച്ച ആരോഗ്യ ഇൻഷൂറൻസ് പദ്ധതി ഏതാണ്?
10. വെറ്റിലപ്പാറ ഇടവക രൂപീകൃതമായത് ഏതു വർഷം?

**ഉത്തരങ്ങൾ 2024 ഒക്ടോബർ 18 ന് മുമ്പ് ലഭിക്കണം**

### ജൂലൈ–ആഗസ്റ്റ് ലക്കം ഉത്തരങ്ങൾ

1. സ്വാതന്ത്ര്യവും ജനാധിപത്യവും 2. ഷോജി മോറിമോട്ടോ 3. അനന്തമായ അന്തസ്സ് 4. സ്നേഹപൂർവ്വം 5. കിസാൻ സമ്മാൻ നിധി യോജന 6. കൈക്കാരന്മാർ 7. മതനിരപേക്ഷത 8. ഇൻസ്പയർ 9. മെത്രാൻ 10. ഫ്രാൻസിസ് മാർപാപ്പ

### പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്. ● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല. ● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● **വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673012.** ● സംശയങ്ങൾക്ക് വിളിക്കുക: **97 44 99 5553**

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1
2
3
4
5
6
7
8
9
10

പേര്: ......................................................................
വീട്ടുപേര്: ......................................................................
ഇടവക: ......................................................................
ഫോൺ: ......................................................................




# ‘വിലങ്ങാടിന്റെ രക്തസാക്ഷി’

**വിലങ്ങാട് മഞ്ഞച്ചീളിയിലെ ഉരുൾപൊട്ടലിൽ മരണമടഞ്ഞ നാടിന്റെയും നാട്ടുകാരുടെയും പ്രിയങ്കരനായ മാത്യു മാഷിനെ അനുസ്മരിക്കുന്നു**



വിലങ്ങാട് ഉരുൾപൊട്ടലിൽ രക്ഷാപ്രവർത്തനത്തിനിടെ മരണമടഞ്ഞ മത്തായി മാഷ് (മാത്യു കുളത്തിങ്കൽ) നാടിന്റെ നൊമ്പരമായി. നാട്ടിലെ എല്ലാ കാര്യങ്ങളിലും സജീവ സാനിധ്യമായിരുന്നു മത്തായി മാഷ്. ഉരുൾപൊട്ടൽ വാർത്തയറിഞ്ഞ് അവിടേക്ക് എത്തിയ മാഷ് പിന്നീടുണ്ടായ ഭീകരമായ ഉരുൾപൊട്ടലിൽ അകപ്പെടുകയായിരുന്നു. രക്ഷപ്പെടാനായി അദ്ദേഹം കയറി നിന്ന കടയടക്കം മലവെള്ളം കൊണ്ടുപോയി. ഉരുൾപൊട്ടിയ പ്രദേശത്തു നിന്നു നൂറു മീറ്റർ അകലെയാണ് മത്തായി മാഷിന്റെ വീട്.

‘നാടിനും നാട്ടുകാർക്കും ഏറെ പ്രിയങ്കരനായ മത്തായി മാഷ് നാടിനു വേണ്ടി രക്തസാക്ഷിയായി. സ്വർഗ്ഗത്തിലിരുന്ന് അദ്ദേഹം ഈ നാടിനും നാട്ടുകാർക്കുമായി മാധ്യസ്ഥം വഹിക്കും.’ സംസ്ക്കാര ശുശ്രൂഷയിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പറഞ്ഞു.

പുതിയ വീടെന്ന സ്വപ്നം സഫലമാകും മുമ്പേയായിരുന്നു മത്തായി മാഷിന്റെ അകാല വിയോഗം. അൽഫോൻസാ ദേവാലയത്തിനു സമീപത്തായി നിർമിക്കുന്ന വീടു പണി പൂർത്തിയായി വരുന്നതേ ഉണ്ടായിരുന്നുള്ളു. ജ്യേഷ്ഠന്റെ ഓർമ്മയ്ക്കായി മഞ്ഞച്ചീളിയിലെ മാതാവിന്റെ ഗ്രോട്ടോ നവീകരിച്ചത് മത്തായി മാഷായിരുന്നു.

‘അന്ന് കനത്ത മഴ പെയ്തിരുന്നു. മഞ്ഞച്ചീളിയിൽ ഉരുൾപൊട്ടലുണ്ടായെന്നും അവിടുത്തെ ആളുകളെ മാറ്റിപാർപ്പിക്കണമെന്നും വാട്സാപ്പ് ഗ്രൂപ്പുകളിൽ സന്ദേശങ്ങൾ വന്നു കൊണ്ടിരുന്നു. അടുത്തുള്ളവർ വേണ്ട സഹായം ചെയ്യണമെന്നും വിലങ്ങാടു നിന്നുള്ളവർക്ക് അങ്ങോട്ട് എത്തിപ്പെടാൻ കഴിയുന്നില്ലെന്നും വാട്സാപ്പിലൂടെ അറിഞ്ഞു. അതോടെയാണ് ഞങ്ങൾ അങ്ങോട്ടേക്ക് പോകുന്നത്. ഞങ്ങൾ അവിടെ എത്തി, കുറച്ചു കഴിഞ്ഞപ്പോഴേക്കും വീണ്ടും ഉരുൾപൊട്ടി. എല്ലാവരും ചിതറിയോടി. പക്ഷെ, മാഷ് മാത്രം ഒറ്റപ്പെട്ടുപോയി. മാഷിനെ രക്ഷിക്കാൻ ഞങ്ങൾ പരമാവധി ശ്രമിച്ചു നോക്കി. പക്ഷെ, വിജയിച്ചില്ല. അപ്പോഴേക്കും അടുത്ത ഉരുൾ എത്തി. മാഷ് നിന്ന കടയടക്കം ആ പ്രദേശമൊന്നാകെ ആ ഉരുളിൽ തകർന്നു. നാടിനു വേണ്ടിയാണ് മാത്യു മാഷ് രക്തസാക്ഷിയായത്.’ അവസാന നിമിഷങ്ങളിൽ മാത്യു മാഷിനൊപ്പമുണ്ടായിരുന്ന അയൽവാസിയും അധ്യാപകനുമായ ഷിൻസ് നെടുംതകിടിയേൽ ഓർമിക്കുന്നു. മത്തായി മാഷിനെ കാണാതായ മഞ്ഞച്ചീളിയിൽ നിന്നു രണ്ടു കിലോമീറ്റർ ദൂരെ മാറി, കണിപറമ്പിൽ സ്കറിയായുടെ വീടിനോടു ചേർന്നുള്ള പറമ്പിൽ നിന്നുമാണ് ദിവസങ്ങൾക്കുശേഷം മൃതദേഹം കണ്ടെത്തിയത്. ഉരുൾപൊട്ടലിൽ ഒഴുകി വന്ന മരക്കഷ്ണങ്ങളിലും വള്ളിക്കെട്ടുകളിലും കുടുങ്ങിയ നിലയിലായിരുന്നു.

കുമ്പളച്ചോല ഗവ. എൽപി സ്കൂൾ റിട്ട. ഹെഡ്മാസ്റ്ററാണ്. ഭാര്യ: ഷൈനി. മക്കൾ: അജിൽ, അഖിൽ (ഇരുവരും കാനഡ).

# വിടപറഞ്ഞത് ജനകീയ പുരോഹിതൻ

**2024 ജൂലൈ 29–ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട താമരശ്ശേരി രൂപതാ വൈദികൻ ഫാ. മാത്യു ഓണയാത്തൻകുഴിയെ അനുസ്മരിക്കുന്നു**



ആദ്യകാല കുടിയേറ്റ ജനതയുടെ വേദനകൾ കണ്ടറിയുകയും നേരിട്ട് അനുഭവിക്കുകയും ചെയ്ത് അവരിലൊരാളായാണ് ഫാ. മാത്യു ഓണയാത്തൻകുഴി ജീവിച്ചത്. ഭിന്നിച്ചു നിൽക്കുന്നവരെ ഒന്നിപ്പിച്ചും ശ്രമദാനത്തിലൂടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും അദ്ദേഹം വിശ്വാസികളുടെ ഹൃദയത്തിൽ ഇടം നേടി. വിശ്വാസ സമൂഹം സ്നേഹപൂർവം ജനകീയ പുരോഹിതനെന്ന് അദ്ദേഹത്തെ വിളിച്ചു.

1932 ഒക്ടോബർ 17–ന് കാഞ്ഞിരപ്പള്ളി രൂപതയിലെ പഴയിടം ഇടവകയിൽ ഓണയാത്തൻകുഴി വർക്കി ജോസഫ്–ഏലി ഉണ്ണിച്ചെറിയത് ദമ്പതികളുടെ ഏഴുമക്കളിൽ അഞ്ചാമനായാണ് ജനനം. അഞ്ചു വയസുള്ളപ്പോൾ പിതാവ് മരിച്ചു. പാലാ സെന്റ് തോമസ് കോളജിൽ നിന്ന് ഇന്റർ മീഡിയറ്റ് പാസായി. തലശേരി രൂപതയ്ക്കുവേണ്ടി പാലായിലെ കുമ്മണ്ണൂർ മൈനർ സെമിനാരിയിൽ വൈദിക വിദ്യാർഥിയായി ചേർന്നു. ആലുവ സെന്റ് ജോസഫ്സ് മേജർ സെമിനാരിയിൽ പഠനം പൂർത്തിയാക്കി. 1964 മാർച്ച് പതിമൂന്നിന് തലശേരി രൂപതാധ്യക്ഷൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയിൽ നിന്നാണ് വൈദിക പട്ടം സ്വീകരിച്ചത്. പെരുവണ്ണാമൂഴി ഇടവക വികാരിയായും കുളത്തുവയൽ ഇടവക അസി. വികാരിയുമായി ആദ്യ നിയമനം. 1964–ൽ ഇടവകയായി ഉയർത്തപ്പെട്ട പെരുവണ്ണാമൂഴിയിൽ വൈദിക മന്ദിരമുണ്ടാക്കാൻ അച്ചൻ നേതൃത്വം നൽകി. പെരുവണ്ണാമൂഴി അണക്കെട്ട് നിർമിക്കാൻ ഭൂമി ഏറ്റെടുത്തപ്പോൾ കിടപ്പാടവും സ്ഥലവും നഷ്ടപ്പെട്ടവർക്ക് അർഹമായ നഷ്ടപരിഹാരം ലഭിക്കുന്നതിനു മുന്നിൽനിന്നു പ്രവർത്തിച്ചത് അച്ചനായിരുന്നു.

തലശേരി അതിരൂപതയിലെ പൈസക്കരി, ചെറുപുഴ, നെല്ലിക്കാംപൊയിൽ, വിമലശേരി, വെള്ളരിക്കുണ്ട്, താമരശേരി രൂപതയിലെ പന്തല്ലൂർ, കാളികാവ്, ഈരൂട്, തേക്കുംകുറ്റി, പശുക്കടവ്, കാറ്റുള്ളമല, കക്കയം, കട്ടിപ്പാറ എന്നീ ഇടവകകളിൽ അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

നെല്ലിക്കാംപൊയിൽ വികാരിയായിരിക്കെ ക്ഷീര കർഷക സഹകരണ സംഘം ആരംഭിക്കാൻ നേതൃത്വം നൽകി. പശുക്കടവ് ഇടവകയിൽ 82 പുതിയ കല്ലറകൾ പണിതു. പ്രദേശത്ത് കൊക്കോകൃഷി പ്രോത്സാഹിപ്പിച്ചു. കട്ടിപ്പാറ ഹയർ സെക്കൻഡറി സ്കൂൾ സ്ഥാപിച്ചത് ഫാ. മാത്യു ഓണയാത്തൻകുഴിയുടെ നേതൃത്വത്തിലാണ്. പുന്നക്കൽ ഇടവകയിൽ പതിനാലുമുറി ഷോപ്പിംഗ് കോംപ്ലക്സ് നിർമിച്ചു. കാളികാവ് വികാരിയായിരിക്കെയാണ് വൈദിക മന്ദിരം പണിയിച്ചത്. അടക്കാകുണ്ടിൽ കുരിശുപള്ളിയും പള്ളിമുറിയും പണിതു. ഈരൂടിൽ ഇരുപതേക്കർ സ്ഥലത്ത് റബ്ബർ, കമുക്, തെങ്ങ്, കുരുമുളക് തുടങ്ങിയ കൃഷികൾ ആരംഭിക്കുന്നതിനു നേതൃത്വം നൽകി. കക്കയത്ത് സൺഡേ സ്കൂൾ കെട്ടിടം പണിയിച്ചു.

എൺപതാം വയസിൽ കട്ടിപ്പാറ ഇടവകയിൽ നിന്നു വിരമിച്ച ശേഷം കോഴിക്കോട് മേരിക്കുന്നുള്ള ഗുഡ്ഷെപ്പേഡ് പ്രീസ്റ്റ്ഹോമിൽ വിശ്രമജീവിതം നയിച്ചു വരികയായിരുന്നു. ‘മായാത്ത മഷിത്തുള്ളികൾ’, ‘ചിന്താരത്നങ്ങൾ’ എന്നീ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു.

# പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് യോജന

## പദ്ധതി പരിചയം



**ഡോ. ഹിമ സുബിൻ കൂനംതടത്തിൽ**

**സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷുറൻസ് ഈ പദ്ധതി ഉറപ്പു തരുന്നു. ഇന്ത്യൻ ജനസംഖ്യയുടെ ഏതാണ്ട് 50 ശതമാനത്തിൽ അധികം ഇതിന് യോഗ്യരാണ്.**

സാധാരണ കുടുംബങ്ങൾ വലിയ സാമ്പത്തിക ബാധ്യതയിലേക്ക് വഴുതിവീഴുന്നത് അപ്രതീക്ഷിത രോഗങ്ങളും അവ മൂലം ഉണ്ടാകുന്ന ഭീമമായ ചികിത്സാ ചിലവുകളും മൂലമാണ്.

ഇത്തരം അപ്രതീക്ഷിത സാഹചര്യങ്ങളെ നേരിടാൻ ഉത്തമ മാർഗ്ഗമാണ് ഇൻഷുറൻസ്. എന്നാൽ സ്വകാര്യ ഇൻഷുറൻസ് കമ്പനികളുടെ കനത്ത പ്രീമിയം തുക താങ്ങാനുള്ള ശേഷി സാധാരണ കുടുംബങ്ങൾക്കില്ല. അവിടെയാണ് കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് യോജനയുടെ പ്രാധാന്യമേറുന്നത്.

2018–ൽ ആരംഭിച്ച, നിലവിൽ 50 കോടിയിലധികം ഉപയോക്താക്കൾ ഉള്ള ഈ പദ്ധതി സർക്കാർ മേഖലയിലുള്ള ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ പരിരക്ഷാ പദ്ധതിയാണ്.

രാജ്യത്തെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷുറൻസ് ഈ പദ്ധതി ഉറപ്പു തരുന്നു. ഇന്ത്യൻ ജനസംഖ്യയുടെ ഏതാണ്ട് 50 ശതമാനത്തിൽ അധികം ഇതിന് യോഗ്യരാണ്.



ഒരു കുടുംബത്തിന് അഞ്ച് ലക്ഷം രൂപ വരെ ഇൻഷുറൻസ് കവറേജ് സർക്കാർ ആശുപത്രികളിലും എംപാനൽഡ് സ്വകാര്യ ആശുപത്രികളിലും ലഭ്യമാകും. മാത്രമല്ല ക്യാഷ് ലെസ്സ്, പേപ്പർലെസ് പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഭാഗമാകാൻ മറ്റ് ഇൻഷുറൻസ് പദ്ധതികളെ പോലെ പ്രായ പരിധിയില്ല.

മാത്രമല്ല 3 ദിവസ പ്രീ ഹോസ്പിറ്റലൈസേഷൻ, 15 ദിവസ പോസ്റ്റ് ഹോസ്പിറ്റലൈസേഷൻ ചെലവുകളും 1500–ഓളം പരിശോധനകളും ഇൻഷൂറൻസ് കവർ ചെയ്യുന്നു. രാജ്യത്ത് എവിടെയും ഈ പദ്ധതി ഉപയോഗപ്പെടുത്തി ചികിത്സ നേടാം.

ഈ പദ്ധതിയിൽ അംഗമാകാൻ www merapmjdy.gov.in സന്ദർശിക്കുക അല്ലെങ്കിൽ അക്ഷയ കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്.

ഉപയോക്താക്കൾക്ക് ആയുഷ്മാൻ കാർഡ് ആയുഷ്മാൻ ആപ്പ് വഴി ഡൗൺലോഡ് ചെയ്യാം.

രാജ്യത്തെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന ഈ ബൃഹത് പദ്ധതിയിൽ അംഗമാകുന്നത് വഴി കുടുംബങ്ങളുടെ ചികിത്സ ഭാരം ലഘൂകരിക്കാൻ സാധിക്കും.

*(കേന്ദ്ര കൃഷിവകുപ്പിൽ ശാസ്ത്രജ്ഞയാണ് ലേഖിക)*



# വെറ്റിലപ്പാറ സെന്റ് അഗസ്റ്റ്യൻസ് ദേവാലയത്തിൽ വി. അഗസ്തീനോസിന്റെ തിരുനാളും ജൂബിലി സമാപനവും

## ഇടയ സന്ദേശം



'കർത്താവ് ഒരുക്കിയ ദിവസമാണിന്ന് നമുക്ക് സന്തോഷിച്ച് ഉല്ലസിക്കാം' (സങ്കീർത്തനം 118:24). ക്രിസ്തുവിന്റെ ബാല്യകാലം സൂചിപ്പിക്കുന്ന ഒരേയൊരു വിവരണമേ വിശുദ്ധ ഗ്രന്ഥത്തിലുള്ളൂ, അത് ക്രിസ്തു മാതാപിതാക്കളോടൊപ്പം ജെറുസലേം ദേവാലയത്തിൽ തിരുനാളിന് പോകുന്നതാണ്. മാതാപിതാക്കൾ മടങ്ങിയിട്ടും ദൈവാലയത്തിൽ തങ്ങാൻ മാത്രം ആ ദേവാലയം ക്രിസ്തുവിന് അത്രമാത്രം പ്രിയപ്പെട്ടതായിരിക്കണം. തങ്ങളുടെ ദൈവവിശ്വാസത്തിന്റെ ബാലപാഠങ്ങൾക്ക് കുടപിടിച്ച ദേവാലയം എല്ലാവർക്കും പ്രിയപ്പെട്ടതാണ്. വ്യക്തിപരമായി എന്നെ സംബന്ധിച്ച് വിശ്വാസപരിശീലനം നടത്തിയ, പ്രഥമ ദിവ്യബലിയർപ്പിച്ച വെറ്റിലപ്പാറ ദേവാലയവും ആ ഇടവകാ സമൂഹവും ഏറ്റവും പ്രിയപ്പെട്ടതാണ്. അനേകം ജൂബിലിയാഘോഷങ്ങളിൽ പങ്കുചേരാറുണ്ടെങ്കിലും മാതൃഇടവകയുടെ ജൂബിലിയാഘോഷം ഹൃദയത്തോട് ചേർന്നുനിൽക്കുന്നുവെന്ന് സന്തോഷത്തോടെ സൂചിപ്പിക്കട്ടെ. പള്ളിയോട് ചേർന്നുനിന്ന് ജീവിതത്തെ കരുപിടിപ്പിച്ച ഒരു പഴയ തലമുറയാണ് നമുക്കുള്ളത്. ഉള്ളം കലങ്ങിയ നിമിഷങ്ങളിൽ ആ പള്ളിയായിരുന്നു അവരുടെ അഭയം. ഇടവക രൂപം കൊണ്ടിട്ട് 50 വർഷങ്ങൾ പൂർത്തിയാകുമ്പോൾ അത് കൃതജ്ഞതയുടെ ആഘോഷമാണ്. പിന്തിരിഞ്ഞു നോക്കുമ്പോൾ ആത്മീയവും ഭൗതികവുമായ പ്രതിസന്ധിയിലൂടെ കടന്നുപോയതിന്റെ അനുഭവങ്ങളുണ്ടാകാം. പക്ഷേ, അതൊക്കെ ദൈവത്തിലാശ്രയിച്ച് തരണം ചെയ്യാൻ സാധിച്ചതിൽ നമുക്ക് അഭിമാനിക്കാം. ആദ്യ വികാരിയായിരുന്ന ചിറയിലച്ചൻ മുതൽ ഇവിടെ ശുശ്രൂഷയ്ക്കായി എത്തിച്ചേർന്ന വൈദികരോടും സന്യസ്തരോടും ചേർന്നുനിന്ന് കൂട്ടായ്മയും വിശ്വാസവും പരിപോഷിപ്പിച്ച നമുക്ക് കൂടുതൽ കരുത്തോടെ മുൻപോട്ട് പോകാം. സഭാതലവനായ അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിനോടൊപ്പം ജൂബിലി സമാപന ആഘോഷങ്ങളിൽ നമുക്കെല്ലാവർക്കും പങ്കുചേരാം. ജൂബിലി ആഘോഷങ്ങൾക്കു നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട വികാരി ജോസഫ് വടക്കേൽ അച്ചനും ഇടവക സമൂഹത്തിലെ എല്ലാവർക്കും ജൂബിലിയുടെ ആശംസകൾ നേരുന്നു.

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
(താമരശ്ശേരി രൂപത മെത്രാൻ)




## ജൂബിലി സമാപനം

| 2024 സെപ്റ്റംബർ 06 വെള്ളി | | |
|---|---|---|
| 04.30 pm | : | അഭിവന്ദ്യ പിതാക്കന്മാർക്ക് സ്വീകരണം |
| 05.00 pm | : | ആഘോഷമായ വിശുദ്ധ കുർബാന<br>മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ |
| 07.00 pm | : | സമാപന സംഗമം, ആദരിക്കൽ |
| 07.30 pm | : | സ്നേഹവിരുന്ന് |

## അനുഗ്രഹത്തിന്റെ 50 വർഷങ്ങൾ...

കോട്ടയം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് വെറ്റിലപ്പാറയിലേക്ക് കുടിയേറ്റം ആരംഭിച്ചത് 1959–ലാണ്. സി. എ. പോൾ ഇഞ്ചനാനിയിൽ, സ്കറിയ ചേനാപറമ്പിൽകുന്നേൽ, ആന്റണി കോഴിക്കുന്നേൽ എന്നിവരാണ് വെറ്റിലപ്പാറയിലെ ആദ്യകാല കുടിയേറ്റക്കാർ.

പണം കൊടുത്തു വാങ്ങിയ ഭൂമിയിൽ കാട് വെട്ടി കൃഷി ആരംഭിച്ചപ്പോൾ ഷെഡ്ഡുകൾ കെട്ടി താമസവും തുടങ്ങി. ഇക്കാലത്ത് ആധ്യാത്മിക കാര്യങ്ങളുടെ ആശ്രയം കൂടരഞ്ഞി ദേവാലയവും പിന്നീട് തോട്ടുമുക്കം ദേവാലയവുമായിരുന്നു. താൽക്കാലികമായി ഒരുക്കിയ ഷെഡ്ഡിൽ 1969 മുതൽ എല്ലാ ഞായറാഴ്ചകളിലും തോട്ടുമുക്കത്തു നിന്ന് ജോസഫ് മാമ്പുഴ അച്ചനും, പിന്നീട് ജോർജ് തെക്കഞ്ചേരി അച്ചനും വി. കുർബാന അർപ്പിക്കുവാൻ വന്നു തുടങ്ങി.

ഇടവക ദേവാലയത്തിനായി ഇഞ്ചനാനിയിൽ പോളിന്റെ നേതൃത്വത്തിൽ സ്ഥലം സജ്ജമാക്കിയപ്പോൾ 1974–ൽ തലശ്ശേരി രൂപതയുടെ കീഴിൽ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് വിശുദ്ധ അഗസ്റ്റിന്റെ നാമധേയത്തിൽ, ഇവിടെയുണ്ടായിരുന്ന 60 കുടുംബങ്ങളെ ഉൾപ്പെടുത്തി ഒരു ഇടവക സ്ഥാപിച്ച് പ്രഥമ വികാരിയായി ഫാ. ജോർജ് ചിറയിലിനെ നിയമിച്ചു. ഏഴു വർഷത്തെ അദ്ദേഹത്തിന്റെ നേതൃത്വം ഇടവകയുടെ വളർച്ചയിൽ മായാത്ത മുദ്ര പതിക്കുന്നതാണ്.

ഇടവക ദേവാലയം, ഹോളിക്രോസ് കോൺവെന്റ്, ഓടക്കയം കുരിശുപള്ളി, ആദ്യ ദേവാലയം സ്ഥിതി ചെയ്തിരുന്ന അങ്ങാടിയിൽ പടുത്തുയർത്തിയ കുരിശുപള്ളി, ഷോപ്പിങ് കോംപ്ലക്സ്, മനോഹരമായ സെമിത്തേരി എന്നിവ ഇടവകയുടെ വളർച്ചയിലെ നാഴികക്കല്ലാണ്. അതോടൊപ്പം അടിസ്ഥാന സൗകര്യങ്ങളായ റോഡ്, സ്കൂൾ, ആശുപത്രി, പോസ്റ്റ് ഓഫീസ്, ബാങ്ക്, വൈദ്യുതി എന്നിവ വെറ്റിലപ്പാറയിൽ സ്ഥാപിതമായതിനു പിന്നിലുള്ള പ്രിയങ്കരരായ മുൻ വികാരി അച്ചന്മാരുടെ നേതൃത്വത്തെയും കുടിയേറ്റ കാരണവൻമാരുടെ അശ്രാന്ത പരിശ്രമത്തേയും നന്ദിയോടെ സ്മരിക്കുന്നു.

ഇടവക രൂപീകരണത്തിന്റെ ജൂബിലി ഇടവകയുടെ 15–ാം വികാരിയായ ജോസഫ് വടക്കേൽ അച്ചന്റെ നേതൃത്വത്തിൽ 2023 ഓഗസ്റ്റ് 28–ന് അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. ജൂബിലിയോടനുബന്ധിച്ച് ബഥാനിയായിലേക്ക് ജൂബിലി പ്രഘോഷണ റാലി, ജപമാല സമർപ്പണം, വൈദിക സന്യസ്ത സംഗമം, വയോജനസംഗമം, മതാധ്യാപക സംഗമം, കൈക്കാരന്മാരുടെയും അക്കൗണ്ടന്റുമാരുടെയും സംഗമം, യുവജന സംഗമം, ജൂബിലി ഭവന നിർമാണം, കരുതൽ എന്ന പേരിൽ എല്ലാ മാസവും 10,000 രൂപയുടെ ഭക്ഷ്യക്കിറ്റ് വിതരണം, അമ്മമാരുടെ 14 ദേവാലയങ്ങളിലൂടെയുള്ള കുരിശിന്റെ വഴി, കുട്ടികളുടെ തീർത്ഥാടനം, വിവാഹത്തിന്റെ 25, 50 ജൂബിലേറിയന്മാരെ ആദരിക്കൽ എന്നിവ ഈ ജൂബിലി വർഷത്തിൽ നടത്തിയ പ്രവർത്തനങ്ങളാണ്.

## കൃപയുടെ വീഥിയിൽ



*ഈശോയിൽ പ്രിയപ്പെട്ടവരെ,*

'മരണത്തിന്റെ നിഴൽ വീണ താഴ്വരയിലൂടെയാണ് നടക്കുന്നതെങ്കിലും കർത്താവ് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല' എന്ന സങ്കീർത്തന വചനം അന്വർഥമാക്കുന്നതാണ് കുടിയേറ്റ ജനതയുടെ ജീവിതം. വറുതിയുടെ നാളുകളിൽ കർത്താവിന്റെ കരം പിടിച്ച് അതിജീവനത്തിന്റെ പുതുചരിത്രമെഴുതിയവർ, കൂട്ടായ്മയുടെ പര്യായമെന്നവണ്ണം ഈ മണ്ണിൽ ഒരു ഇടവകയ്ക്ക് രൂപം കൊടുത്തിട്ട് 50 സുവർണ്ണ വർഷങ്ങൾ പൂർത്തിയാവുകയാണ്. തിരിഞ്ഞു നോക്കുമ്പോൾ അത്ഭുതാവഹമെന്നു തോന്നുന്ന ആ യാത്രയിൽ ദൈവത്തിന്റെ രക്ഷാകരങ്ങളുണ്ടായിരുന്നുവെന്നത് സുനിശ്ചിതം. അനുഗ്രഹത്തിന്റെ കഴിഞ്ഞ നാളുകൾ കൃതജ്ഞതയോടെ ഓർത്തെടുക്കാൻ നമുക്കൊത്തുചേരാം.

ഇടവക മധ്യസ്ഥനായ വിശുദ്ധ അഗസ്തീനോസിന്റെ തിരുനാളിന് കോഴിക്കോട് രൂപതാധ്യക്ഷൻ **റൈറ്റ്. റവ. ഡോ. വർഗീസ് ചക്കാലയ്ക്കൽ** പിതാവും ജൂബിലി സമാപന ആഘോഷങ്ങൾക്ക് സഭാ തലവനായ **മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ** പിതാവിന്റെ അനുഗ്രഹ സാന്നിധ്യത്തിൽ ഇടവകാംഗമായ രൂപതാധ്യക്ഷൻ **മാർ റെമീജിയോസ് ഇഞ്ചനാനിയിൽ** പിതാവും പങ്കുചേരുന്നു. ഭക്തിസാന്ദ്രമായ ഈ കൂട്ടായ്മയിൽ ഒത്തുചേർന്ന് ദൈവത്തിന് നന്ദി പറയാൻ ഏവരെയും സ്വാഗതം ചെയ്യുന്നു.

**ഫാ. ജോസഫ് (അരുൺ) വടക്കേൽ**
(വികാരി)

**സുവർണ്ണ ജൂബിലി ആഘോഷ സമാപന പരിപാടികൾ വേവ്സ് മീഡിയ യുട്യൂബ് ചാനലിൽ 2024 സെപ്റ്റംബർ 6–ന് വൈകുന്നേരം 04.30 മുതൽ തൽസമയം കാണാവുന്നതാണ്**

വെറ്റിലപ്പാറ ഇടവകയുടെ ഒരു വർഷം നീണ്ടുനിന്ന സുവർണ്ണ ജൂബിലി ആഘോഷ പരിപാടികളെക്കുറിച്ച് വായിക്കുവാൻ QR കോഡ് സ്കാൻ ചെയ്യൂ

# ALPHONSA ENGLISH MEDIUM SCHOOL

## THAMARASSERY

(Senior Secondary - Residential)

*Affiliated to C. B. S. E. New Delhi. Run by the Diocese of Thamarassery.*

## *An Achiever All the Way*

Moulding and Grooming Generations Since 1992



**100%** Pass in Board Exams

OUR PATRON



Mar Remigiose Inchananiyil
Bishop of Thamarassery

### *Streams in Senior Secondary:*

***Stream 1:***
*English, Physics, Chemistry, Mathematics & Biology.*

***Stream 2:***
*English, Physics, Chemistry, Mathematics & Computer Science.*



## *Our Alumni*

AISSCE- 2024



Joseph George
IIT Kharagpur



Basil
IIT Bombay



KERALA RANK 1

ARYA R.S.
NEET(UG)-2023

- Opportunities to nurture innate talents.
- Value based education.
- Student counselling by professional counsellors.
- Social outreach programmes.
- Large playground & children's park.
- Well equipped science & computer labs.
- Well stocked library with 200 seats.
- Digital classrooms.
- Hostels for boys & girls.





☎ 0495 2223040, ✆ 8848186993

www.alphonsatsy.com | ✉ alphonsatsy@gmail.com

*FOR ADMISSIONS: APPLY ONLINE @ alphonsatsy.com*


മലബാർ വിഷൻ

Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Roni Paul Kavil